# പതിനഞ്ചാം കേരള നിയമസഭ

# പത്താം സമ്മേളനം

2024 ഫെബ്രുവരി 12, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--461]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 2044 മുതൽ 2219 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 2220 മുതൽ 2346 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 2347 മുതൽ 2392 വരെ |
| തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി | : 2393 മുതൽ 2504 വരെ |

## വിവിധ വകുപ്പുകളിൽ നിർത്തലാക്കിയ തസ്തികകൾ

2044 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023 ഡിസംബർ 31 വരെ എത്ര തസ്തികകൾ ഏതെല്ലാം വകുപ്പുകളിൽ നിർത്തലാക്കിയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) മേല്പറഞ്ഞ കാലയളവിൽ ഗവ.സെക്രട്ടേറിയറ്റിൽ മാത്രം ഏതെല്ലാം തസ്തികകൾ എത്ര എണ്ണം വീതം നിർത്തലാക്കിയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം സാഹചര്യത്തിലാണ് ഈ തസ്തികകൾ നിർത്തലാക്കിയത്; വിശദാംശം ലഭ്യമാക്കുമോ?

## സുസ്ഥിര വികസനമേഖലയിൽ കേരള മോഡൽ വികസനം

2045 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര വികസനം ലക്ഷ്യമിട്ട് സംസ്ഥാനം കൈവരിച്ച പ്രധാന നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) സുസ്ഥിര വികസനത്തിന്റെ കേരള മോഡൽ രാജ്യത്ത് മാതൃകയാക്കേണ്ടതാണെന്ന് നീതി ആയോഗ് ഉപാദ്ധ്യക്ഷൻ മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ

അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(സി) 2016 മുതൽ സുസ്ഥിര വികസനം ലക്ഷ്യം വച്ചുകൊണ്ട് കിഫ്ബി വഴി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വൻകിട പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ വായ്പാ പരിധി വെട്ടിക്കുറച്ചതും കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതും മൂലം ഉണ്ടാകുന്ന സാമ്പത്തിക ഞെരുക്കം സുസ്ഥിര വികസനമേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ കേന്ദ്രസർക്കാരിന്റെ നയവൈകല്യം മൂലം സംസ്ഥാനത്തെ സുസ്ഥിര വികസനമേഖലയിൽ തിരിച്ചുപോക്ക് ഉണ്ടാകാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>നവകേരള സദസ്സിന്റെ ഭാഗമായി പൊളിച്ച മതിലുകളും പ്രവേശന കവാടങ്ങളും പൂർവ്വസ്ഥിതിയിലാക്കാൻ നടപടി</u>

2046 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര പൊതുസ്ഥാപനങ്ങളുടെ മതിലുകളും പ്രവേശന കവാടങ്ങളും പൊളിച്ചു; അവ ഏതെല്ലാം; പ്രസ്തുത ആവശ്യത്തിന് ചെലവഴിച്ച തുക എത്ര; ഫണ്ട് എങ്ങനെ കണ്ടെത്തി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം പൊളിച്ച മതിലുകളും പ്രവേശനകവാടങ്ങളും പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; പൂർവ്വസ്ഥിതിയിലാക്കാത്തവ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(സി) പൂർവ്വസ്ഥിതിയിലാക്കാൻ ഏത് ഫണ്ടിൽ നിന്നാണ് പണം വിനിയോഗിച്ചത്; പൊളിക്കാനും പുനർനിർമ്മാണത്തിനുമായി ആകെ ചെലവഴിച്ച തുക എത്ര; വിശദമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ എത്ര മതിലുകളും കവാടങ്ങളും പൊളിച്ചു; അവയുടെ പേരും വിവരവും ലഭ്യമാക്കാമോ; ഇതിനായി ചെലവഴിച്ച തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ?

## <u>ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിലെ പുരോഗതി</u>

2047 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇനിയും ഏറ്റെടുക്കാൻ എത്ര ഭൂമിയുണ്ടെന്നും ഇത് എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ; ദേശീയ പാതയിൽ എത്ര റീച്ചുകളിൽ ഇപ്പോൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും എത്ര ശതമാനം പ്രവൃത്തി പുരോഗതി ഉണ്ടായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## <u>മണലൂർ മണ്ഡലത്തിലെ നവകേരള സദസ്സ്</u>

2048 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് നവകേരള സദസ്സുമായി ബന്ധപ്പെട്ട് മണലൂർ മണ്ഡലത്തിൽ ആകെ എത്ര നിവേദനങ്ങളാണ് ലഭിച്ചത്; വ്യക്തമാക്കാമോ;

(ബി) അതിൽ ജില്ലാ തലത്തിൽ പരിഹരിക്കേണ്ടവ എത്രയെണ്ണമാണ്; അവയിൽ എത്രയെണ്ണത്തിന് പരിഹാരം കാണാൻ കഴിഞ്ഞു; വിശദാംശം നൽകുമോ;

(സി) സംസ്ഥാന തലത്തിൽ പരിഹരിക്കേണ്ട നിവേദനങ്ങൾ എത്രയെണ്ണമാണ്; ആയതിൽ എത്രയെണ്ണം പരിഹരിച്ചു; വിശദമാക്കാമോ;

(ഡി) മണലൂർ മണ്ഡലത്തിൽ ലഭിച്ച ആകെ അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട്; അവ എന്നത്തേക്ക് തീർപ്പാക്കാനാകുമെന്ന് അറിയിക്കാമോ?

## ദളിത് ക്രൈസ്തവർക്കുള്ള സംവരണം

2049 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ദളിത് ക്രൈസ്തവരെ സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്നും പ്രസ്തുത റിപ്പോർട്ട് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് സർക്കാർ ഇറക്കിയ ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ദളിത് ക്രൈസ്തവർക്ക് ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംവരണം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## നവകേരള സദസ്സിന്റെ ഭാഗമായി പൊളിച്ച മതിലുകൾ

2050 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര പൊതുസ്ഥാപനങ്ങളുടെ മതിലുകളും പ്രവേശന കവാടങ്ങളും പൊളിച്ചു; അവ ഏതെല്ലാം; പൊളിക്കാൻ ചിലവഴിച്ച തുക എത്ര; ഫണ്ട് എങ്ങിനെ കണ്ടെത്തി; പൊളിച്ചവ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടോ;

(ബി) പൂർവ്വസ്ഥിതിയിലേക്ക് മാറ്റാത്ത സ്ഥാപനങ്ങളുണ്ടെങ്കിൽ അവ ഏതെല്ലാം; പൂർവ്വസ്ഥിതിയിലാക്കാൻ ഏത് ഫണ്ടിൽ നിന്നാണ് പണം വിനിയോഗിച്ചത്; പൊളിക്കാനും പുനർനിർമിക്കാനുമായി ആകെ ചിലവഴിച്ച തുക എത്ര;

(സി) മലപ്പുറം ജില്ലയിൽ മാത്രം എത്ര മതിലുകളും കവാടങ്ങളും പൊളിച്ചു; അവ ഏതെല്ലാമെന്ന് പേരുകളും വിവരങ്ങളും അറിയിക്കാമോ; ജില്ലയിൽ മാത്രം ചിലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## ദേവികുളം മണ്ഡലത്തിലെ നവകേരള സദസ്സ്

2051 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ദേവികുളം മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ; ഇവയിൽ എത്ര അപേക്ഷകളിൽ പരിഹാരമുണ്ടായെന്ന് അറിയിക്കുമോ;

(ബി) ദേവികുളം മണ്ഡലത്തിൽ നവകേരള സദസ്സ് നടത്തിയതിൽ നിന്നും മണ്ഡലത്തിൽ ഏത് വിധത്തിലുള്ള വികസനമാണ് ആവശ്യമായിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ നവകേരള സദസ്സ്

2052 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ നിന്നും നവകേരള സദസ്സിൽ ലഭിച്ച ആകെ പരാതികൾ, ഇവയിൽ തീർപ്പാക്കിയ പരാതികൾ എന്നിവയുടെ വിശദാംശം വകുപ്പുകൾ തിരിച്ച് ലഭ്യമാക്കാമോ?

## നവകേരള സദസ്സിനുള്ള പണം

2053 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിന് ഏതെല്ലാം വിധത്തിലാണ് സർക്കാർ പണം സമാഹരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നീതി ആയോഗ് ഉപാദ്ധ്യക്ഷനുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ച

2054 **ശ്രീ. പി. വി. അൻവർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് ഉപാദ്ധ്യക്ഷനുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ചയിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളിയും അതിനിടയാക്കിയ സാഹചര്യവും സംബന്ധിച്ച് ചർച്ച നടത്താൻ കഴിഞ്ഞിരുന്നുവോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തതും അകാരണമായി വെട്ടിക്കുറയ്ക്കുന്നതും സംസ്ഥാനത്തിന്റെ ക്ഷേമ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം അദ്ദേഹത്തെ ബോധ്യപ്പെടുത്തുന്നതിന് കൂടിക്കാഴ്ച സഹായകമായോ; വിശദമാക്കാമോ;

(സി) സാമൂഹ്യ-പശ്ചാത്തല വികസന മേഖലകളിൽ കേരളം നടത്തുന്ന ഇടപെടലുകളും നടപ്പാക്കുന്ന നൂതന പദ്ധതികളും മാതൃകാപരമാണെന്നും അവ രാജ്യം മാതൃകയാക്കേണ്ടതാണെന്നും കൂടിക്കാഴ്ചയിൽ അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നോ എന്നറിയിക്കുമോ?

## കാഞ്ഞങ്ങാട്-കാണിയൂർ റെയിൽ പാത

2055 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട്-കാണിയൂർ റെയിൽ പാത യാഥാർത്ഥ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാതയുടെ നിർമ്മാണത്തിന് തുക നീക്കിവെച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് പ്രസ്തുത റെയിൽ പാത യാഥാർത്ഥ്യമാക്കാൻ ചർച്ചകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**ഇ-ഓഫീസ് സംവിധാനം**

2056 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ വേഗത്തിലും സുതാര്യമായും നടപ്പിലാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം ഇപ്പോൾ എത്ര വകുപ്പിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഡയറക്ടറേറ്റിൽ നിന്നും സെക്രട്ടേറിയറ്റിലേക്ക് ഇ-ഓഫീസ് മുഖേന ഫയലുകൾ അയയ്ക്കുന്നതിന് ഇപ്പോൾ സാധ്യമാണോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് ഇത് സാധ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

**സർക്കാർ ഓഫീസുകളിലെ നവമാധ്യമങ്ങളുടെ ഉപയോഗം**

2057 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ട്സാപ്പ് പോലുള്ള നവമാധ്യമങ്ങൾ വഴി ഏതെങ്കിലും വകുപ്പിൽ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വകുപ്പുകളിൽ ഒഫീഷ്യൽ ആയി വാട്ട്സാപ്പ് ഗ്രൂപ്പ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സർക്കാർ രേഖകളും റിപ്പോർട്ടുകളും നവമാധ്യമങ്ങൾ വഴി ദുരുപയോഗം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ കത്തിടപാടുകൾ ഔദ്യോഗിക ഈ-മെയിൽ വഴിയല്ലാതെ വാട്ട്സാപ്പ് വഴി നടത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ഫയൽ സമ്പ്രദായം ഡിജിറ്റൽ ആയി മാറിയ ശേഷവും സർക്കാർ ഓഫീസുകളിൽ ബഹുഭൂരിപക്ഷവും, ഫയലുകളുടെയും കത്തുകളുടെയും മറ്റ് പ്രധാന രേഖകളുടെയും ഹാർഡ് കോപ്പി സൂക്ഷിക്കാൻ വേണ്ടി ധാരാളം പേപ്പർ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ഉപയോഗം കുറയ്ക്കാനും കാര്യക്ഷമമായ ബദൽ സമ്പ്രദായം

സ്വീകരിക്കാനും എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(എഫ്) ക്ലാസ് നാല് വിഭാഗം ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർക്ക് ഓഫീസ് സമയം കഴിഞ്ഞ് നിലവിലുള്ള ജോലിക്ക് തടസ്സം വരാതെ വേതനം കൈപ്പറ്റി മറ്റ് ജോലികൾ ചെയ്യാൻ കഴിയും വിധം നിലവിലുള്ള നിയമം ലഘൂകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## സർക്കാർ വകുപ്പുകളിലെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

2058 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിലൂടെ ജീവനക്കാരുടെ ഹാജരും ശമ്പളവും ബന്ധിപ്പിക്കുവാനുള്ള സർക്കാർ നിർദ്ദേശം പാലിച്ച വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സിവിൽ സ്റ്റേഷനുകൾ, മിനിസിവിൽ സ്റ്റേഷനുകൾ സ്വന്തം ഉടമസ്ഥതയിലുള്ള വിവിധ സർക്കാർ വകുപ്പുകളുടെ കെട്ടിടങ്ങൾ എന്നിവയിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം പൂർത്തീകരിക്കാൻ അനുവദിച്ച കാലപരിധി എന്നായിരുന്നു; വിശദമാക്കാമോ;

(സി) ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത് ഇനിയും പൂർത്തീകരിക്കാത്ത ഓഫീസുകളിൽ പ്രസ്തുത ജോലി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് ബയോമെട്രിക് പഞ്ചിങ്ങ് മെഷീനിന് ദൗർലഭ്യം നേരിടുന്നുണ്ടോ; ഇത് സ്ഥാപിക്കാൻ ഏതെങ്കിലും ഏജൻസിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളും നിയമനവും

2059 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ സർക്കാർ ഓഫീസുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളത്;

(ബി) തിരുവനന്തപുരം ജില്ലയിൽ വിവിധ സർക്കാർ ഓഫീസുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന / കോൺട്രാക്ട് അടിസ്ഥാനത്തിൽ / ദിവസവേതന അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്ത് വരുന്നു;

(സി) തിരുവനന്തപുരം ജില്ലയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലെ റാങ്ക് ലിസ്റ്റ് പ്രകാരം ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

## ഫയൽ നീക്കം വേഗത്തിലാക്കാനുള്ള നടപടികൾ

2060 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫയൽ നീക്കം വേഗത്തിലാക്കാനും സുതാര്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എതെല്ലാം വകുപ്പുകളിലാണ് ഇ-ഫയൽ സംവിധാനം നിലവിൽ വന്നിട്ടുള്ളത്; അറിയിക്കാമോ;

(സി) ഇനിയും ഇ-ഫയൽ സംവിധാനത്തിലേക്ക് മാറാത്ത വകുപ്പുകൾ ഏതെല്ലാം; പ്രസ്തുത വകുപ്പുകളെ ഇ-ഫയൽ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

## ആലപ്പുഴ നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ്

2061 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസുമായി ബന്ധപ്പെട്ട് ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും എത്ര നിവേദനങ്ങൾ ലഭിച്ചുവെന്നും ആയതിൽ എത്ര എണ്ണം ഇതിനകം തീർപ്പാക്കി എന്നും വകുപ്പ് തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

## ആരാധനാലയങ്ങളുടെ നിർമ്മാണത്തിനുള്ള അനുവാദം

2062 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുതുക്കി പണിയുന്നതിനുമുള്ള അനുമതി നൽകിയിരുന്നത് ജില്ലാ കളക്ടർമാർ ആയിരുന്നുവോ; വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ അനുമതി ഗ്രാമപഞ്ചായത്തിനും നൽകാം എന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാഹചര്യത്തിൽ എപ്രകാരമായിരിക്കണം അനുവാദം നൽകേണ്ടതെന്ന കൃത്യമായ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദീകരിക്കാമോ;

(ഡി) ഇതിനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും പുതുതായി രൂപീകരിക്കാനോ നിലവിലുള്ളത് ഭേദഗതികൾ വരുത്തുവാനോ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

## അഴീക്കോട് മണ്ഡലത്തിലെ നവകേരള സദസ്സ്

2063 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് അഴീക്കോട് നിയോജകമണ്ഡലത്തിൽ നിന്നും എത്ര പരാതികൾ ലഭിച്ചെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പരാതികളിൽ എത്രയെണ്ണം തീർപ്പാക്കി എന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) ബാക്കിയുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഏതെങ്കിലും അപേക്ഷകൾ നിരസിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

### ഭാഷാ ന്യൂനപക്ഷ സർട്ടിഫിക്കറ്റ്

2064 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഷാ ന്യൂനപക്ഷ സർട്ടിഫിക്കറ്റ് (ലിൻഗ്വിസ്റ്റിക് മൈനോറിറ്റി സർട്ടിഫിക്കറ്റ്) നൽകുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന ഹരിപ്പാട് മേഖലാ അവലോകനയോഗം

2065 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന മേഖലാ അവലോകനയോഗങ്ങളിൽ ഹരിപ്പാട് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പ്രശ്നങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത് അല്ലെങ്കിൽ വിലയിരുത്തിയിട്ടുള്ളത് എന്നത് വ്യക്തമാക്കാമോ; ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

### നവകേരള സദസ്സിലൂടെ ലഭിച്ച പരാതികൾ

2066 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ നവകേരള സദസ്സിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര പരാതികൾ തീർപ്പാക്കിയെന്നും, ബാക്കിയുള്ളവ തീർപ്പാക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

### മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം

2067 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ശിവഗിരി മഠത്തിലെ നമുക്ക് ജാതിയില്ല വിളംബര സ്മാരക മ്യൂസിയത്തിന്റെയും ശിവഗിരി തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിടുന്ന സാങ്കേതിക തടസ്സം നീക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് 21.1.2021 ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന

യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്; ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## കേരളീയം 2023ലെ സെമിനാറുകൾ

2068 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയം 2023-മായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളെ അധികരിച്ച് എത്ര സെമിനാറുകളാണ് സംഘടിപ്പിച്ചിരുന്നത്;

(ബി) ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വിവിധ സെമിനാറുകളിൽ എത്തിച്ചേർന്ന വിദഗ്ധരുടെ സാന്നിധ്യം ഓരോ സെമിനാറിനേയും സമ്പന്നമാക്കിയിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) സെമിനാറുകളിലേയ്ക്ക് എത്ര പ്രതിനിധികളെയാണ് പ്രതീക്ഷിച്ചിരുന്നതെന്നും അതിൽ എത്ര പേർ പങ്കെടുത്തുവെന്നും വ്യക്തമാക്കുമോ?

## മട്ടന്നൂർ നിയോജക മണ്ഡലത്തിലെ നവകേരള സദസ്സ്

2069 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവകേരള സദസ്സിന്റെ ഭാഗമായി മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ വേഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് വേണ്ടി എടുത്ത നടപടിക്രമങ്ങൾ വിശദമാക്കാമോ?

## ചിറയിൻകീഴ് മണ്ഡലത്തിലെ നവകേരള സദസ്സ്

2070 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ ചിറയിൻകീഴ് മണ്ഡലത്തിൽ നിന്ന് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്രയെണ്ണം ഇതിനോടകം തീർപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## റീബിൽഡ് കേരള പദ്ധതി

2071 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും നിർമ്മാണ പുരോഗതിയും വ്യക്തമാക്കുമോ?

## കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

2072 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മേജർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഡി.പി.ആർ. പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ വിശദാംശം ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## <u>ഇടുക്കി പാക്കേജ്</u>

2073 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ വികസനത്തിനായുള്ള ഇടുക്കി പാക്കേജിൽ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളുടെയും പൂർത്തീകരിച്ച പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(സി) ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) എത്ര വർഷത്തിനുള്ളിൽ പ്രസ്തുത പാക്കേജ് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി ഈ വർഷം ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## <u>കാസർഗോഡ് വികസന പാക്കേജിൽ ചെലവഴിച്ച തുക</u>

2074 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വികസന പാക്കേജിൽ നിന്നും 2017 മുതൽ 2023 വരെയുള്ള വർഷങ്ങളിൽ ജില്ലയിലെ 5 മണ്ഡലങ്ങൾക്കായി ചെലവഴിച്ച തുക മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത വികസന പാക്കേജിൽ ഉദ്യോഗസ്ഥ തലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>മലമ്പുഴ മണ്ഡലത്തിലെ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി</u>

2075 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ

വിശദമാക്കുമോ?

**റീ ബിൽഡ് കേരള**

2076 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതിയും ചെലവഴിക്കുന്ന തുകയും നിർവ്വഹണ ഏജൻസി ഏതാണെന്നുമുള്ള വിവരവും ലഭ്യമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ റീ ബിൽഡ് കേരള പദ്ധതി**

2077 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

2078 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെ; ഇതിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാനുള്ളവയുടെയും വിശദാംശം ലഭ്യമാക്കാമോ?

**കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ**

2079 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ 56 വയസ്സ് കഴിഞ്ഞ രണ്ട് ശാസ്ത്രജ്ഞരുടെ സേവന കാലാവധി നീട്ടി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 56 വയസ്സ് കഴിഞ്ഞവർക്ക് കാലാവധി നീട്ടി നൽകുമ്പോൾ എക്സ്റ്റേണൽ എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലായിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ ഇവരുടെ കാലാവധി നീട്ടി നൽകിയത് പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ എന്ന് വിശദമാക്കാമോ;

(സി) 2022 ൽ വിരമിച്ച 2 ശാസ്ത്രജ്ഞരുടെ പ്രവർത്തന മികവ് പരിശോധിച്ച് അവർക്ക് സേവന കാലാവധി നീട്ടി നൽകാതിരുന്നതിന്റെ കാരണം വിശദമാക്കാമോ?

**പുളിക്കൽ ഗ്രാമ പഞ്ചായത്തിലെ പ്ലാസ്റ്റിക് കംപ്രസ്സിംഗ് യൂണിറ്റ്**

2080 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമ പഞ്ചായത്തിൽ പതിനാലാം വാർഡിലെ അമൻ സ്റ്റീൽ ഒ പ്ലാസ്റ്റ് എന്ന പേരിൽ ഒരു വേസ്റ്റ് പ്ലാസ്റ്റിക് കംപ്രസ്സിംഗ് യൂണിറ്റ് പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനവാസ മേഖലയിൽ പ്രവർത്തിക്കുന്ന ഓറഞ്ച് കാറ്റഗറിയിൽപ്പെട്ട പ്രസ്തുത സ്ഥാപനത്തിൽ വൻതോതിലുള്ള ഉൽപാദനം സാധ്യമല്ല എന്നും അതിനാൽ പ്രതിദിന ഉൽപാദനം 100 കിലോഗ്രാമിൽ തന്നെ നിലനിർത്തണമെന്നും 23-10-2020-ലെ പിസിബി/എംഎപിഎം/സിഇഎംപി/ജിഇആർ ആന്റ്എഎംറ്റി/181/2020 എന്ന നമ്പർ കത്തിൽ പി.സി.ബി. യുടെ മലപ്പുറം യൂണിറ്റിലെ എൻവയോൺമെന്റ് എൻജിനീയർ കമ്പനി ഉടമയോട് ആവശ്യപ്പെട്ടിരുന്നോ;

(സി) എങ്കിൽ പ്രസ്തുത കമ്പനിക്ക് ഇപ്പോൾ പ്രതിദിനം 2000 കിലോ പ്ലാസ്റ്റിക് പി.ഇ.റ്റി. കുപ്പികൾ കംപ്രസ് ചെയ്യുന്നതിന് അനുമതിയുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത അനുമതി നൽകിയത്;

(ഡി) ഒരു പ്ലാസ്റ്റിക് ബോട്ടിലിന്റെ ശരാശരി തൂക്കം 15 ഗ്രാം എന്നാണെന്നിരിക്കെ 2000 കിലോ കംപ്രസ്സ് ചെയ്യുമ്പോൾ പ്രതിദിനം ഒരു ലക്ഷത്തി മുപ്പതിനായിരം കുപ്പികളാണ് പ്രോസസ് ചെയ്യുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഉഗ്രശക്തിയുള്ള കീടനാശിനി കുപ്പികൾ, കാലാവധി കഴിഞ്ഞ അലോപ്പതി മരുന്ന് കുപ്പികൾ, പലവിധ വിഷ ദ്രാവകങ്ങൾ അടങ്ങിയ കുപ്പികൾ, ആശുപത്രികളിൽ നിന്നും ഒഴിവാക്കുന്ന മരുന്ന കുപ്പികൾ എന്നിവ കൂടാതെ മനുഷ്യന്റെ ആരോഗ്യത്തിനും ജീവനും ഹാനികരമായ ഒട്ടേറെ വസ്തുക്കൾ അടങ്ങിയ കുപ്പികളും നിത്യേന അവിടെ പ്രോസസ് ചെയ്യുന്നവയിൽ ഉൾപ്പെടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ മുകളിൽ പരാമർശിച്ച കത്തിലെ നിർദ്ദേശപ്രകാരമാണോ പ്രസ്തുത കമ്പനിയുടെ പ്രവർത്തനം എന്ന് വ്യക്തമാക്കുമോ; പരിസരവാസികളെ ഇത് ഏതൊക്കെ വിധത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>ഫോറൻസിക് ലബോറട്ടറികളിൽ നിന്നുള്ള റിപ്പോർട്ടുകൾ</u>

2081 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ, സ്റ്റേറ്റ്, റീജിയണൽ ഫോറൻസിക് ലബോറട്ടറികളിൽ നിന്നും നാളിതു വരെ റിപ്പോർട്ട് നൽകാൻ ബാക്കിയുള്ള കേസുകളുടെ വിവരങ്ങൾ അറിയിക്കുമോ;

(ബി) അടിയന്തരമായി റിപ്പോർട്ട് ലഭിക്കേണ്ട വിഷയങ്ങളിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) സമയബന്ധിതമായി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനായി എത്ര സയന്റിഫിക് ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി

2082 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ ജോലി ഭാരം സംബന്ധിച്ചും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചും ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ വർക്ക് സ്റ്റഡി റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വർക്ക് സ്റ്റഡി സിറ്റിംഗുകൾ കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാവും എന്നറിയിക്കാമോ;

(ബി) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ രാസ പരിശോധന ലാബുകളിൽ ജോലി ഭാരം കുറയ്ക്കുന്നതിനായി പുതിയ തസ്തികകൾ അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് വകുപ്പിൽനിന്ന് സർക്കാരിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത് എന്നറിയിക്കുമോ;

(സി) കെമിക്കൽ എക്സാമിനേഷൻ വകുപ്പിലെ രാസ പരിശോധന ലാബുകളിൽ 2023 ഡിസംബർ മാസത്തിലെ കണക്ക് അനുസരിച്ച് എത്ര കേസുകളിലായി എത്ര സാമ്പിൾ പരിശോധനക്കായി കെട്ടികിടക്കുന്നുണ്ടെന്ന് അറിയിക്കുമോ; രാസ പരിശോധനയ്ക്കുള്ള സാമ്പിളുകൾ കെട്ടികിടക്കുന്നത് മൂലം വിവിധ ലഹരിവസ്തുക്കളുടെ കേസുകളിൽ കുറ്റവാളികൾക്ക് ജാമ്യം ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; പരിശോധിക്കേണ്ട സാംപിളിന്റെ എണ്ണം അനുസരിച്ച് സയന്റിഫിക് ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി പരിഗണനയിലുണ്ടോ;

(ഡി) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിൽ നിന്നും രാസപരിശോധനാഫലം വൈകുന്നത് സംബന്ധിച്ചുള്ള കോടതി പരാമർശങ്ങളും പത്രവാർത്തകളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ രാസപരിശോധന ലാബുകളിൽ കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും പരിശോധനക്ക് ലഭിച്ച സാമ്പിളിന്റെ എണ്ണം, മുൻ വർഷത്തെ അപേക്ഷിച്ച് സാമ്പിളിൽ വന്ന വർദ്ധനവിന്റെ ശതമാനം, ഓരോ വർഷവും പരിശോധന പൂർത്തിയായതിന്റെ എണ്ണം, പെൻഡിംഗ് സാമ്പിളിന്റെ എണ്ണം, അതത് വർഷങ്ങളിൽ പരിശോധനക്കായി ഉണ്ടായിരുന്ന സയന്റിഫിക് ഓഫീസർമാരുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

## ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ തസ്തിക

2083 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ തസ്തികയിലേക്കുള്ള പുതിയ പി.എസ്.സി. വിജ്ഞാപന പ്രകാരം ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മറ്റു സംസ്ഥാനങ്ങളിൽ ഈ തസ്തികയിലേയ്ക്ക് ഫോറൻസിക് സയൻസ് ബിരുദാനന്തര ബിരുദം നേടിയവരെയും പരിഗണിക്കുന്നതിനാൽ ഇവിടെയും

അതിനനുസൃതമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിൽ റൂൾ ഭേദഗതി ചെയ്യുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മറ്റു യോഗ്യതകൾ ഉള്ളവരെ ഈ തസ്തികയിൽ നിയമിച്ച ശേഷം അവർക്ക് പരിശീലനം നൽകാൻ അയയ്ക്കുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) അടിയന്തരമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(എഫ്) റൂൾ ഭേദഗതി നിലവിൽ വരുന്നത് വരെ ഫോറൻസിക് സയൻസ് ബിരുദാനന്തര ബിരുദ യോഗ്യത ഉള്ളവർക്ക് അവസരം നിഷേധിക്കപ്പെടുമെന്നതിനാൽ നിലവിലെ പി.എസ്.സി. വിജ്ഞാപനം റദ്ദാക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

## <u>പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്</u>

2084 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് കാറ്റഗറി നമ്പർ 657/2017 പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടന്നുവെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ വിരമിക്കൽ, സ്ഥാനകയറ്റം, കെ.സി.പി. ട്രാൻസ്ഫർ, ഡെപ്യൂട്ടേഷൻ, വകുപ്പ് മാറ്റം, എൽ.ഡബ്ല്യു.എ., ജീവനക്കാരുടെ മരണം, റെസിഗ്നേഷൻ, ക്യാമ്പ് ഡ്രോപ്പ് എന്നിവ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഓരോന്നും എത്ര വീതമാണെന്ന് അറിയിക്കുമോ?

## <u>ബയോമെഡിക്കൽ എഞ്ചിനീയർ തസ്തിക</u>

2085 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോമെഡിക്കൽ എഞ്ചിനീയർ തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേനയുള്ള തിരഞ്ഞെടുപ്പിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ബയോമെഡിക്കൽ ബിരുദധാരികൾ, മറ്റു ബിരുദധാരികൾ എന്നിവർക്ക് വെവ്വേറെ ലിസ്റ്റുകളാണോ തയ്യാറാക്കി വരുന്നത്; ഇതുമൂലം ബയോമെഡിക്കൽ ബിരുദധാരികളെക്കാൾ കൂടുതൽ മാർക്ക് കരസ്ഥമാക്കിയ മറ്റ് ബിരുദധാരികൾ ഒഴിവാക്കപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## <u>2024ൽ പ്രതീക്ഷിക്കുന്ന പി.എസ്.സി. നിയമനങ്ങൾ</u>

2086 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024-ൽ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്താനാവുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർ തസ്തിക</u>**

2087 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർ തസ്തികയിലേക്ക്(കാറ്റഗറി നമ്പർ 633/2023) ഇപ്പോൾ ഏതെല്ലാം വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കാണ് അപേക്ഷിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവർക്ക് പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാൻ കഴിയില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് പൂർണ്ണ യോഗ്യതയുണ്ടായിട്ടും ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവരെ ഒഴിവാക്കിയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത യോഗ്യതയുള്ളവർക്ക് കൂടി അപേക്ഷിക്കാൻ അവസരം നൽകുന്നതിന് വീണ്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ വിജ്ഞാപനം</u>**

2088 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് കാറ്റഗറി നമ്പർ 168/2023 മുതൽ കാറ്റഗറി നമ്പർ 178/2023 വരെയുള്ള വിജ്ഞാപനങ്ങൾക്ക് കെ.പി.എസ്.സി. 16.11.2023-ന് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച് സർക്കാർ ഉത്തരവ്/നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ പ്രൊഫസർ തസ്തികയിലേക്കുള്ള 30.12.2023-ലെ കാറ്റഗറി നമ്പർ 625/2023 മുതൽ കാറ്റഗറി നമ്പർ 628/2023 പ്രകാരമുള്ള വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ച അടിസ്ഥാന യോഗ്യത കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് മെഡിക്കൽ എജ്യൂക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് സ്പെഷ്യൽ റൂൾസ് -2019-ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡം ലംഘിക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് അന്യസംസ്ഥാന സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അധികാരികൾ സാക്ഷ്യപ്പെടുത്തിയ/അനുവദിച്ച പ്രവൃത്തി

പരിചയ സർട്ടിഫിക്കറ്റ് അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്നതിന് പ്രസ്തുത തിരുത്തൽ വിജ്ഞാപനങ്ങൾക്ക് അടിസ്ഥാനമായ സർക്കാർ ഉത്തരവ്/നിർദ്ദേശം പ്രകാരം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരായിരുന്നവർക്ക് പ്രസ്തുത നിയമനക്കാലയളവിലെ ഇടവേളകൾ കണക്കാക്കി അനുവദിക്കേണ്ട പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിനു പകരം ദീർഘകാലത്തെ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത സർട്ടിഫിക്കറ്റ് അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനങ്ങൾക്കുള്ള അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവ്/നിർദ്ദേശം പ്രകാരം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് അന്യസംസ്ഥാന സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അധികാരികൾ സാക്ഷ്യപ്പെടുത്തിയ/അനുവദിച്ച പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് അടിസ്ഥാന യോഗ്യതയായി സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ യു.ജി.സി. റെഗുലേഷൻസ്, 2018 പ്രകാരം പ്രസ്തുത കാലയളവിൽ ജോലി ചെയ്യുന്ന/ചെയ്തുവരുന്ന സ്ഥാപനങ്ങളിൽ നിന്നും യു.ജി.സി. മാനദണ്ഡപ്രകാരമുള്ള നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും ആയതനുസരിച്ചുള്ള ശമ്പളം കൈപ്പറ്റിയിട്ടുള്ളതായും തെളിയിക്കേണ്ടതുണ്ടോ; വിശദമാക്കാമോ?

## <u>എൽ.പി., യു.പി. അദ്ധ്യാപക തസ്തികയുടെ അപേക്ഷാ തീയതി നീട്ടുവാനുള്ള നടപടി</u>

2089 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലേക്കുള്ള എൽ.പി, യു.പി. അദ്ധ്യാപക തസ്തികകളിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇതിലേക്കായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി എന്നാണ്; എത്ര വർഷങ്ങൾക്ക് ശേഷമാണ് ഈ തസ്തികകളിലേക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) ഈ തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് കെ-ടെറ്റ് പരീക്ഷ പാസായിരിക്കണം എന്ന് നിബന്ധന ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ വർഷം കെ-ടെറ്റ് പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമൂലം നൂറുകണക്കിന് ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടും എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ദീർഘനാളത്തെ ഇടവേളയ്ക്കുശേഷം ലഭിച്ച ഈ അവസരം ഇപ്പോൾ പരീക്ഷ എഴുതി പാസായ കുട്ടികൾക്ക് കൂടി പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

## പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ

2090 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16-കാലഘട്ടത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടും ധൂർത്തും, കെടുകാര്യസ്ഥതയും നിലനിന്നിരുന്നതായും അംഗങ്ങളും സെക്രട്ടറിയും അതിന് കൂട്ടു നിന്നിരുന്നു എന്നുമുള്ള പ്രസ്തുത കാലഘട്ടത്തെ പി.എസ്.സി. പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്നത്തെ ധനകാര്യ അഡീഷണൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്ന വിവരങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) 2016 മുതൽ സംസ്ഥാനത്ത് ഇതുവരെ പി.എസ്.സി. വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. നിയമനം വേഗത്തിലും സുതാര്യതയിലും നടത്തുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ?

## പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികൾക്ക് ഇളവുകൾ

2091 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ കാലത്ത് പി.എസ്.സി. വിജ്ഞാപനം വൈകുകയും തന്മൂലം പ്രായപരിധി കഴിഞ്ഞെന്ന കാരണത്താൽ പരീക്ഷ എഴുതുന്നതിന് അവസരം നഷ്ടപ്പെടുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് എന്തെങ്കിലും ഇളവുകൾ നൽകുന്നതിനെകുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## പ്രതീക്ഷിത ഒഴിവുകളുടെ വിശദാംശം

2092 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 26.10.2023-ലെ ഉ.പ.സി3/150/2023/ പി&എ.ആർ.ഡി. നമ്പർ സർക്കുലർ പ്രകാരം ഏതൊക്കെ വകുപ്പുകൾ 2024-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ വകുപ്പുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും വിശദമാക്കാമോ;

(ബി) കാറ്റഗറി നമ്പർ 171/2015 പ്രകാരമുള്ള എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനി) തസ്തികയിലേക്ക് മുൻ കാലങ്ങളിൽ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളുടെ നിയമനം

2093 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളിൽ പകുതി പേർ സർക്കാർ സർവീസിൽ കുറഞ്ഞത് പത്ത് വർഷം സർവീസ് ഉള്ളവരായിരിക്കണം എന്ന വ്യവസ്ഥ ഏത് ചട്ടങ്ങളിലാണ്/ നിയമങ്ങളിലാണ് നിഷ്കർഷിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) നിലവിലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളുടെ എണ്ണത്തിൽ മേൽപ്പറഞ്ഞ അനുപാതം പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) നിലവിലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളിൽ സർക്കാർ സർവീസിൽ നിന്നല്ലാതെ തിരഞ്ഞെടുത്തിട്ടുള്ളത് എത്ര പേരെയാണ് എന്നറിയിക്കുമോ;

(ഡി) സർക്കാർ സർവീസിൽ നിന്നല്ലാതെ തിരഞ്ഞെടുക്കുന്ന കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ/ യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ/ യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ/കേരള പബ്ലിക് സർവീസ് കമ്മീഷൻ എന്തെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) യു.ജിസി. അംഗീകൃത ബിരുദം ഇല്ലാത്ത ആരെയെങ്കിലും നിലവിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗമായി നിയമിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ അവരുടെ പേര് വിവരം നൽകുമോ?

## എറണാകുളം ജില്ലയിലെ ലോവർ ഡിവിഷൻ ക്ലർക്ക് നിയമനം

2094 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിലേക്ക് കാറ്റഗറി നമ്പർ 207/2019 ലോവർ ഡിവിഷൻ ക്ലർക്ക് നിയമനത്തിന് പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടോ; എങ്കിൽ അത് എന്ന് പ്രസിദ്ധീകരിച്ചുവെന്നും എത്രപേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റ് നിലവിൽ ഉള്ളപ്പോൾ ജില്ലയിൽ തദ്ദേശ സ്വയംഭരണം , വിദ്യാഭ്യാസം, സഹകരണം തുടങ്ങിയ വകുപ്പുകളിൽ ഇപ്പോഴും കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ജില്ലയിൽ പട്ടികജാതി വികസനം, തൊഴിൽ, ഭക്ഷ്യവിതരണം, ഗ്രാമവികസനം, നഗരസഭാ കോർപ്പറേഷൻ, വിദ്യാഭ്യാസം, സഹകരണം എന്നീ വകുപ്പുകളിൽ എൽ.ഡി. ക്ലർക്ക് തസ്തിക നിലവിൽ ഒഴിഞ്ഞ് കിടക്കുന്നത് മേധാവികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഓഫീസ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ; ജില്ലയിലെ പ്രസ്തുത ഡിപ്പാർട്ടുമെൻറുകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വിവിധ വകുപ്പുകളിലായി എറണാകുളം ജില്ലയിൽ 01-01-2024 ൽ എത്ര എൽ.ഡി. ക്ലർക്കുമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; വകുപ്പ് തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ?

**2023 ഡിസംബർ മാസത്തിൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ**

2095 **ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ഡിസംബർ മാസത്തിൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഏതൊക്കെയാണെന്നും ഓരോന്നും നിലവിൽ വന്ന തീയതിയും ഇതിൽ എത്ര പേർക്ക് നിയമന ശിപാർശ നാളിതുവരെ നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട മുഴുവൻ ഒഴിവുകളിലേക്കും ലോക്സഭാ ഇലക്ഷൻ നോട്ടിഫിക്കേഷൻ വരുന്നതിന് മുൻപ് നിയമന ശിപാർശ നൽകി ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസ്സിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നാളിതുവരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

**എച്ച്.എസ്.ടി. മലയാളം കാറ്റഗറി നമ്പർ 663/2012-ന്റെ നിയമനം**

2096 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി.യുടെ എച്ച്.എസ്.ടി. മലയാളം കാറ്റഗറി നമ്പർ 663/2012 (റാങ്ക് ലിസ്റ്റ് നമ്പർ 410/2017/എസ്.എസ്.വി.) റാങ്ക് ലിസ്റ്റിലെ നാലുപേർക്ക് (റാങ്ക്നമ്പർ 29, 34, 36, 37) നിയമനം നൽകണമെന്ന സുപ്രീം കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയിന്മേൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ കോടതിയലക്ഷ്യ നോട്ടീസ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോടതിയിൽ വിശദീകരണം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) 29, 34, 36,37 എന്നീ നമ്പർ റാങ്കുകാർക്ക് നിയമന സാധ്യതയുണ്ടോ; എങ്കിൽ നിയമനം നൽകുമ്പോൾ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് അവസാന നിയമനം നടന്നത് ഓപ്പൺ കാറ്റഗറിയിലെ ഇരുപതാം നമ്പർ റാങ്കുവരെയാണ് എന്നിരിക്കെ ശേഷം വരുന്ന റാങ്കുകാരെ ഒഴിവാക്കി 29, 34, 36,37 എന്നീ നമ്പർ റാങ്കുകാർക്ക് നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) മേൽ സൂചിപ്പിച്ച നമ്പർ റാങ്കുകാർക്ക് നിയമനം നൽകുന്നുണ്ടെങ്കിൽ അത് പ്രസ്തുത റാങ്ക് ലിസ്റ്റ് അവസാനിക്കുന്നതിന് മുമ്പ് നിലവിൽ വന്ന ഒഴിവുകളിലേക്കാണോ; വിശദമാക്കുമോ;

(ഇ) കോടതി വിധി പ്രകാരം പ്രസ്തുത നമ്പർ റാങ്കുകാർക്ക് നിയമനം നൽകുന്നുണ്ടെങ്കിൽ ആ ഒഴിവുകൾ 09.08.2023-ന് നിലവിൽ വന്ന പുതിയ റാങ്ക് ലിസ്റ്റിൽ (കാറ്റഗറി

നമ്പർ 255/21, റാങ്ക് ലിസ്റ്റ് നമ്പർ 677/23/എസ്.എസ്.III) ഉൾപ്പെട്ടവർക്ക് അർഹതപ്പെട്ടതാണോ; എങ്കിൽ മേൽ പറഞ്ഞ നിയമനം പുതിയ റാങ്കുലിസ്റ്റിലുള്ളരെ ബാധിക്കാതിരിക്കാൻ സ്വീകരിക്കുന്ന ബദൽ മാർഗ്ഗമെന്തെന്ന് അറിയിക്കുമോ?

## <u>അസിസ്റ്റന്റ് സർജൻ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ</u>

2097 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 305/2019 അസിസ്റ്റന്റ് സർജൻ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക്‌ലിസ്റ്റിൽ ഓരോ വിഭാഗത്തിലുമുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം ജില്ല തിരിച്ചു ലഭ്യമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പരമാവധി നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>സംസ്ഥാന പോലീസ് സർവ്വീസിലെ വിവിധ ഒഴിവുകൾ</u>

2098 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാന പോലീസ് സർവ്വീസിലെ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും എത്ര നിയമനം പി.എസ്.സി. മുഖേന നടത്തിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(ബി) സബ് ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികളും അറിയിക്കുമോ;

(സി) സബ് ഇൻസ്പെക്ടർ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നാളിതുവരെ നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ?

## <u>തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ നിയമനം</u>

2099 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നം 530/2019 മുഖേന തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തു നിയമനം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശം, ഒഴിവുണ്ടായ രീതിയും വർഷവും തിരിച്ച് ലഭ്യമാക്കാമോ?

## <u>പി.എസ്.സി കാറ്റഗറി നമ്പർ 456/2016 എൽ.ഡി.സി. (കന്നട, മലയാളം) റാങ്ക് ലിസ്റ്റിലെ നിയമനം</u>

2100 **ശ്രീ. എ. കെ. എം. അഷ്‌റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി കാറ്റഗറി നമ്പർ 456/2016 എൽ.ഡി.സി. (കന്നട, മലയാളം) തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നിലവിൽ തടസ്സങ്ങളൊന്നുമില്ലാതിരുന്നിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിലെ സാധ്യത പട്ടിക റദ്ദ് ചെയ്യുന്നത് സംബന്ധിച്ച ട്രിബ്യൂണലിന്റെ ഒ.എ ഇ.കെ.എം 762/2023 നമ്പർ കേസിൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച 07.11.2023 ലെ അന്തിമ വിധി ഒ.പി കെ.എ.റ്റി 553/23 നമ്പർ പ്രകാരം 13.12.2023 ന് ഹൈക്കോടതി സ്റ്റേ ചെയ്തതിനുശേഷം സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശവും പകർപ്പും ലഭ്യമാക്കുമോ;

(സി) ട്രിബ്യൂണലിന്റെ അന്തിമ വിധിക്കെതിരെ പി.എസ്.സി. ഹൈക്കോടതിയിൽ നൽകിയ ഒ.പി കെ.എ.റ്റി 26/2024 നമ്പർ അപ്പീലിൽ സ്റ്റേ ലഭിച്ചതിന് ശേഷം സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശവും പകർപ്പും ലഭ്യമാക്കുമോ;

(ഡി) എ4-1/8/2022-കെ.പി.എസ്.സി ഫയലിൽ 30.01.2023 ന് പി.എസ്.സി ചെയർമാൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഉത്തരവിട്ടിരുന്നിട്ടും തുടർനടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒൻപത് വർഷമായി പ്രസ്തുത റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ ന്യൂനപക്ഷ മേഖലയായ കാസർഗോഡ് ജില്ലയിൽ ഈ തസ്തികയിലെ ഒഴിവുകൾ നികത്താത്തത് കാരണം റവന്യൂ വകുപ്പിലടക്കം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ?

## <u>എറണാകുളം ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്ക് നിയമനം</u>

2101 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിലേക്ക് ലോവർ ഡിവിഷൻ ക്ലാർക്ക് നിയമനത്തിന് കാറ്റഗറി നമ്പർ 207/2019 പ്രകാരമുള്ള പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടോ; എങ്കിൽ അത് എന്ന് പ്രസിദ്ധീകരിച്ചുവെന്നും എത്രപേർക്ക് നാളിതുവരെയായി നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്‌തുത ലിസ്റ്റ് നിലവിൽ ഉള്ളപ്പോൾ ജില്ലയിൽ എൽ.എസ്.ജി.ഡി., വിദ്യാഭ്യാസം, സഹകരണം തുടങ്ങിയ വകുപ്പുകളിൽ കരാർ നിയമനവും ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) എറണാകുളം ജില്ലയിൽ പട്ടികജാതി വികസനം, തൊഴിൽ, ഭക്ഷ്യവിതരണം, ഗ്രാമവികസനം, നഗരസഭാ കോർപ്പറേഷൻ, വിദ്യാഭ്യാസം, സഹകരണം എന്നീ വകുപ്പുകളിൽ എൽ.ഡി. ക്ലർക്ക് തസ്തിക നിലവിൽ ഒഴിഞ്ഞ് കിടക്കുന്നത് മേധാവികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

ജില്ലയിൽ ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഓഫീസ് മേധാവികൾക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ; പ്രസ്തുത ഡിപ്പാർട്ടുമെൻറുകളിലെ ജില്ലയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വിവിധ വകുപ്പുകളിലായി എറണാകുളം ജില്ലയിൽ 01-01-2024 ൽ എത്ര എൽ.ഡി. ക്ലർക്കുമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; വകുപ്പ് തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ?

## സിവിൽ സർവീസിന്റെ കാര്യക്ഷമത ഉയർത്തലും തസ്തികകളുടെ യോഗ്യതാ മാറ്റവും

2102 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവീസിന്റെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് വിവിധ വകുപ്പുകളിലെ തസ്തികകളിലേക്കുള്ള യോഗ്യതകളിൽ മാറ്റം വരുത്തുന്നതിന് ശിപാർശ നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മോട്ടോർ വാഹന വകുപ്പിൽ ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസ് നേടുന്നതിനുള്ള അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. ആയി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; യോഗ്യത കാലോചിതമായി പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ശിപാർശ കണക്കിലെടുത്ത് ഡ്രൈവർ തസ്തിക സാങ്കേതിക വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

## ഡോക്ടർ ഓഫ് ഫാർമസി പഠിച്ച വിദ്യാർത്ഥികൾ

2103 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർ ഓഫ് ഫാർമസി പഠിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ ഏതെങ്കിലും തസ്തികയിൽ നിയമനം നൽകാറുണ്ടോ; ഉണ്ടെങ്കിൽ തസ്തിക സംബന്ധിച്ച വിവരം നൽകാമോ;

(ബി) ഇല്ലെങ്കിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് സർക്കാർ സർവീസിൽ അവരുടെ സേവനം കൂടി ലഭ്യമാകത്തക്ക വിധത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഇന്റർ ചെയിഞ്ചബിൾ തസ്തികകൾ

2104 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ ഇന്റർ ചേയ്ഞ്ചബിൾ തസ്തികകൾ എന്നാൽ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളെ നിർവചിച്ച് ഏതെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസിലെയോ കേരള ജനറൽ സബോർഡിനേറ്റ് സർവീസിലെയോ ഏതെങ്കിലും തസ്തികകൾ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ മാത്രമുള്ള തസ്തികയുമായി ഇന്റർ ചേയ്ഞ്ചബിൾ ആക്കി ഉത്തരവുകളോ സവിശേഷാൽ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഒരു സ്പെഷ്യൽ റൂൾ അനുസരിച്ചും ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് ഇന്റർ ചേയ്ഞ്ചബിൾ ആയി വേറെ തസ്തികകൾ ഒന്നും സ്പഷ്ടമായി പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ 2016-ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അനുബന്ധം 16 (d)-യിൽ ജൂനിയർ സൂപ്രണ്ടുമാർക്കും സ്പെഷ്യൽ റൂൾ അനുസരിച്ചുള്ള അതിന്റെ ഇന്റർ ചേയ്ഞ്ചബിൾ തസ്തികകൾക്കും പറഞ്ഞിരിക്കുന്ന ഹയർ ഗ്രേഡ് ആനുകൂല്യം എപ്രകാരമാണ് ജൂനിയർ സൂപ്രണ്ടുമാർ അല്ലാത്തവർക്ക് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇന്റർ ചേയ്ഞ്ചബിൾ തസ്തികകളുടെ നിർവചനം സംബന്ധിച്ച അവ്യക്തത നീക്കാൻ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദമാക്കാമോ?

## <u>കെ.എസ്.&എസ്.എസ്.ആർ. ഭേദഗതി</u>

2105 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ഒരു ഉദ്യോഗസ്ഥൻ സ്ഥാനക്കയറ്റ ഉത്തരവ് കൈപ്പറ്റിയാൽ എത്ര ദിവസത്തിനകം സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ പ്രവേശിക്കണമെന്ന് വ്യക്തമാക്കുന്ന സർവീസ് ചട്ടങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ; കെ.എസ്.& എസ്.എസ്.ആർ.-ലെ ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## <u>സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം</u>

2106 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം ഏതൊക്കെ വകുപ്പുകളിലാണ് നടപ്പാക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പുകളിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>ഐ.ആർ.എസ്. ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ കാലാവധി</u>

2107 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി വകുപ്പിൽ അഡീഷണൽ കമ്മീഷണർ-1 തസ്തികയിൽ ജോലി ചെയ്തുവരുന്ന ഐ.ആർ.എസ്. ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടുന്നതിലേക്കായി സർക്കാരിൽ നിന്നും വിജിലൻസ് സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ചരക്ക സേവന നികുതി വകുപ്പിലെ ഫയൽ നമ്പർ സി.ടി./7309/2020-എ1 പ്രകാരം

ഈ വിഷയത്തിൽ പ്രസ്തുത ഉദ്യോഗസ്ഥനെ സംബന്ധിച്ച് ഒരു "വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്" ഡെപ്യൂട്ടി കമ്മീഷണർ-1 തയ്യാറാക്കിയിരുന്നോ; എങ്കിൽ അത് ആരുടെ ആവശ്യപ്രകാരമാണെന്നും അത് ആർക്കാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്ലിയറൻസ് സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലേക്കായി സംസ്ഥാന വിജിലൻസ് വകുപ്പിൽ നിന്ന് വിവരങ്ങൾ തേടിയിട്ടുണ്ടായിരുന്നോ; ഈ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്ന വേളയിൽ ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണറോ സ്പെഷ്യൽ കമ്മീഷണറോ ഫയൽ കാണുകയും ഉത്തരവിടുകയും ചെയ്തിരുന്നോയെന്നും വ്യക്തമാക്കാമോ;

(ഡി) ഡെപ്യൂട്ടി കമ്മീഷണർ-1 ആണ് പ്രസ്തുത സർട്ടിഫിക്കറ്റ് തയ്യാറാക്കിയത് എന്ന് കണ്ടാൽ അക്കാലയളവിലെ ഡെപ്യൂട്ടി കമ്മീഷണർ-1ന്റെ ക്രമവിരുദ്ധ നടപടിക്കെതിരെ സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത അഡീഷണൽ കമ്മീഷണറുടെ ഡെപ്യൂട്ടേഷൻ എക്സ്റ്റൻഡ് ചെയ്യാനുള്ള വാണിജ്യനികുതി വകുപ്പ് കമ്മീഷണറുടെ ശിപാർശ ലഭ്യമാണോ; അറിയിക്കുമോ?

## ആശ്രിത നിയമനത്തിനായുള്ള മാനദണ്ഡങ്ങൾ

2108 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ കേഡർ സ്ട്രെങ്ത്തിന് ആനുപാതികമായിട്ടാണോ ഒരു വർഷം ഉണ്ടാകുന്ന ഒഴിവിന് അനുപാതികമായിട്ടാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഒഴിവുകളുടെ എത്ര ശതമാനമാണ് ആശ്രിത നിയമനത്തിനായി നീക്കി വെക്കുന്നത് എന്നും വ്യക്തമാക്കാമോ;

(സി) അപേക്ഷകന്റെ വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കി നിയമനം ലഭിക്കുന്നതിനുള്ള ചട്ടം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) അപേക്ഷ ലഭിക്കുന്ന തീയതി അടിസ്ഥാനപ്പെടുത്തിയാണോ മുൻഗണനാ പട്ടിക തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## ആശ്രിത നിയമനം

2109 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല വകുപ്പുകളിലും ആശ്രിത നിയമനത്തിനായി വർഷങ്ങൾ കാത്തിരിക്കേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ആയത് കണക്കിലെടുത്ത് ആശ്രിത നിയമനരീതി പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ആശ്രിത നിയമനത്തിന്റെ വരുമാന പരിധി

2110 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രിതനിയമനത്തിന് അപേക്ഷ നൽകുന്നവരുടെ വരുമാന പരിധി എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനുള്ള വരുമാന പരിധി അവസാനമായി നിജപ്പെടുത്തിയത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ;

(സി) ശമ്പള പരിഷ്കരണത്തിന് ശേഷം ജീവനക്കാരുടെ വരുമാനം വർദ്ധിച്ചതിന് ആനുപാതികമായി ആശ്രിത നിയമനത്തിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>**മുളംകുന്നത്തുകാവ് പഞ്ചായത്ത് പരിധിയിൽ നോളജ് പാർക്ക് സ്ഥാപിക്കുന്നതിന് നടപടി**</u>

2111 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ നിരവധി വിജ്ഞാന കേന്ദ്രങ്ങളുടെ ആസ്ഥാനമായ വടക്കാഞ്ചേരി മണ്ഡലത്തിലെ മുളംകുന്നത്തുകാവ് പഞ്ചായത്ത് പരിധിയിൽ വർക്ക് നിയർ ഹോം, വർക്ക് സ്പേസ്, റീഡിംഗ് റൂം, ട്രെയിനിംഗ് ഹാൾ, കമ്പ്യൂട്ടർ ലാബ്, വെർച്വൽ റൂം, വെർച്വൽ ലൈബ്രറി, 24x7 കെയർ, കഫറ്റീരിയ, സ്കൂൾ വിദ്യാർത്ഥികൾക്കായി ഈവനിംഗ് സ്റ്റഡി സെന്റർ, എലവേറ്റഡ് കാർ പാർക്കിംഗ് എന്നീ സൗകര്യങ്ങൾ ഉള്ള ഒരു നോളജ് പാർക്ക് സ്ഥാപിക്കാനുള്ള നടപടി സ്ഥലം വിട്ടു നൽകിയാൽ വകുപ്പ് സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>**പാലക്കാട് ജില്ലയിലെ ആശ്രിത നിയമനം**</u>

2112 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പാലക്കാട് ജില്ലയിൽ ആശ്രിത നിയമനം വഴി ജോലി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനായി സർക്കാരിലേക്ക് നിലവിൽ എത്ര അപേക്ഷകളാണ് പാലക്കാട് ജില്ലയിൽ നിന്നും സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഏതൊക്കെ നിയമങ്ങളെ അടിസ്ഥാനമാക്കിയാണ് ആശ്രിത നിയമനത്തിനുള്ള അർഹത നിർണ്ണയിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഈ നിയമനങ്ങൾ എസ്. സി., എസ്. റ്റി., ഒ. ബി. സി., മറ്റ് ഇതര വിഭാഗങ്ങൾ എന്നിവർക്കെല്ലാം ഒരു പോലെ ബാധകമാണോ; എങ്കിൽ വിശദമാക്കാമോ; ബാധകമല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

<u>**ബൈ ട്രാൻസ്ഫർ പ്രമോഷൻ**</u>

2113 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് തസ്തിക റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് അതാത് വകുപ്പുകളിലെ ബൈ ട്രാൻസ്ഫർ പ്രമോഷന്

അപേക്ഷിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് അപേക്ഷിക്കാൻ സാധിക്കാത്തതെന്ന് വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ വകുപ്പിലെ പ്രീപ്രൈമറി വിഭാഗത്തിലെ 'ആയ' തസ്തികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേനയുള്ള ബൈ ട്രാൻസ്ഫർ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അനുമതി നൽകി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഓർഫനേജ് കൺട്രോൾ ബോർഡ്

2114 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സാമൂഹ്യ നീതി വകുപ്പിന്റെയും വനിതാ ശിശുവികസന വകുപ്പിന്റെയും നിയന്ത്രണത്തിലായത് മൂലം ഉണ്ടാവുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വർഷത്തിൽ ചേരേണ്ട സംയുക്ത യോഗം എന്നാണ് അവസാനമായി ചേർന്നത്; അറിയിക്കാമോ;

(സി) രണ്ട് വകുപ്പുകളും ഒരു സെക്രട്ടറിക്ക് കീഴിലാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

2115 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ മണ്ഡലത്തിലും നൂറ് വീടുകൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി പാറശ്ശാല മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) അപേക്ഷിക്കുന്ന എല്ലാവർക്കും കെ-ഫോൺ കണക്ഷൻ നൽകാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കെ-ഫോൺ പദ്ധതിയുടെ ടെൻഡർ നടപടിക്രമം

2116 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബെൽ കൺസോർഷ്യം നേടിയ പ്രധാന കരാറിന്റെ ടെൻഡറിൽ, എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം ടെൻഡറിൽ പങ്കെടുത്ത ഒന്നിലധികം കൺസോർഷ്യങ്ങളിലും ഭാഗമായി പങ്കെടുത്തു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഒരേ സ്ഥാപനം തന്നെ രണ്ടു കൺസോർഷ്യത്തിന്റെ ഭാഗമായി ടെൻഡറിൽ

പങ്കെടുക്കാൻ പാടില്ല എന്ന് പ്രസ്തുത ടെൻഡർ ആർ. എഫ്. പി.യിൽ പ്രതിപാദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടെൻഡറിൽ ഒരേ സ്ഥാപനം രണ്ടു കൺസോർഷ്യത്തിന്റെ ഭാഗമായി ടെൻഡറിൽ പങ്കെടുക്കുന്നത് നിയമപരമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ?

## <u>കെ-ഫോൺ പദ്ധതി</u>

2117 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി മുഖേന സംസ്ഥാനത്ത് ഇതിനോടകം എത്ര സർക്കാർ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആലത്തൂർ നിയോജക മണ്ഡലത്തിൽ കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയ സ്ഥാപനങ്ങളുടെ വിശദാംശം നൽകാമോ?

## <u>കഴക്കൂട്ടം- കൊല്ലം ഐ.ടി. ഇടനാഴി</u>

2118 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ലെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട കഴക്കൂട്ടം- കൊല്ലം ഐ.ടി. ഇടനാഴിയുടെ പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ; പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## <u>കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി</u>

2119 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അനധികൃത ഓൺലൈൻ സ്ഥാപനങ്ങൾ അക്ഷയ കേന്ദ്രങ്ങളെന്ന പേരിൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സേവനങ്ങളാണ് നിലവിൽ ലഭ്യമാകുന്നത്; സേവനങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## <u>ആലത്തൂർ താലൂക്ക് പരിധിയിലെ അക്ഷയ കേന്ദ്രങ്ങൾ</u>

2120 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് പരിധിയിൽ പ്രവർത്തിച്ചുവരുന്ന അക്ഷയ കേന്ദ്രങ്ങൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആലത്തൂർ താലൂക്ക് പരിധിയിൽ പുതുതായി അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

**ഗുരുവായൂർ മണ്ഡലത്തിൽ പുതിയ അക്ഷയ സെന്റർ**

2121 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പുതിയ അക്ഷയ സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്ന നടപടി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

**അക്ഷയ കേന്ദ്രങ്ങളെ സംരക്ഷിക്കുവാൻ നടപടി**

2122 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ അവയെ സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യാജ ഓൺലൈൻ സേവന കേന്ദ്രങ്ങളും അനധികൃത സി.എസ്.സി. കേന്ദ്രങ്ങളും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമ പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന അനധികൃത ഓൺലൈൻ കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾക്ക് മാത്രമായി വിവരസാങ്കേതികവിദ്യയിൽ നൈപുണ്യമുള്ള ഒരു മുഴുവൻ സമയ മേധാവിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കാമോ;

(ഡി) അക്ഷയ കേന്ദ്രങ്ങളുടെ സംരക്ഷണത്തിനായി നിയമം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

**ജനസേവന കേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

2123 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസേവന കേന്ദ്രങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇവയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം അനുവദിക്കണമെന്നത് ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുവാൻ തയ്യാറാകുമോയെന്നും അതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമികമായി എന്തെല്ലാം

സൗകര്യങ്ങൾ ആണ് ലഭ്യമാക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(ഡി) കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് ജനസേവന കേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) അക്ഷയ പദ്ധതിയ്ക്ക് മാത്രമായി ഒരു ഡയറക്ടറെ നിയമിക്കുമോയെന്നും ഇതിനായി ഒരു ഡയറക്ടറേറ്റ് രൂപീകരിക്കാൻ കഴിയുമോയെന്നും അറിയിക്കുമോ;

(എഫ്) അക്ഷയ സംരംഭകരുമായി കരാർ പുതുക്കുന്നതിനോടൊപ്പം സേവന നിരക്കിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ജി) സംസ്ഥാനത്ത് അനധികൃത ഓൺലൈൻ കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; കോട്ടയം ജില്ലയിൽ അനുവദിച്ചിട്ടും പ്രവർത്തനം നിലച്ചുപോയ അക്ഷയ കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

## പാറശാല മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

2124 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അക്ഷയകേന്ദ്രങ്ങളിൽ ഏതെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ എത്രയെണ്ണമാണെന്നും ഏതെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) പാറശാല മണ്ഡലത്തിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കാമോ; അതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

## സി-ഡിറ്റിന്റെ സാമ്പത്തിക പ്രതിസന്ധി

2125 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായ വിവിധ വിഷയങ്ങളിന്മേൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി സംഘടനയായ സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ (01.12.2020 ലെ നമ്പർ: സി.ഇ.ഒ/2020/31) സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൽ ഏതൊക്കെ വിഷയങ്ങളിന്മേലാണ് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ

2126 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ എത്ര കെ-ഫോൺ കണക്ഷനുകൾ

നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ഇതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ കെ-ഫോൺ ഗാർഹിക കണക്ഷനുകൾ നല്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) എത്ര കണക്ഷനുകൾ നാളിതുവരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

## സി-ഡിറ്റ്

2127 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ എഴുപെത്തിയെട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം സി-ഡിറ്റ് രജിസ്ട്രാറുടെ 03.06.2022 -ലെ 215/എ1/എ.ഡി.എം.എൻ./സി-ഡിറ്റ്/2022 നമ്പർ കത്ത് വകുപ്പിന് ലഭിച്ചിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കത്തിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കത്തിൽ സൂചിപ്പിച്ചിരിക്കുന്ന ക്രയവിക്രയങ്ങളിൽ ഏതൊക്കെയാണ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് സി-ഡിറ്റ് വാങ്ങിയതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രയവിക്രയങ്ങൾ വഴി അതിഭീമമായ നഷ്ടം സി-ഡിറ്റിനും സർക്കാരിനും വന്നിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യങ്ങളിൽ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യുമോ; വ്യക്തമാക്കുമോ?

## കെ-ഫോൺ പദ്ധതി

2128 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിക്ക് കിഫ്ബി മുഖേനയാണോ ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത്; എങ്കിൽ നാളിതുവരെ എത്ര ഫണ്ട് നൽകിയിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത ഫണ്ട് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പഠനം നടത്താതെ കൂടുതൽ ഫണ്ട് അനുവദിക്കില്ല എന്ന് കിഫ്ബി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സി-ഡിറ്റ്

2129 **ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ കോർ ഗ്രൂപ്പിൽപ്പെട്ട ജീവനക്കാരുടെ 2006-ലെ സി.എസ്.ഐ.ആർ. ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ, ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ. ജി. ജയരാജ് " has not produced the certificate

showing the prescribed qualification as per CSIR norms. He has only produced the mark-sheet of the B Sc Engineering Degree Examination. Hence we may ask AD to confirm whether Sri. Jayaraj has acquired the prescribed qualifications as per CSIR norms and to act accordingly” എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) സി-ഡിറ്റിൽ ഡെപ്യൂട്ടി ഡയറക്ടറും രജിസ്ട്രാറും പിന്നീട് ഡയറക്ടറുമായ ശ്രീ. ജി. ജയരാജിന്റെ എഞ്ചിനീയറിംഗ് ബിരുദ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ശ്രീ. ജി. ജയരാജ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലും രജിസ്ട്രാർ തസ്തികയിലും പ്രൊബേഷൻ കാലാവധി പൂർത്തിയാക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

2130 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ നിന്നും സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ എത്രയാണെന്നും അതിൽ എത്ര പേർക്ക് കണക്ഷൻ ലഭിച്ചിട്ടുണ്ടെന്നും തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര സർക്കാർ ഓഫീസുകൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) പൂഞ്ഞാർ മണ്ഡലത്തിൽ കൂടുതൽ കെ-ഫോൺ കണക്ഷനുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കെ-ഫോൺ പദ്ധതി

2131 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ബെൽ കൺസോർഷ്യത്തിനു ലഭിച്ച കരാറിന്റെ ടെൻഡർ ആർ.എഫ്.പി.യുടെ പകർപ്പ് നൽകാമോ; അറിയിക്കുമോ?

## ഡിജിറ്റൽ സാക്ഷരത

2132 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ സാധിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ?

## കോവിഷീൽഡ് വാക്സിൻ സ്വീകരിച്ച ശേഷം മരണപ്പെട്ടയാൾക്ക് ധനസഹായം

2133 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുന്നാട് വില്ലേജ് സ്വദേശി കെ. രവീന്ദ്രന്റെ മകളായ 22-കാരി വി. രഞ്ജിത 03.08.2021-ന് ബേഡഡുക്ക സി. എച്ച്. സി യിൽ നിന്ന് കോവിഷീൽഡ്

വാക്സിൻ സ്വീകരിച്ച് 25.08.2021- ന് മരണപ്പെട്ടതിനെത്തുടർന്ന് സി. എം. ഡി. ആർ. എഫ് ൽ നിന്നും ധനസഹായം ലഭിക്കുന്നതിന് കുടുംബം അപേക്ഷ നല്കിയിരുന്നോ;

(ബി) ഈ അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

2134 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ, ചുങ്കത്തറ, കുറുമ്പലങ്ങോട്, പോത്തുകൽ, എടക്കര, വഴിക്കടവ്, മൂത്തേടം, കരുളായി, അമരമ്പലം എന്നീ വില്ലേജുകളിൽ 2016 മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ എന്ത് തുക, ആകെ എത്ര പേർക്ക് നൽകിയെന്ന വിവരം വില്ലേജുകൾ തിരിച്ച് ലഭ്യമാക്കാമോ?

## ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യം

2135 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മത്സ്യബന്ധന യാനങ്ങളും വലകളും മറ്റ് ഉപകരണങ്ങളും അപകടത്തിൽപ്പെട്ട് നഷ്ടമാകുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യം അനുവദിയ്ക്കുമോ;

(ബി) ഇതു പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതിനായി സ്വീകരിയ്ക്കേണ്ട നടപടിക്രമങ്ങൾ, ആവശ്യമായ സർട്ടിഫിക്കറ്റുകൾ എന്നിവയെക്കുറിച്ച് വിശദീകരിക്കുമോ;

(സി) 2016 മുതൽ നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ പ്രസ്തുത ആനുകൂല്യം ലഭിച്ചവരുടെയും അപേക്ഷകരുടെയും വില്ലേജ് തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## കൊണ്ടോട്ടി മണ്ഡലത്തിൽ വിതരണം ചെയ്ത ദുരിതാശ്വാസ ധനസഹായം

2136 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ 2021 മെയ് മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആർക്കെല്ലാം എത്ര രൂപ ധനസഹായമായി നൽകിയെന്ന് വിശദമാക്കാമോ?

## ആയിഷത്ത് മിൻഹയുടെ കുടുംബത്തിന് സമാശ്വാസ സഹായം

2137 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അംഗഡിമൊഗർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ഈ അധ്യയന വർഷം ജൂലൈ മാസം മരം മറിഞ്ഞ് മരണപ്പെട്ട ആയിഷത്ത് മിൻഹയുടെ കുടുംബത്തിന് സമാശ്വാസമായി 10 ലക്ഷം രൂപ ധനസഹായം

അനുവദിക്കണമെന്നാവശ്യപ്പെട്ട് മഞ്ചേശ്വരം എം.എൽ.എ. നൽകിയ കത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾ കോമ്പൗണ്ടിനകത്ത് മരം മറിഞ്ഞ് വീണ് മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് മന്ത്രിസഭ തീരുമാനപ്രകാരം പ്രത്യേക ധനസഹായം അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുട്ടിയുടെ കുടുംബത്തിന് പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന സഹായം</u>**

2138 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് എന്നും അതിൽ എത്ര തുക വീതമാണ് അനുവദിച്ചത് എന്നും വില്ലേജ് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

**<u>മലപ്പുറം ജില്ല ദുരന്ത നിവാരണ അതോറിറ്റി</u>**

2139 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മുതൽ 2024 വരെയുള്ള കാലഘട്ടത്തിൽ മലപ്പുറം ജില്ല ദുരന്ത നിവാരണ അതോറിറ്റി എത്ര സിറ്റിങ്/മീറ്റിങ് നടത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അതോറിറ്റിയുടെ മീറ്റിങ് കൃത്യമായ ഇടവേളകളിൽ കൂടാത്തത് മൂലം കമ്മിറ്റി പരിശോധിച്ച് നല്കേണ്ട സാക്ഷ്യപത്രങ്ങൾ അപേക്ഷകർക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അതോറിറ്റി കൃത്യമായ ഇടവേളകളിൽ കൂടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം</u>**

2140 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ ഡി കെ മുരളി**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയ്ക്ക് പാരിസ്ഥിതാഘാത പഠനം നടത്തുന്നതിനായുള്ള ടേംസ് ഓഫ് റഫറൻസിന് കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിനെ തുടർന്നുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സൈറ്റ് ക്ലിയറൻസ് അനുമതിയും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും എന്നാണ് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) ശബരിമല അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണ ചുമതല നൽകിയിരിക്കുന്നത് ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ അതു സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിമാനത്താവളം സാക്ഷാല്ക്കരിക്കുന്നതിനായി നടത്തിവരുന്ന ഇടപെടലുകളുടെ ഫലമായുള്ള പുരോഗതി വിശദമാക്കുമോ;

(ഇ) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അറിയിക്കുമോ?

## കോഴിക്കോട് എയർപോർട്ടിൽ ഹജ്ജ് തീർത്ഥാടകരിൽ നിന്ന് കൂടുതൽ തുക ഈടാക്കുന്നതായ പരാതി

2141 **ഡോ. എം. കെ. മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റ് എയർപോർട്ടുകളിൽ ഹജ്ജ് തീർത്ഥാടകരിൽ നിന്നും ടിക്കറ്റിനത്തിൽ ഈടാക്കുന്ന തുകയേക്കാൾ എൺപതിനായിരം രൂപ അധികമായി കോഴിക്കോട് എയർപോർട്ടിൽ നിന്നും യാത്ര ചെയ്യുന്ന ഹജ്ജ് തീർത്ഥാടകരിൽ നിന്ന് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത വിവേചനം അവസാനിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ ഹജ്ജ് തീർത്ഥാടകരിൽ എൺപത് ശതമാനത്തോളം കോഴിക്കോട് എയർപോർട്ടിൽ നിന്നും യാത്ര ചെയ്യുന്നതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

## സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെ വികസനം

2142 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വിമാനത്താവളങ്ങളുടെ വികസനത്തിനായി നടത്തിവരുന്ന ശ്രമങ്ങളോട് കേന്ദ്ര സർക്കാരിന്റെ സമീപനം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയതലത്തിൽ എയർപോർട്ടുകൾ സ്വകാര്യവൽക്കരിക്കുന്നതിനായി ലേലത്തിൽ വച്ചപ്പോൾ തിരുവനന്തപുരം എയർപോർട്ടിന്റെ നടത്തിപ്പ് സംസ്ഥാനത്തിന് കൈമാറണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലേലത്തിൽ തിരുവനന്തപുരം എയർപോർട്ടിനായി ക്വാട്ട് ചെയ്യുന്ന ഉയർന്ന തുക സംസ്ഥാനം നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്നോ; എങ്കിൽ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) തിരുവനന്തപുരം എയർപോർട്ടിൽ നിന്നും കൂടുതൽ ആഭ്യന്തര, വിദേശ സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ; വിശദവിവരം ലഭ്യമാക്കാമോ?

## കൊച്ചി വാട്ടർ മെട്രോ

2143 **ശ്രീ. എം. എം. മണി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാട്ടർ മെട്രോയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അത്യാധുനിക സൗകര്യമുള്ളതും വേഗതയേറിയതുമായ പൊതുഗതാഗത സംവിധാനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുകയെന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സാധ്യമാക്കുന്നതിന് കൊച്ചി വാട്ടർ മെട്രോ സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കൊച്ചി വാട്ടർ മെട്രോയുടെ ഒന്നാം ഘട്ട പ്രവർത്തന പുരോഗതിയും ഇതിനായി ചെലവഴിച്ച തുകയും ഏതെല്ലാം മേഖലയിൽ നിന്നാണ് ധനസമാഹരണം നടത്തിയതെന്നുമുള്ള വിശദാംശവും ലഭ്യമാക്കാമോ?

## പാർവ്വതി പുത്തനാർ വേളി-ആക്കുളം-വർക്കല ബോട്ട് സർവ്വീസ് പദ്ധതി

2144 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവ്വതി പുത്തനാർ- വേളി- ആക്കുളം- വർക്കല ബോട്ട് സർവ്വീസ് ആരംഭിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ബോട്ട് സർവ്വീസ് എന്ന് മുതൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഈ സർവ്വീസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## വൈപ്പിൻ നിയോജക മണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതി

2145 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ടെർമിനലുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ടെർമിനലുകൾ എന്നത്തേക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

## കൊച്ചി വാട്ടർ മെട്രോ

2146 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ദെലീമ**

**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടെ നഗര ജലഗതാഗതത്തിനായി ഇലക്ട്രിക് ബോട്ടുകളുടെ ലോകത്തിലെ ഏറ്റവും വലിയ സംവിധാനമായി കൊച്ചി വാട്ടർ മെട്രോയെ മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ;

(ഡി) പരിസ്ഥിതി സൗഹൃദവും അപകടസാദ്ധ്യത കുറഞ്ഞതും അത്യാധുനിക സൗകര്യങ്ങളും വേഗതയും പ്രദാനം ചെയ്യുന്നതുമായ വാട്ടർ മെട്രോ പദ്ധതി സാദ്ധ്യമായ എല്ലായിടത്തേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>വെസ്റ്റ് കോസ്റ്റ് കനാൽ നിർമ്മാണം</u>

2147 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മുതൽ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാൽ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ട നീലേശ്വരം-ബേക്കൽ ഭാഗത്ത് പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിനായുള്ള സ്ഥലം ഏറ്റെടുക്കൽ, പദ്ധതി രേഖ തയ്യാറാക്കൽ എന്നിവ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഇതിനുമാത്രമായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>കൊല്ലം കനാലിന്റെ പുനരുദ്ധാരണം</u>

2148 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; റീച്ചുകൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീളുന്നതിനാൽ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>താനൂർ-കൂട്ടായി കനാലിന് കുറുകെയുള്ള വൈശ്യം നടപ്പാലം</u>

2149 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ വെട്ടം ഗ്രാമ പഞ്ചായത്തിലുള്ള പടിയത്ത്പറമ്പ്-ആശാൻപടി ഭാഗങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന താനൂർ-കൂട്ടായി കനാലിന് കുറുകെയുള്ള

വൈശ്യം നടപ്പാലത്തെ ദേശീയ ജലപാത-3-ന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് കോൺക്രീറ്റ് പാലമാക്കി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ?

**ഇൻലാന്റ് നാവിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

2150 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) 2023-24 സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**അക്ഷയ പദ്ധതി**

2151 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ പദ്ധതിക്ക് മാത്രമായി ഒരു ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) അക്ഷയ സേവന നിരക്കുകളിൽ കഴിഞ്ഞ അഞ്ച് വർഷമായി മാറ്റമില്ലാതെ തുടരുന്നത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ശാസ്ത്രീയമായി പഠിക്കാതെ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നത് വിശദമാക്കാമോ?

**സോഷ്യൽ മീഡിയ ടീം**

2152 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ ടീമിന്റെ ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള തുക ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത ടീമിൽ നിലവിൽ പ്രവർത്തിക്കുന്നവരുടെ പേരും തസ്തികയും ശമ്പളവും വിദ്യാഭ്യാസയോഗ്യതയും ഓരോരുത്തരെയും നിയമിച്ച തീയതിയും വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ടീമിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

**സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ**

2153 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര അറ്റസ്റ്റേഷൻ നടത്തി നൽകുന്നത് ഏതെല്ലാം സർട്ടിഫിക്കറ്റുകളിലാണെന്നും ഓരോന്നും അറ്റസ്റ്റ് ചെയ്ത് കിട്ടുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) വിദേശ രാജ്യങ്ങളിലേക്ക് പവർ ഓഫ് അറ്റോർണി ആഭ്യന്തര അറ്റസ്റ്റേഷൻ ചെയ്ത് നൽകുന്നതിന് എന്തെല്ലാം രേഖകളാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ?

## പ്രവാസികൾക്കുള്ള സാന്ത്വന പദ്ധതി

2154 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൽ തിരികെയെത്തിയ പ്രവാസികൾക്കുള്ള സാന്ത്വന പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡപ്രകാരം പത്ത് വർഷം നാട്ടിൽ പൂർത്തിയാക്കിയവർ പ്രവാസി ആനുകൂല്യത്തിനർഹരല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിബന്ധന ഒഴിവാക്കി മുഴുവൻ പ്രവാസികൾക്കും ഇത്തരത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## പ്രവാസി സാന്ത്വനം പദ്ധതി

2155 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടങ്ങി വന്ന പ്രവാസി മലയാളികൾക്കും മരണമടഞ്ഞ പ്രവാസി മലയാളികളുടെ ആശ്രിതർക്കുമായി ആവിഷ്കരിച്ച സാന്ത്വനം പദ്ധതിയ്ക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ടുള്ള എൻഡിപിആർഇഎം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2023-24 ൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തീർപ്പാക്കാനുള്ള അപേക്ഷകരുടെ എണ്ണം എന്നിവ ലഭ്യമാക്കുമോ?

## വിദേശ രാജ്യങ്ങളിൽ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടു പോകുന്ന പ്രവാസികൾ

2156 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ കോടതി വ്യവഹാരങ്ങളിലും നിയമക്കുരുക്കുകളിലും ഉൾപ്പെട്ടു പോകുന്ന പ്രവാസികൾക്ക് വേണ്ടി സർക്കാർ തലത്തിൽ എന്തെല്ലാം സഹായങ്ങളാണ് ചെയ്തു കൊടുക്കുവാൻ കഴിയുന്നതെന്ന് വിശദമാക്കാമോ?

## സാന്ത്വന പദ്ധതി

2157 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക മുഖേന നടപ്പിലാക്കിവരുന്ന സാന്ത്വന പദ്ധതി പ്രകാരം നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; ആയതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് പ്രവാസിയായി രണ്ട് വർഷം ജോലി ചെയ്തിരിക്കേണ്ടതാണ് എന്ന നിബന്ധന ഒരു വർഷമായി കുറയ്ക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

## പ്രവാസി പുനരധിവാസത്തിനായി സ്വാശ്രയ സംഘങ്ങൾ

2158 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരികെ നാട്ടിലെത്തിയ പ്രവാസികൾക്ക് പുനരധിവാസത്തിനായി രൂപീകരിച്ച് രജിസ്റ്റർ ചെയ്ത എത്ര സ്വാശ്രയ സംഘങ്ങൾ മണലൂർ മണ്ഡലത്തിലുണ്ട്;

(ബി) അതിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് നോർക്ക നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കുടുംബശ്രീക്ക് നൽകുന്നതുപോലെയുള്ള ആനുകൂല്യങ്ങൾ ഇത്തരത്തിലുള്ള സ്വാശ്രയസംഘങ്ങൾക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## പ്രവാസി-ഭദ്രത പദ്ധതി

2159 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി-ഭദ്രത പദ്ധതി പ്രകാരം എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിൽ അനുമതിയില്ലാതെ നടന്ന മരമടി മത്സരം

2160 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദത്തിനായി മൃഗങ്ങളെ ഉപയോഗിച്ച് മരമടി മത്സരങ്ങൾ നടത്തുന്നതിന് നിലവിൽ നിയമപരമായ അനുമതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ചിറക്കര ഗ്രാമപഞ്ചായത്തിലെ ചിറക്കര ഏലയിൽ 2023 ഒക്ടോബർ മാസത്തിൽ നടന്ന മരമടി മത്സരം നിയമപാലകരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മത്സരത്തിന്റെ നടത്തിപ്പിനായി വേദിയിൽ ഏതെല്ലാം സർക്കാർ ഉദ്യോഗസ്ഥർ സംബന്ധിച്ചിരുന്നു എന്ന് അറിയിക്കുമോ;

(ഡി) നിയമവിധേയമല്ലാത്ത മേൽ പ്രവൃത്തി സംബന്ധിച്ച് സംഘാടകർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അറിയിക്കുമോ?

## ബി.എസ്.എൻ.എൽ. എൻജിനീയേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി തട്ടിപ്പുകേസിൽ അന്വേഷണം

2161 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് ആക്ട് ഷെഡ്യൂൾ 1 പ്രകാരം സഹകരണ സംഘങ്ങളുടെ റെഗുലേറ്റർ സംസ്ഥാന സർക്കാർ ആയതിനാൽ ബഡ്സ് ആക്ട് സെക്ഷൻ 4 പ്രകാരം ക്രൈം ചാർജ് ചെയ്യുന്നതിനായി സെക്ഷൻ 27 പ്രകാരം പരാതി നൽകാൻ ബി.എസ്.എൻ.എൽ. കോ ഓപ്പറേറ്റീവ് സൊസൈറ്റി തട്ടിപ്പ് കേസിൽ സർക്കാർ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) എത്ര വസ്തുവകകൾ ബഡ്സ് ആക്ട് സെക്ഷൻ 7(3) പ്രകാരം കോംപീറ്റന്റ് അതോറിറ്റി അറ്റാച്ച്മെന്റ് ചെയ്തിട്ടുണ്ട്;

(സി) ഇങ്ങനെയുള്ള താത്കാലികമായ അറ്റാച്ച്മെന്റ് -ൽ ബഡ്സ് ആക്ട് സെക്ഷൻ 14 പ്രകാരം എത്രയെണ്ണം കോടതിയിൽ ആപ്ലിക്കേഷൻ ഫയൽചെയ്തിട്ടുണ്ട്; ഇങ്ങനെ കോടതിയിൽ ഫയൽ ചെയ്തതിൽ എത്രയെണ്ണം കോടതി മുഖാന്തരം അബ്സൊല്യൂട്ട് അറ്റാച്ച്മെന്റ് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) 11-10-2023 ൽ കോ ഓപ്പറേറ്റീവ് രജിസ്ട്രാർ അംഗീകരിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരം ബഡ്സ് ആക്ടിലെ ഏതൊക്കെ സെക്ഷനുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ സംഘത്തിലെ പ്രതികൾ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) ക്രൈം ബ്രാഞ്ച് കണ്ടെടുത്തിട്ടുള്ള വസ്തു വകകളിൽ എത്രയെണ്ണം 31/1/2023 ലെ എഫ്.ഐ.ആർ. നമ്പർ 81/2023 ആയി രജിസ്റ്റർ ചെയ്ത് കോംപീറ്റന്റ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്; വിശദമാക്കാമോ?

## <u>വഞ്ചിയൂർ, മലയിൻകീഴ് പോലീസ് സ്റ്റേഷനുകളിലെ കേസുകളിലെ പ്രതിയുടെ അറസ്റ്റ്</u>

2162 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നമ്പർ 1272/2024, മലയിൻകീഴ് പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നമ്പർ 1294/2024 എന്നീ കേസുകളിലെ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കേസുകളിൽ പ്രതിക്ക് ഹൈക്കോടതിയിൽ നിന്നും മുൻകൂർ ജാമ്യം ലഭിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ എഫ്.ഐ.ആർ. കളിലെ പ്രതി സംസ്ഥാന സർക്കാർ ജീവനക്കാരനാണോ; എങ്കിൽ ഏത് വകുപ്പിലാണ് സേവനം അനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>കോതമംഗലം താലൂക്ക് ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ്</u>

2163 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## സമരങ്ങളിൽ ആക്രമണത്തിന് ഇരയായിട്ടുള്ള പോലീസുദ്യോഗസ്ഥർ

2164 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രതിപക്ഷ സംഘടനകൾ നടത്തിയ സമരങ്ങളിൽ എത്ര പോലീസ് ഉദ്യോഗസ്ഥരാണ് ആക്രമണത്തിന് ഇരയായിട്ടുള്ളതെന്നും എത്ര പോലീസ് വാഹനങ്ങളാണ് തകർത്തിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെയാണ് കേസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പോലീസ് സേനയിലെ ശാക്തീകരണ പ്രവർത്തനങ്ങൾ

2165 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ കഴിഞ്ഞ ഏഴരവർഷമായി നടന്നുവരുന്ന സമാനതകൾ ഇല്ലാത്ത ശാക്തീകരണ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പോലീസ് സേനയിലേയ്ക്ക് നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കെ.എസ്.ആർ. റൂൾ പരിഷ്കരണം

2166 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്ക് പോകുമ്പോഴും വരുമ്പോഴും സംഭവിക്കുന്ന അപകടം കെ.എസ്.ആർ. റൂൾ 97 ലെ ജോലിയിലിരിക്കെ സംഭവിക്കുന്ന അപകടങ്ങളുടെ ഗണത്തിലാണെന്ന് കേരള ഹൈക്കോടതി റൂളിങ്ങ് നൽകിയിട്ടുണ്ടോ;

(ബി) കെ.എസ്.ആർ. റൂൾ 103 പ്രകാരം സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി സമയത്തുള്ള അപകടത്തിനും തുടർന്നുള്ള ചികിത്സയ്ക്കും അനുവദിക്കുന്ന ഹോസ്പിറ്റൽ ലീവിനും ഇതേ വ്യാഖ്യാനം നൽകി ഹൈക്കോടതി റൂളിങ്ങിന് സമാനമായി പരിഷ്കരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഇതേ ആവശ്യം ഉന്നയിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട ഓ.എ.(ഇ.കെ.എം.) 1911/2022 കേസിൽ സർക്കാർ സത്യവാങ്മൂലം നൽകിയോ; ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസ് ഫയൽ ചെയ്ത ജീവനക്കാരിക്ക് കേസ് ഫയൽ ചെയ്തു എന്ന കാരണത്താൽ 2022 സെപ്തംബർ മാസത്തെ ശമ്പളം തടഞ്ഞ് വെച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരിക്ക് അർഹതപ്പെട്ട അവധി, ആർജിത

അവധി,സറണ്ടർ അടക്കമുള്ള ആനുകൂല്യങ്ങൾ കേസിൽ വിധി വന്ന് ലീവ് ക്രമപ്പെടുത്തുന്നത് വരെ തടഞ്ഞ് വെച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത കേസിൽ തീർപ്പ് കൽപ്പിക്കുന്നതുവരെ തർക്കമുള്ള അവധി നീക്കി വെച്ച് അർഹതപ്പെട്ട ശമ്പളവും അവധി ആനുകൂല്യങ്ങളും അനുവദിച്ച് കൊടുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പോലീസ് സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>**

2167 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടാകുന്ന കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള അക്രമ സംഭവങ്ങൾ മുൻകൂട്ടി തിരിച്ചറിയാൻ പോലീസിന് കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവര ശേഖരണത്തിൽ സ്പെഷ്യൽ ബ്രാഞ്ച് വീഴ്ച വരുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥിരമായി സംഘർഷങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളെയും ഗുണ്ടാ സംഘങ്ങളെയും നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

**<u>വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പോലീസ് എയിഡ് പോസ്റ്റ് പുനഃസ്ഥാപിക്കാൻ നടപടി</u>**

2168 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയോട് ചേർന്ന് നിലനിന്നിരുന്ന പോലീസ് എയിഡ് പോസ്റ്റ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വിശദമാക്കാമോ;

(ബി) കൊലപാതകമടക്കം നിരവധി ക്രിമിനൽ ആക്രമണങ്ങൾ സർക്കാർ ആശുപത്രി ജീവനക്കാർക്കെതിരെ തുടർച്ചയായി ഉണ്ടായി വരുന്ന സാഹചര്യത്തിൽ പ്രസ്തുത എയിഡ് പോസ്റ്റ് പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>മയക്കുമരുന്നും മദ്യപാനവും മൂലമുള്ള കുറ്റകൃത്യങ്ങൾ തടയാൻ നടപടി</u>**

2169 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന്, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ

വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം കേസ്സുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മദ്യ-മയക്കുമരുന്ന് സംഘങ്ങളിൽ നിന്നും പോലീസുകാർക്കെതിരെ അക്രമങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇവർക്ക് മതിയായ സുരക്ഷാ ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

**<u>തൊഴിലിടങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന മാനസിക പീഡനം</u>**

2170 **ശ്രീമതി ഉമ തോമസ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ സ്ത്രീകൾ മാനസിക പീഡനത്തിന് ഇരയാകുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലിടത്തിലെ സമ്മർദ്ദം താങ്ങാനാകാതെ പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവം ഗൗരവമായി കാണുന്നുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

**<u>വണ്ടിപ്പെരിയാർ പീഡനകേസ്സിന്റെ അന്വേഷണത്തിലുണ്ടായ വീഴ്ച</u>**

2171 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയെ ക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതിയെ കോടതി കുറ്റവിമുക്തനാക്കിയത് കേസന്വേഷണത്തിന്റെ വീഴ്ച മൂലമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ശാസ്ത്രീയമായി തെളിവ് ശേഖരിക്കുന്നതിന് മന:പൂർവ്വമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമം ചുമത്താതിരുന്നത് കേസിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഡി) ഈ കേസുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവം</u>**

2172 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ മുൻസിഫ്/മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) സഹപ്രവർത്തകരിൽ നിന്നുണ്ടായ മാനസിക പീഡനമാണ് ആത്മഹത്യയിലേക്ക്

നയിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യചെയ്ത സംഭവം</u>**

2173 **ശ്രീമതി ഉമ തോമസ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെ ആത്മഹത്യ പ്രേരണ കുറ്റം ഉൾപ്പെടെ ചുമത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) നിയോഗിക്കപ്പെട്ട ജോലി ചെയ്യാത്ത സഹപ്രവർത്തകനെയും അതിന് പിന്തുണ നൽകുന്നവരെയും ചോദ്യം ചെയ്തതിനെ തുടർന്ന് അവരിൽ നിന്നും ഉണ്ടായ മാനസിക പീഡനം താങ്ങാനാവാതെയാണ് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ ആത്മഹത്യ പ്രേരണാ കുറ്റത്തിന് കേസ് എടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ജൂവലറി നിക്ഷേപ തട്ടിപ്പ് കേസ്സിന്റെ അന്വേഷണ പുരോഗതി</u>**

2174 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജൂവലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തട്ടിപ്പിനിരയായവർക്ക് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ്</u>**

2175 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കേന്ദ്രീകരിച്ച് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് 310/ജി.സി.ഡബ്ല്യൂ/ 2021 നമ്പറായി നൽകിയ കത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യം സംബന്ധിച്ച ഫയൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ശബരിമല തീർത്ഥാടനകാലത്തെ 90 ശതമാനത്തോളം വാഹനങ്ങളും കടന്ന് പോകുന്ന സ്ഥലമെന്നത് പരിഗണിച്ച് പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>റോഡുവക്കിൽ അലക്ഷ്യമായി ഇട്ടിട്ടുള്ള കേബിളുകൾ നീക്കാൻ നടപടി</u>**

2176 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുവക്കിൽ അലക്ഷ്യമായി കേബിളുകൾ ഇടുന്നത് നിമിത്തം വാഹനാപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാത്തത് കാരണം ഉണ്ടാകുന്ന ഇത്തരം അപകടങ്ങൾക്ക് ഉത്തരവാദികളായവർക്ക് എതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ:;

(ബി) ആവശ്യം കഴിഞ്ഞ കേബിളുകൾ റോഡരികിൽ ഉപേക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ നീക്കം ചെയ്യാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

## ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ

2177 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വ്യാപകമായി തുടരുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(സി) ഇതു തട്ടിപ്പുകളെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, തട്ടിപ്പു സംഘങ്ങളെ നിയന്ത്രിക്കുന്നതിനും എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ ബോട്ട് ജീവനക്കാർ

2178 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ എത്ര ബോട്ട് ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) കടലിൽ അപകടങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിന് മാതൃകാപരമായി പ്രവർത്തിക്കുന്ന മേൽപ്പറഞ്ഞവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച് നൽകുന്നതിനും നിയമനം സ്ഥിരപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## പെരുമ്പിലാവിൽ പുതിയ പോലീസ് സ്റ്റേഷൻ

2179 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധി ഏറെ വിസ്തൃതമായതിനാലും പാലക്കാട്, മലപ്പുറം ജില്ലകളുടെ അതിർത്തി പങ്കിടുന്ന പ്രദേശമായതിനാലും കുറ്റകൃത്യങ്ങളുടെ

എണ്ണം വർദ്ധിക്കുന്ന എന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ അപകടമരണങ്ങൾ, മയക്കുമരുന്ന് വ്യാപകമാകുന്നതും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്നതും പ്രസ്തുത സ്റ്റേഷനിലെ പരിമിതമായ പോലീസ് സേനയ്ക്ക് ഏറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പെരുമ്പിലാവ് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>

2180 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലത്തെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം അനുയോജ്യമല്ലെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പകരം സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയപരിധി നിശ്ചയിച്ച് പ്രവൃത്തി നടപ്പിലാക്കുമോ?

## <u>ബാലരാമപുരം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>

2181 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാലരാമപുരം പോലീസ് സ്റ്റേഷന് സ്ഥലം ഏറ്റെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനിലെ ഡിപ്പാർട്ട്മെന്റ് സ്ഥലത്ത് തന്നെ പ്രവർത്തിക്കുന്ന ഔട്ട് പോസ്റ്റിനോട് ചേർന്നുള്ള സ്കൂളിന്റെ സ്ഥലം കൂടി ഏറ്റെടുത്ത് ബാലരാമപുരം ജംഗ്ഷനിൽ തന്നെ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>എടക്കര പോലീസ് സ്റ്റേഷൻ – കെട്ടിട നിർമ്മാണം</u>

2182 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടക്കരയിൽ സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷൻ 60 വർഷത്തോളമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി തരം മാറ്റുന്നതിനുള്ള സംസ്ഥാനതല സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമാക്കാമോ;

(സി) 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ ആക്റ്റ് വകുപ്പ് 27എ(8)

പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പൊതു ആവശ്യത്തിന് പരിവർത്തനപ്പെടുത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് തിരുത്താൻ വകുപ്പ് 27എ(9) പ്രകാരം സർക്കാരിന് അധികാരമുണ്ടോ; എങ്കിൽ പ്രസ്തുത വകുപ്പ് പ്രകാരം മേൽപ്പറഞ്ഞ ഭൂമി പരിവർത്തനപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ;

(ഡി) പൊതു ആവശ്യങ്ങൾക്ക് ഭൂമി പരിവർത്തനപ്പെടുത്താനുള്ള തീരുമാനമെടുക്കാൻ മന്ത്രിസഭാ യോഗത്തിന് കഴിയുന്നതാണോയെന്ന് അറിയിക്കാമോ; 2016 മുതൽ ഇതേ ആവശ്യത്തിന്മേൽ മന്ത്രിസഭാ യോഗം എത്ര തീരുമാനങ്ങളെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ?

## <u>പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി</u>

2183 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന പ്രസ്തുത പോലീസ് സ്റ്റേഷനിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉൾപ്പെടുത്തുക എന്ന് വിശദമാക്കാമോ;

(സി) നിലവിലെ പ്രവൃത്തികളിൽ സ്റ്റേഷന്റെ ചുറ്റുമതിൽ ഉൾപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ സ്റ്റേഷന്റെ സുരക്ഷാ പ്രാധാന്യം കണക്കിലെടുത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ നടപടി</u>

2184 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ കല്ലറയിൽ അനുവദിക്കപ്പെട്ട മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഫർണിഷിങ്, നെറ്റ് വർക്കിംഗ് തുടങ്ങിയ ജോലികൾക്ക് ആവശ്യമായ തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തുക അനുവദിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കാമോ?

## <u>പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം</u>

2185 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പുളിക്കീഴ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ തുക ഒന്നിച്ച് അനുവദിച്ച് കെട്ടിട നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## ആഭ്യന്തര വകുപ്പിന്റെ കീഴിൽ പുതിയ ഓഫീസ് കെട്ടിടങ്ങൾ

2186 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആഭ്യന്തര വകുപ്പിന്റെ കീഴിൽ ഏതൊക്കെ ഓഫീസുകൾക്കാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വിശദമാക്കാമോ?

## കോഴഞ്ചേരി പോലീസ് സ്റ്റേഷന് കെട്ടിടം

2187 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശോച്യാവസ്ഥയിലായ കോഴഞ്ചേരി പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിലെ കാലതാമസം

2188 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഫ്.ഐ.ആർ.നമ്പർ 1176 കാസർഗോട് പോലീസ് ഏത് തീയതിയിലാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത എഫ്.ഐ.ആർ-ന് ആസ്പദമായ സംഭവം നടന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ; സംഭവത്തെക്കുറിച്ചുള്ള വിശദാംശം നൽകാമോ;

(ബി) സംഭവം നടന്ന് എത്ര ദിവസം കഴിഞ്ഞതിന് ശേഷമാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) കേസിൽ എത്ര പ്രതികളാണുള്ളതെന്നും ചുമത്തിയ വകുപ്പുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) എഫ്.ഐ.ആർ. നമ്പർ 1176-ൽ പറഞ്ഞ കുറ്റകൃത്യം ചെയ്യാനുണ്ടായ കാരണവും സാഹചര്യവും എന്താണെന്ന വിവരം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) പ്രതികൾ മുൻപ് ഏതെങ്കിലും കേസ്സിൽ ഉൾപ്പെട്ടിരുന്നുവോ; എങ്കിൽ വിശദാംശം നൽകാമോ; പോലീസല്ലാതെ മറ്റേതെങ്കിലും ഏജൻസി ഈ കേസ് അന്വേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ അതിന് സാധ്യത ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

## പുനലൂരിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കാൻ നടപടി

2189 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയിൽ നിന്നും പുനലൂരിൽ ഒരു ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി അയച്ചിട്ടുള്ള പ്രൊപ്പോസൽ പോലീസ് ആസ്ഥാനത്ത് നിന്നും സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) എങ്കിൽ, പോലീസ് ആസ്ഥാനത്ത് നിന്നും പ്രൊപ്പോസലിന്മേൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തമിഴ്നാട് അതിർത്തിയോട് ചേർന്നതും നാഷണൽ ഹൈവേ 744, മലയോര ഹൈവേ എന്നിവ കടന്ന് പോകുന്നതും പി.ഡബ്ല്യു.ഡി. യുടെ വിവിധ റോഡുകൾ സംഗമിക്കുകയും ചെയ്യുന്ന പുനലൂരിൽ ഒരു ട്രാഫിക്ക് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ രാത്രി കാലങ്ങളിൽ പോലീസ് സേവനം

2190 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് ഔട്ട് പോസ്റ്റിൽ എല്ലാ ദിവസവും രാത്രി കാലങ്ങളിൽ പോലീസിന്റെ സേവനം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഔട്ട് പോസ്റ്റിൽ എത്രപേരെയാണ് ഡ്യൂട്ടിയ്ക്ക് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ നടപടി

2191 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും സ്ഥാപിക്കേണ്ട നിരീക്ഷണ ക്യാമറകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണെന്ന് വിശദമാക്കുമോ?

## ഡി-ഡാഡ് പദ്ധതി

2192 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതമായ മൊബൈൽ ഫോൺ ഉപയോഗം, ഓൺലൈൻ ഗെയിം ആസക്തി എന്നിവ മൂലം ഉണ്ടാകുന്ന സ്വഭാവ വൈകല്യങ്ങൾക്ക് ചികിത്സ തേടിയെത്തുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുട്ടികളിലെ ഡിജിറ്റൽ ആസക്തി മാറ്റാനും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗം പഠിപ്പിക്കാനും കേരള പോലീസ് ഡി-ഡാഡ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ എവിടെയെല്ലാമാണ് ഡി-ഡാഡ് സെന്ററുകൾ പ്രവർത്തിക്കുന്നത്; എല്ലാ ജില്ലകളിലും ഡി-ഡാഡ് സെന്ററുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ആർ.ആർ.ആർ.എഫ്. വിഭാഗം പോലീസ് ഉദ്യോഗസ്ഥരുടെ അമിത ജോലി ഭാരം</u>**

2193 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിലെ റാപ്പിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സ് (ആർ.ആർ.ആർ.എഫ്.) വിഭാഗത്തിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ അമിത ജോലിഭാരം കാരണം കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായുള്ള വാർത്തകൾ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഈ സാഹചര്യത്തിൽ പ്രസ്തുത സേനയുടെ അംഗബലം ഉയർത്തുന്നതിനും മാനസിക സമ്മർദ്ദവും ആരോഗ്യ പ്രശ്നങ്ങളും ഒഴിവാക്കുന്ന രീതിയിൽ ഡ്യൂട്ടി ക്രമീകരണം നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

**<u>കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പ്</u>**

2194 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ ജോലി ഭാരം സംബന്ധിച്ചും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചും ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ വർക് സ്റ്റഡി റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വർക് സ്റ്റഡി സിറ്റിംഗുകൾ കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭ്യമാവും; വിശദമാക്കാമോ;

(ബി) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ രാസ പരിശോധന ലാബുകളിൽ ജോലി ഭാരം കുറയ്ക്കുന്നതിനായി പുതിയ തസ്തികകൾ അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് കൊണ്ട് വകുപ്പിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; വിശദമാക്കാമോ;

(സി) കെമിക്കൽ എക്സാമിനേഷൻ വകുപ്പിലെ രാസ പരിശോധന ലാബുകളിൽ 2023 ഡിസംബർ മാസത്തിലെ കണക്ക് അനുസരിച്ച് 59389 കേസുകളിലായി 180515 സാമ്പിൾ പരിശോധനക്കായി കെട്ടി കിടക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്രയും രാസ പരിശോധന സാമ്പിളുകൾ കെട്ടി കിടക്കുന്നത് കൊണ്ട് വിവിധ ലഹരിവസ്തുക്കളുടെ കേസുകളിൽ കുറ്റവാളികൾക്ക് ജാമ്യം ലഭിക്കുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; പരിശോധിക്കേണ്ട സാമ്പിൾസിന്റെ എണ്ണം അനുസരിച്ച് സയന്റിഫിക് ഓഫീസർമാരുടെ എണ്ണം കുറവാണ് എന്ന പ്രശ്നം പരിഹരിക്കാൻ എന്ത് നടപടിയാണ് പരിഗണനയിൽ ഉള്ളത്; വിശദമാക്കാമോ;

(ഡി) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ നിന്നുള്ള രാസപരിശോധനാഫലം വൈകുന്നത് സംബന്ധിച്ച കോടതി പരാമർശങ്ങളും പത്ര വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ രാസ പരിശോധന ലാബുകളിൽ കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും പരിശോധനക്ക് ലഭിച്ച സാമ്പിൾസിന്റെ എണ്ണം, മുൻ വർഷത്തെ അപേക്ഷിച്ച് സാമ്പിൾസിൽ വന്ന വർദ്ധനവിന്റെ ശതമാനം, ഓരോ വർഷവും പരിശോധന പൂർത്തിയായതിന്റെ എണ്ണം, പെൻഡിംഗിന്റെ എണ്ണം, അതത് വർഷങ്ങളിൽ പരിശോധനക്കായി ഉണ്ടായിരുന്ന സയന്റിഫിക് ഓഫീസർമാരുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ ?

## എം.എസ്.പി. ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ

2195 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 17-04-2023-ൽ നിലവിൽ വന്ന എം.എസ്.പി. ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ (കാറ്റഗറി നമ്പർ 530/2019) റാങ്ക് പട്ടികയിൽ നിന്നും എത്രപേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) കെ.എ.പി. 6 ബറ്റാലിയനിലേക്കുള്ള നിയമനങ്ങളും പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നികത്താമോ എന്ന് പരിശോധിക്കാമോ?

## ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ നിയമനം

2196 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പോലീസ് വകുപ്പിന് കീഴിൽ ഫോറൻസിക് സയൻസ് ലാബിലേയ്ക്കുള്ള സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ കേരള പോലീസ് അക്കാദമി നടത്തുന്ന എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് കഴിഞ്ഞവരെ പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് ആരംഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ശിപാർശ നൽകിയിരുന്നോ; പ്രസ്തുത കോഴ്സ് നടത്തുന്നത് വഴി മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള നിയമനം ലഭിക്കുന്നവർക്ക് അധിക പരിശീലനം നൽകേണ്ടതില്ലെന്നും അതുവഴി സർക്കാരിനുണ്ടാകുന്ന ബാധ്യത ഒഴിവാക്കാമെന്നും വിലയിരുത്തിയിരുന്നോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത കോഴ്സിനെ പി.എസ്.സി. യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിന്

ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് കാരണമെന്ത്; വിശദീകരിക്കാമോ;

(ഡി) സംസ്ഥാനത്ത് നിന്നും ഫോറൻസിക് സയൻസ് കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾ കേന്ദ്ര ഫോറൻസിക് സയൻസ് ലാബുകളിൽ താൽക്കാലിക ജീവനക്കാരായി സേവനം നോക്കുന്ന നിലവിലെ സ്ഥിതി ഒഴിവാക്കുന്നതിനായി പി.എസ്.സി. യോഗ്യതകളിൽ പ്രസ്തുത കോഴ്സ് ഉൾപ്പെടുത്തുന്നതിനും കേരള പോലീസ് അക്കാദമി നടത്തുന്ന എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് കഴിഞ്ഞവർക്ക് മേല്പറഞ്ഞ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് മുൻഗണന നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) കേരളത്തിലെ ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് കൂടി ഉൾപ്പെടുത്തണമെന്ന് കാണിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കത്ത് ലഭിച്ചിരുന്നോ; ലഭിച്ചെങ്കിൽ ഇതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

## പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിലെ നിയമനം

2197 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ നിയമനത്തിനായുള്ള കാറ്റഗറി നമ്പർ 530/2019 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനത്തിനായി ഓരോ ബറ്റാലിയനിൽ നിന്നും റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും പ്രസ്തുത ഒഴിവുകൾ എതൊക്കെ വർഷങ്ങളിലേതാണെന്നും അറിയിക്കുമോ; ഇപ്രകാരമുള്ള ഒഴിവുകൾ സംജാതമായതിന്റെ വിവരങ്ങൾ കൂടി നൽകാമോ;

(ബി) വകുപ്പിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം, വിരമിക്കൽ, കെ.സി.പി. ട്രാൻസ്ഫർ, ഡെപ്യൂട്ടേഷൻ എന്നിവയ്ക്കാനുപാതികമായി എത്ര ഒഴിവുകൾ കൂടി പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ സംജാതമാകുമെന്ന് അറിയിക്കാമോ?

## പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ നിയമനം

2198 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 657/2017 നോട്ടിഫിക്കേഷൻ മുഖാന്തിരം തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 30.07.2019 മുതൽ 02.07.2020 വരെ എത്ര നിയമനശിപാർശകളാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ, റാങ്ക് പട്ടിക കാലാവധി അവസാനിക്കാൻ പോകുന്നു എന്ന കാരണത്താൽ 2021, 2022 വർഷങ്ങളിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ 2020-ൽ തന്നെ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അങ്ങനെ റിപ്പോർട്ട് ചെയ്ത് നൽകിയ ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പോലീസ് സേനയിലെ ആശ്രിത നിയമനം

2199 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പോലീസ് സേനയിൽ സേവനത്തിലിരിക്കവെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്നതിൽ വർഷങ്ങളുടെ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പോലീസ് സേനയിൽ ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ അപേക്ഷകർക്ക് മറ്റ് വകുപ്പുകളിൽ നിയമനം ലഭിക്കുവാൻ ഓപ്ഷൻ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) വിവിധ വകുപ്പുകളിലെ ആശ്രിത നിയമന അപേക്ഷകൾ ക്രോഡീകരിച്ച് ഏകീകൃത ലിസ്റ്റാക്കി പ്രസ്തുത ലിസ്റ്റിൽ നിന്നും സീനിയോറിറ്റി അനുസരിച്ച് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>സംസ്ഥാന സിവിൽ സർവ്വീസിലുള്ള അഴിമതി കേസ്സുകൾ</u>

2200 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി ഇല്ലാതാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര അഴിമതി കേസുകളാണ് സംസ്ഥാന വിജിലൻസ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>കോഴിക്കോട് ജില്ലയിലെ കുടുംബ കോടതികൾ</u>

2201 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര കുടുംബകോടതികൾ ഉണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) വടകര കുടുംബകോടതിയുടെ പരിധിയിൽ ഏതൊക്കെ താലൂക്കുകളാണ് ഉൾപ്പെട്ടിട്ടുള്ളത്; നിലവിൽ വടകര കുടുംബ കോടതിയിൽ എത്ര കേസുകൾ പരിഗണനയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പരിഗണനയിൽ ഉള്ള കേസുകൾ തീർപ്പാക്കുന്നതിന് താലൂക്ക് തല അദാലത്തുകൾ പരിഗണിക്കുന്നുണ്ടോ;

(ഡി) പേരാമ്പ്രയിൽ കുടുംബകോടതി അനുവദിക്കണമെന്ന് പേരാമ്പ്ര ബാർ അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാറിന്റെ പരിഗണനയിലുണ്ടോ?

## <u>കോടതികളിലെ ഇ-ഫയലിംഗ് സംവിധാനം</u>

2202 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ ഇ-ഫയലിംഗ് സംവിധാനം നിലവിൽ വന്നതോടെ അഭിഭാഷക ക്ലർക്കുമാർ തൊഴിൽ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇ-ഫയലിംഗ് സംവിധാനത്തിൽ കൈയെഴുത്ത് പ്രതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പകർപ്പ് അപേക്ഷകൾ ഇ-ഫയലിംഗിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കോടതികളിൽ ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## കോടതി ജീവനക്കാരുടെ സംയോജനം

2203 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി നിർദ്ദേശിച്ചിട്ടും സംസ്ഥാനത്തെ സിവിൽ- ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനം മന്ദഗതിയിലാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സംയോജനം സംബന്ധിച്ച് ഹോം (എൽ) സെക്ഷന്റെ പരിഗണനയിലിരിക്കുന്ന ഫയലിലെ നടപടികൾ വേഗത്തിലാക്കുമോ; സംയോജനം സംബന്ധിച്ച ഫയൽ ലക്ഷ്യം കാണാത്തത് എന്തെങ്കിലും തടസ്സം നേരിടുന്നതിനാലാണോ; വിശദമാക്കുമോ?

## പയ്യന്നൂർ കോടതി കെട്ടിട നിർമ്മാണം

2204 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണ് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് എന്നത്തേക്കു ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്ലാനിൽ പറഞ്ഞിരിക്കുന്ന എല്ലാ ഘടകങ്ങളും പൂർത്തീകരിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## പോക്സോ കേസുകൾ സംബന്ധിച്ച ഇന്റലിജൻസ് കണ്ടെത്തലുകൾ

2205 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികളിൽ എത്തുന്ന പോക്സോ കേസുകൾ ഒത്തുതീർപ്പാക്കാൻ പബ്ലിക് പ്രോസിക്യൂട്ടർമാർ ഇടനിലക്കാരാകുന്നതായി ഇന്റലിജൻസ് വിഭാഗം

കണ്ടെത്തിയിട്ടുണ്ടോ;

(ബി) കോടതിയിലെത്തുന്ന പോക്സോ കേസുകൾ പരിശോധിക്കാൻ എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ;

(സി) ഇടനിലക്കാരുടെ സ്വാധീനത്തിൽ മൊഴി മാറ്റുന്നതിനാൽ പ്രതികൾ രക്ഷപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>ചവറ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>

2206 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിൽ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി കെ.എം.എം.എൽ. കൈമാറിയ 50 സെന്റ് ഭൂമിയിൽ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

## <u>വെള്ളരിക്കുണ്ട് ഫയർ സ്റ്റേഷൻ</u>

2207 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വെള്ളരിക്കുണ്ട് താലൂക്കിലെ പരപ്പ-ബിരിക്കുളത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## <u>അടിവാരം ഫയർ സ്റ്റേഷൻ</u>

2208 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച പത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അടിവാരം ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ;

(സി) എങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷൻ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം</u>

2209 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടത്തിന്റെ ശോച്യാവസ്ഥ കാരണം ഫിറ്റ്നസ് നഷ്ടപ്പെട്ട് താത്ക്കാലികമായി മാറ്റിയ കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണം

2210 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഫയർ സ്റ്റേഷൻ നിർമ്മിക്കുന്ന സ്ഥലം സി.ആർ.ഇസെഡ് പരിധിയിൽപ്പെടുന്നതാണോ; വ്യക്തമാക്കുമോ;

(സി) ഫയർ സ്റ്റേഷൻ നിർമ്മാണം സി.ആർ.ഇസെഡ് പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## മാവൂർ ഫയർ സ്റ്റേഷൻ

2211 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ ഫയർ സ്റ്റേഷൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ സാഹചര്യത്തിൽ പ്രസ്തുത ഫയർ സ്റ്റേഷൻ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

## ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വകുപ്പിന്റെ ആധുനികീകരണം

2212 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വകുപ്പിനെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എവിടെയെല്ലാമാണ് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വാമനപുരം മണ്ഡലത്തിൽ നന്ദിയോട് പഞ്ചായത്തിൽ പാലോട് അനുമതി ലഭിച്ച പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള താൽക്കാലിക കെട്ടിടത്തിൽ ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

## നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ

2213 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പുതിയ ജയിലുകളുടെ നിർമ്മാണ പ്രവൃത്തി

2214 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പുതിയ ജയിലുകളുടെ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള അവയുടെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(ബി) ജയിൽ നിർമ്മാണത്തിനായി വകുപ്പിന് സ്ഥലം ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ തുടങ്ങാത്ത ഏതെങ്കിലും പ്രൊപ്പോസലുകൾ ഉണ്ടോ; എങ്കിൽ അത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലാ ജയിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി

2215 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ജയിൽ മാറ്റി സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ഭൂമി ജയിൽ വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ജയിലുകളിലെ അടിസ്ഥാന സൗകര്യവും സുരക്ഷയും വർദ്ധിപ്പിക്കുന്നതിന് നടപടി

2216 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിൽ സുരക്ഷ സംബന്ധിച്ച് ജയിൽ വകുപ്പ് മേധാവി എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) തടവുകാരുടെ ആധിക്യം മൂലം ജയിലുകളിലെ അടിസ്ഥാന സൗകര്യവും സുരക്ഷയും വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## പുതുവൈപ്പിൻ ജയിൽ വകുപ്പിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

2217 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിൻ വില്ലേജിൽ ജയിൽ വകുപ്പിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) റവന്യൂ വകുപ്പ് പ്രസ്തുത ഭൂമി ജയിൽ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂമി കൈമാറുന്നതിനുണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

## കേരള ഗവൺമെന്റ് പ്രെസ്സസ് സബോർഡിനേറ്റ് സർവീസ് (അമെൻമെന്റ്) സ്പെഷ്യൽ റൂൾ 2021

2218 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) എസ്.ആർ.ഒ. നം. 177/2021 ആയി 16.02.2021 ൽ വിജ്ഞാപനം ചെയ്ത കേരള ഗവണ്മെന്റ് പ്രെസ്സസ് സബോർഡിനേറ്റ് സർവീസ് (അമെൻമെന്റ്) സ്പെഷ്യൽ റൂൾ 2021 പ്രാബല്യത്തിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭേദഗതിയിൽ, അസിസ്റ്റന്റ് ഫോർമാൻ (മെഷീൻ) തസ്തികയുടെ ഫീഡർ കാറ്റഗറി ആയ ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I ൽ നിന്നും ബൈ ട്രാൻസ്ഫർ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ശരിയാണോ; തെറ്റ് കടന്നു കൂടിയതാണെങ്കിൽ തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരം 08/09/2023 ന് പ്രൊമോഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ നിരവധി ജീവനക്കാർക്ക് ഇത് കാരണം സീനിയോറിറ്റി നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അച്ചടി വകുപ്പിലെ പ്രൊമോഷൻ നടപടികൾ തടഞ്ഞുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവുകൾ നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ; അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് മറികടന്ന് വകുപ്പിൽ പ്രൊമോഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പരിശോധിക്കുമോ;

(ഇ) അച്ചടി വകുപ്പിൽ മെഷീൻ സെക്ഷനിലെ പ്രിന്റർമാരും, ഓഫ് സെറ്റ് ഓപ്പറേറ്റർമാരും തമ്മിൽ നിലനിൽക്കുന്ന സീനിയോറിറ്റി തർക്കം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കാക്കനാട് മെട്രോ ടൗൺഷിപ്പ്

2219 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനാട് മെട്രോ ടൗൺഷിപ്പിന് വേണ്ടി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നും പ്രസ്തുത പദ്ധതിക്കായി എത്ര സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) ടൗൺഷിപ്പ് നിർമ്മാണത്തിനായി അതിന്റെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും ഇത് എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത എൻ.ജി.ഒ ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള പ്രദേശം നിലവിൽ കാടുപിടിച്ച് മാലിന്യം തള്ളൽ കേന്ദ്രങ്ങളായും ലഹരി മാഫിയകളുടെ പ്രവർത്തന മേഖലയായും മാറിയിരിക്കുന്നത് പൊതുജനങ്ങളുടെ സ്വൈര ജീവിതത്തിന് ഭീഷണി ആയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങൾ വൃത്തിയാക്കി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പുതുക്കിയ പാക്കേജ്

2220 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പുതുക്കിയ പാക്കേജ് സംസ്ഥാനത്തു നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പാക്കേജ് പുതുക്കി നൽകണമെന്ന സ്വകാര്യ ആശുപത്രികളുടെ ആവശ്യത്തിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

2221 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്)യിൽ പുതുതായി രജിസ്ട്രേഷൻ നടത്താൻ കഴിയുന്നില്ല എന്നതിനാൽ പദ്ധതിയുടെ ഡേറ്റാബേസ് പുതുക്കി അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളേയും പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആരോഗ്യ കിരൺ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ

2222 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ കിരൺ പദ്ധതി പ്രകാരം ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ആരോഗ്യമേഖലയിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

2223 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ആരോഗ്യവകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

## ആരോഗ്യ സുരക്ഷാ പദ്ധതികളിലെ കുടിശിക

2224 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി,ആർ.ബി.എസ്.കെ., ആരോഗ്യകിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം എന്നീ പദ്ധതികളിലായി ഓരോ ആശുപത്രിക്കും എത്രമാസത്തെ തുക കുടിശികയുണ്ട്; ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ; മെഡിസെപ് പദ്ധതി പ്രകാരം എത്ര തുകയാണ് ആശുപത്രികൾക്ക് നൽകാനുള്ളതെന്നും ഓരോ ആശുപത്രിക്കും എത്രമാസത്തെ തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ ?

**<u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കുടിശ്ശിക</u>**

2225 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആശുപത്രികൾക്ക് കുടിശ്ശിക നൽകാത്തത് മൂലം സംസ്ഥാനത്തെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രതിസന്ധിയിലായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്ത് തീർത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

**<u>കൊല്ലം വിക്ടോറിയ ആശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതി</u>**

2226 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കൊല്ലം വിക്ടോറിയ ആശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; പ്രസ്തുത പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>ജീവിതശൈലീ രോഗങ്ങൾ ചെറുക്കുന്നതിനുള്ള പദ്ധതികൾ</u>**

2227 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ ചെറുക്കുന്നതിന് ആരോഗ്യകേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

**<u>കാരുണ്യ ബെനവലന്റ് പദ്ധതി കുടിശിക</u>**

2228 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ഭാഗമായി വിവിധ ആശുപത്രികൾക്കുള്ള കുടിശ്ശിക നൽകാത്തത് കാരണം പാവപ്പെട്ട ജനങ്ങൾക്ക് പദ്ധതി സഹായം ലഭ്യമാകുന്നില്ല എന്ന ആരോപണം ഗൗരവമായി കാണുന്നുണ്ടോ;

(ബി) കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ഭാഗമായി വിവിധ ആശുപത്രികൾക്കായി 189 കോടിയിലേറെ രൂപയുടെ കുടിശ്ശികയുണ്ട് എന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും പാവപ്പെട്ട രോഗികൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സൗജന്യ ചികിത്സ

2229 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ ചികിത്സ നൽകുന്നതിൽ ആരോഗ്യവകുപ്പ് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസ്പ് വഴി നൽകിയ സൗജന്യ ചികിത്സയുടെ വിശദാംശങ്ങൾ നൽകാമോ?

## ഇ-ഹെൽത്ത് സംവിധാനം

2230 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം സജ്ജമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് സമ്പൂർണ്ണമായും ഇ-ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കാനാകുമോ; എങ്കിൽ ആയത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വിശദമാക്കാമോ;

(ബി) കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഇ-ഹെൽത്ത് സംവിധാനം ഏതൊക്കെ ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക

2231 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതു വരെ ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പെരിട്ടോണിയൽ ഡയാലിസിസ്

2232 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ പോകാൻ കഴിയാത്ത രോഗികൾക്ക് വീട്ടിൽ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി എത്ര

ജില്ലകളിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതിന് സർക്കാർ എത്ര ഫണ്ട് ആണ് ഇതുവരെ വിനിയോഗിച്ചതെന്ന് വിശദമാക്കാമോ?

## ഇ-ഹെൽത്ത് സംവിധാനം

2233 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള ഇ-ഹെൽത്ത് സംവിധാനം വിശദമാക്കാമോ; പ്രസ്തുത സംവിധാനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠിക്കുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പരിഗണനാ വിഷയങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അറിയിക്കാമോ;

(സി) പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട ഏതെല്ലാം സേവനങ്ങളാണ് ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഇ-ഹെൽത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികളുടെ സമഗ്രമായ ആരോഗ്യ രേഖകളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ഇ) ഇ-സഞ്ജീവനി ടെലിമെഡിസിൻ മുഖേന സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഗ്രാമീണ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാമോ?

## കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ലഭ്യമായ ആശുപത്രികൾ

2234 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ സേവനം സംസ്ഥാനത്തെ എത്ര ആശുപത്രികളിൽ നിലവിൽ ലഭ്യമാണെന്ന് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) നിലവിൽ കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നിർത്തലാക്കിയ ആശുപത്രികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

2235 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നിന്നും പിന്മാറിയ ആശുപത്രികൾ എത്രയെണ്ണമുണ്ട്; ജില്ലതിരിച്ചുള്ള പേര് വിവരം ലഭ്യമാക്കുമോ;

(ബി) യഥാസമയം പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കാത്തത് കാരണം ഏകദേശം എത്ര ഗുണഭോക്താക്കൾക്ക് ചികിത്സാസഹായം ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട് എന്നത് കണക്കാക്കിയിട്ടുണ്ടോ; പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**ശ്രുതിതരംഗം പദ്ധതി**

2236 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ നടപ്പാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിയെ സംബന്ധിച്ച് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ശ്രവണ വൈകല്യം നേരിടുന്ന അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷനും അനുബന്ധ സേവനങ്ങളും സൗജന്യമായി ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ആരോഗ്യ വകുപ്പിലെ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത് ആരാണ്; അർഹരായ കുട്ടികളെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ശ്രുതിതരംഗം പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

**കോട്ടായി പി.എച്ച്.സി നവീകരണം**

2237 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ കോട്ടായി പി.എച്ച്.സി നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

**വടക്കാഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രം അഡീഷണൽ ബ്ലോക്ക് നിർമ്മാണം**

2238 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം</u>**

2239 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ആയുർവേദ ഹോമിയോ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണം</u>**

2240 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കിഫ്ബി വഴിയുള്ള കെട്ടിട നിർമാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) അടിയന്തരമായി പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി ആശുപത്രി ജീവനക്കാരുടെയും രോഗികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാമോ?

**<u>ഡെന്റിസ്റ്റുകൾക്ക് ആനുപാതികമായി ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ നടപടി</u>**

2241 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എത്ര ഡെന്റിസ്റ്റുകളാണ് നിലവിൽ ജോലി ചെയ്ത് വരുന്നത് എന്ന് വ്യക്തമാക്കാമോ; താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, സി.എച്ച്.സി. എന്നിങ്ങനെ തരം തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഡെന്റൽ ഹൈജീനിസ്റ്റുകൾ എത്ര ഉണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(സി) ആശുപത്രികളിൽ ഡന്റിസ്റ്റുകൾക്ക് ആനുപാതികമായി ഡെന്റൽ ഹൈജീനിസ്റ്റുകളുടെ പോസ്റ്റ് ക്രിയേഷൻ നടത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങൾക്കായി വാങ്ങുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ</u>**

2242 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും കൂടി ആകെ എത്ര

വാഹനങ്ങളാണ് നിലവിലുള്ളത്; സ്ഥാപനം, വാഹനങ്ങളുടെ ഇനം എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര വാഹനങ്ങളാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്; പ്രവർത്തനക്ഷമമല്ലാത്തവയിൽ അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നവ എത്രയാണ്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ വാഹനങ്ങൾ വകുപ്പിലെ ഏതൊക്കെ ഉദ്യോഗസ്ഥരുടെ പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) വകുപ്പിന് കീഴിൽ ആകെ എത്ര ഡ്രൈവർമാരാണ് ഉള്ളത്; ഓരോ ജില്ലയിലേയും സ്ഥിരം ഡ്രൈവർമാരുടെയും താൽക്കാലിക ഡ്രൈവർമാരുടെയും എണ്ണം എത്ര വീതമാണെന്ന് അറിയിക്കുമോ;

(ഇ) ഒരു പ്രാദേശിക ആരോഗ്യ കേന്ദ്രത്തിന്റെ ഉപയോഗത്തിലേക്കായി എം.എൽ.എ.ഫണ്ട് പോലുള്ള പ്രാദേശിക ഫണ്ട് ഉപയോഗിച്ച് ഒരു വാഹനം വാങ്ങുമ്പോൾ പ്രസ്തുത വാഹനം വകുപ്പിലെ ഏത് ഉദ്യോഗസ്ഥന്റെ പേരിലാണ് രജിസ്റ്റർ ചെയ്യാൻ അനുമതി ഉള്ളത്;

(എഫ്) നിലവിൽ ആരോഗ്യ കേന്ദ്രങ്ങൾക്കായി വാങ്ങുന്ന വാഹനങ്ങളുടെ രജിസ്ട്രേഷന് വേണ്ടി സർക്കാരിൽ നിന്നും അനുമതി വാങ്ങിയശേഷം ഡയറക്ടറുടെ പേരിൽ മാത്രം രജിസ്റ്റർ ചെയ്യുന്നതിനാണോ അനുമതി ഉള്ളത്; വാഹനങ്ങൾ വാങ്ങുന്നതിലും രജിസ്റ്റർ ചെയ്യുന്നതിലുമുള്ള നടപടികൾ പൂർത്തിയാക്കുന്നതിൽ ഇത് വലിയ കാലതാമസം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങൾക്കായി വാങ്ങുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ?

## പാനൂർ താലൂക്ക് ആശുപത്രി സ്ഥലമെടുപ്പ്

2243 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ താലൂക്ക് ആശുപത്രി സ്ഥലമെടുപ്പ് നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പാനൂർ താലൂക്ക് ആശുപത്രി സ്ഥലമെടുപ്പ് നടപടികൾ തടസ്സങ്ങൾ നീക്കി യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം

2244 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ക്ലിനിക്കൽ

സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) എല്ലാ ജില്ല, താലൂക്ക് ആശുപത്രികളിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ആവശ്യമാണെന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്തത് മൂലം ഭിന്നശേഷിക്കാർക്ക് മനശാസ്ത്ര പരിശോധനകളും ചികിൽസകളും ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം എല്ലാ ജില്ല, താലൂക്ക് ആശുപത്രികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കോവളം മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം</u>

2245 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രോഗികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം നിലവിൽ ഇല്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിഴിഞ്ഞം കേന്ദ്രീകരിച്ച് ഒരു മേജർ ആശുപത്രി സ്ഥാപിക്കുന്നതിലേക്ക് നിലവിലുള്ള ആശുപത്രിയോട് ചേർന്ന് അഞ്ച് ഏക്കർ സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ ?

## <u>കോങ്ങാട് മണ്ഡലത്തിലെ ആശുപത്രികളിലെ വികസനം</u>

2246 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ആശുപത്രികളിലെ അംഗീകൃത തസ്തികകളുടെ നിലവിലെ ഒഴിവുകളുടെ ആശുപത്രി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഇനി കുടുംബാരോഗ്യകേന്ദ്രങ്ങൾ ആക്കി ഉയർത്താനുണ്ടെന്ന് വ്യക്തമാക്കാമോ; അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

## <u>കുമ്പള സി. എച്ച്. സി. കെട്ടിട നിർമ്മാണം</u>

2247 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള സി.എച്ച്.സി. യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## <u>ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി</u>

2248 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ ടാറ്റ ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കമോ ;

(ബി) ഇവിടെ പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ഇരുമ്പ് കണ്ടെയ്നറുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

**<u>നെന്മാറ മണ്ഡലത്തിലെ ആശുപത്രികളിലെ വാഹന സൗകര്യം</u>**

2249 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് നിലവിൽ വാഹന സൗകര്യം ഇല്ലാത്തത് എന്ന് വിശദമാക്കുമോ;

(ബി) ഈ ആശുപത്രികളിൽ അടിയന്തരമായി വാഹനം അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>അരുക്കുറ്റി ആശുപത്രിയിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം</u>**

2250 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരുക്കുറ്റി ആശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത വാർഡ് നിർമ്മിക്കുന്നതിന് അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>കോട്ടപ്പറമ്പ് ഹോസ്പിറ്റലിൽ ക്വാർട്ടേഴ്സ്</u>**

2251 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പറമ്പ് ഹോസ്പിറ്റലിൽ നഴ്സസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പാർക്കിംഗ് സൗകര്യത്തോട് കൂടി ക്വാർട്ടേഴ്സ്, ബ്ലഡ് ബാങ്ക് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിന് പി.എം.ജെ.എ.വൈ. പദ്ധതി പ്രകാരം ധനം കണ്ടെത്തുന്നതിനുള്ള ശ്രമത്തിന്റെ സ്ഥിതി വിവരിക്കാമോ;

(സി) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഡയാലിസിസ് സെന്റർ നിർമ്മിക്കുന്നതിനുള്ള

നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## തിരുവല്ല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കെട്ടിട നിർമ്മാണം

2252 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കൊണ്ടോട്ടി താലൂക്ക് ആശുപത്രി വികസനം

2253 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വികസനത്തിന് ഇത് വരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്; ഇതിനെ താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക് ഉയർത്തുമ്പോൾ ഏതെല്ലാം തസ്തികകൾ ആവശ്യമായി വരുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ തസ്തികകൾ എന്നത്തേക്ക് സൃഷ്ടിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

## പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

2254 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിപുലീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതുതായി അനുവദിച്ച തസ്തികകൾ സംബന്ധിച്ച വിശദാംശം നിലവിൽ സ്ഥപനത്തിലുള്ള ജീവനക്കാരുടെ വിശദാംശം എന്നിവ തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള ധനസഹായം സർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## അങ്കമാലി താലൂക്കാശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം

2255 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി താലൂക്കാശുപത്രിയിലും മറ്റ് സി.എച്ച്.സികൾക്കു കീഴിലുള്ള ആശുപത്രികളിലും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അങ്കമാലി താലൂക്കാശുപത്രിയിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടും ആയതിന്റെ പണി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും ആരോഗ്യവകുപ്പ് ഡയറക്ടർ അംഗീകരിച്ച് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## മാവേലിക്കര ജില്ലാ ആശുപത്രി പേ വാർഡ് പുനർ നിർമ്മാണം

2256 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലെ ജില്ലാ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡ് അതീവ ശോചനീയാവസ്ഥയിലും ഉപയോഗയോഗ്യമല്ലാതായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കി പുതിയ പേ വാർഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആവശ്യമായ തുക അനുവദിക്കുമോ?

## ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്

2257 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര രൂപയാണ് പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന് കൈമാറാൻ നിശ്ചയിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര രൂപ കൈമാറിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ കെട്ടിട നിർമ്മാണം

2258 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഞ്ച് കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കുന്നംകുളം താലൂക്കാശുപത്രി കെട്ടിടം

2259 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) വഴി നടപ്പിലാക്കുന്ന കുന്നംകുളം താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായ പ്രസ്തുത പദ്ധതിക്ക് കാലതാമസം നേരിടുന്നത് എന്ത് കൊണ്ടാണ്; നിർമാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയെ ടെറിറ്ററി ക്യാൻസർ സെന്ററായി ഉയർത്തുന്നതിന് നടപടികൾ

2260 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാംപസ്സിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയെ ടെറിറ്ററി ക്യാൻസർ സെന്റർ ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിക്ക് പുതിയ കെട്ടിടം

2261 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചത്; ആയത് എന്നാണ് ലഭിച്ചത്; നിർമ്മാണം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചത്; വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണപ്രവൃത്തി ഇടയ്ക്ക് നിർത്തിവച്ചതെന്തുകൊണ്ടാണെന്നും എന്ന് മുതലാണ് നിർമ്മാണം മുടങ്ങിയത് എന്നും അറിയിക്കുമോ;

(സി) പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും; ഇതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

## പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനം

2262 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ കൂടുതൽ പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ;

(ബി) നിലവിൽ എത്ര പി.ജി മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനമാണ് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ലഭ്യമാക്കുന്നത് എന്ന് വിശദമാക്കാമോ?

## വള്ളികുന്നം കുടുംബാരോഗ്യ കേന്ദ്രം

2263 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മാവേലിക്കര മണ്ഡലത്തിൽ വള്ളികുന്നം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോയെന്നും ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നും നിർമ്മാണ ചുമതല ആർക്കാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം</u>

2264 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ആയുർവേദ, ഹോമിയോ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>എരുമപ്പെട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിട നിർമ്മാണ പുരോഗതി</u>

2265 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ എരുമപ്പെട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി എന്ന് വരെയാണെന്നും കാലാവധിയ്ക്കകം പ്രവൃത്തി പൂർത്തീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(സി) കെട്ടിടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവിടെ ഉണ്ടായിരുന്ന കിടത്തി ചികിത്സ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കിടത്തി ചികിത്സക്ക് ആവശ്യമായ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ഇന്റെൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം</u>

2266 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ഒരു കോടി രൂപയിലധികം ചെലവിട്ട് പ്രവർത്തനസജ്ജമാക്കിയ ഇന്റെൻസീവ് കെയർ

യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) പരിശീലനം നേടിയ നഴ്സിംഗ് സ്റ്റാഫ് അടക്കമുള്ള ജീവനക്കാരെ നിയമിച്ച് ഇന്റെൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ നിലവിൽ എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് അറിയിക്കുമോ, പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനു നടപടി സ്വീകരിക്കുമോ?

## ഐസോലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള നടപടി

2267 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ പി.എച്ച്.സി. യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ ഭാഗമായി കരാറുകാരുമായി ഉണ്ടാക്കിയ ധാരണാ പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ച തീയതി എന്നാണ്; ഭാഗികമായി തടസ്സപ്പെട്ടിരിക്കുന്ന പ്രവൃത്തി പുനരാരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ എത്ര ആരോഗ്യ സ്ഥാപനങ്ങളിലാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കുവാൻ തീരുമാനം എടുത്തിട്ടുള്ളത്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; നിലവിൽ അവയുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) സി. എച്ച്. സി. യിലോ ബ്ലോക്ക് തല എഫ്. എച്ച്. സി. യിലോ മൾട്ടിപർപ്പസ് കോൺക്രീറ്റ് കെട്ടിടത്തോടുകൂടിയുള്ള ഒരു ഐസൊലേഷൻ വാർഡ് നിർമ്മിച്ച് ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## നിലമ്പൂർ മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

2268 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്നും ഏതു വർഷങ്ങളിലാണ് പദവി ഉയർത്തിയതെന്നും വിശദമാക്കാമോ; പദവി ഉയർത്തിയതിനെ തുടർന്ന് ലഭ്യമാക്കിയ കൂടുതൽ സൗകര്യങ്ങളെ കുറിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സി.എച്ച്.സി.യിലും ജില്ലാ ആശുപത്രിയിലും 2016 മുതൽ നാളിതുവരെ സർക്കാർ ചെലവഴിച്ച ഫണ്ടുകളുടേയും നടപ്പാക്കിയ പദ്ധതികളുടേയും വിശദാംശങ്ങൾ ആരോഗ്യ കേന്ദ്രങ്ങളുടെ പേരുൾപ്പെടെ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലമ്പൂർ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും നിലമ്പൂർ മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങൾക്കായി 2016 മുതൽ നാളിതുവരെ അനുവദിച്ച ഫണ്ട്, വർഷം, പദ്ധതി, ആരോഗ്യ കേന്ദ്രത്തിന്റെ പേര് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) നിലമ്പൂർ നിയോജക മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ 2019 മുതൽ നാളിതുവരെ ചെലവഴിച്ച എം.പി. ഫണ്ടുകളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

## <u>കുന്നത്തുനാട് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ</u>

2269 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്ന ആരോഗ്യ കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയെന്നും നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പഴയ കെട്ടിടം പൊളിച്ചുനീക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>മുക്കം സി.എച്ച്.സി.ക്ക് നബാർഡ് ധനഹായം</u>

2270 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സി.എച്ച്.സി.ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(സി) നബാർഡ് ധനസഹായം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

## <u>പത്തനംതിട്ട ജനറൽ ആശുപത്രിയിലെ നവീകരണ പ്രവർത്തനങ്ങൾ</u>

2271 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ നാളിതുവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; അതിൽ കോവിഡ് സമയത്തു നടന്ന നവീകരണ പ്രവർത്തനങ്ങൾ ഏതൊക്കെയെന്നും ആയത് ഏതു അക്രഡിറ്റഡ് ഏജൻസിയെയാണ് ഏൽപ്പിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) കോവിഡ് രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള ക്യൂബിക്കിൾ, മുറികൾ, വാർഡുകൾ എന്നിവ എത്ര രൂപ ചെലവാക്കിയാണ് നവീകരിച്ചത്; വിശദമാക്കുമോ;

(സി) ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയ അക്രഡിറ്റഡ് ഏജൻസിക്കു പ്രവൃത്തിയുടെ മുഴുവൻ തുകയും നൽകിയിട്ടുണ്ടോ; ഇവർക്ക് ആകെ എത്ര തുക

നൽകാനുണ്ടെന്നും ഇതുവരെ എത്ര തുക നൽകിയെന്നും ബാക്കി തുക നല്കാനുണ്ടെങ്കിൽ അത് എന്നത്തേക്കു നൽകാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ; ഈ തുക ഏതു ഫണ്ടിൽ/അക്കൗണ്ടിൽ നിന്നാണ് നൽകുന്നതെന്ന് അറിയിക്കുമോ?

**മല്ലപ്പള്ളി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

2272 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണം തുടങ്ങുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

**നെയ്യാറ്റിൻകര ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണം**

2273 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 2023-24 ലെ ബജറ്റിൽ അനുവദിച്ച പുതിയ കെട്ടിട നിർമ്മാണത്തിന് പി.ഡബ്ല്യു.ഡി. - ബിൽഡിംഗ് വിഭാഗം നൽകിയ ഡി.പി.ആർ. പ്രകാരം ആരോഗ്യ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

**കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്‌ബി പദ്ധതി**

2274 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്‌ബി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ എപ്രകാരമാണ് പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള കെട്ടിടങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള തർക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്ന പരിഹാരത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നടപടി ക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

**വിഴിഞ്ഞം കേന്ദ്രീകരിച്ച് ഒരു മേജർ ആശുപത്രി**

2275 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ പലതും നിലവിൽ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം കേന്ദ്രീകരിച്ച് ഒരു മേജർ ആശുപത്രി സ്ഥാപിക്കുന്നതിന് നിലവിലുള്ള

ആശുപത്രിയോട് ചേർന്ന് അഞ്ച് ഏക്കർ സ്ഥലം ഏറ്റെടുക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

## കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

2276 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത തുക എന്നാണ് അനുവദിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ ആശുപത്രികളിലാണ് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഉള്ളത്; അവയുടെ നിർമ്മാണം നിർവഹിച്ചിട്ടുള്ളത് ആരാണെന്നും എന്നാണെന്നും അറിയിക്കാമോ?

## മങ്കട സി.എച്ച്.സി. പ്രവൃത്തികളും സ്റ്റാഫ് പാറ്റേൺ പരിഷ്കരണവും

2277 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സി.എച്ച്.സി. യിൽ എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് ഏറ്റവും അടിയന്തരമായി നടപ്പിലാക്കേണ്ടത്; നിലവിൽ നടന്നു വരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കുമോ;

(ബി) 2021- 22-ലെ ബജറ്റിൽ 20% തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സി.എച്ച്.സി. തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രവൃത്തി നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് നിയമിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഈ സി.എച്ച്.സി.യിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരുടെ കുറവുണ്ട്; ഒഴിവുള്ള സ്ഥിരം തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ഡി) ഈ സി.എച്ച്.സി.യുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് ഏതെങ്കിലും നിർദ്ദേശം പരിഗണനയിൽ ഉണ്ടോ; സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന ആവശ്യം അടിയന്തരമായി പരിഗണിക്കുമോ?

## കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം

2278 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) നബാർഡ് സ്കീം പ്രകാരം അനുമതി ലഭിച്ച പ്രവൃത്തിക്കായി വിഭാവനം ചെയ്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനുള്ള തീരുമാനം റദ്ദാക്കിയിട്ടും മറ്റൊരു സ്ഥലത്ത് പ്രസ്തുത കെട്ടിട നിർമ്മാണം വൈകുന്നത് എന്ത് കൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## <u>ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നടപടി</u>

2279 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്റർ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നിലവിൽ തടസ്സങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## <u>തേക്കുവനം സബ് സെന്റർ വികസനം</u>

2280 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ തച്ചമ്പാറ കുടുംബാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന പാലക്കയത്തേക്ക് യാത്രാ സൗകര്യം കുറവായതിനാൽ പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് ചികിത്സാ സൗകര്യം ലഭിക്കുന്നതിനു ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ, തേക്കുവനം സബ്സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## <u>സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക്</u>

2281 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ പരിശോധന ചികിത്സ നിരക്കുകളും ഡോക്ടർമാരുടെ പരിശോധന ഫീസും ഏകീകരിച്ച് രോഗികൾക്കു വിവേചനമില്ലാത്ത ചികിത്സ ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച് സർക്കാരിനു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആരൊക്കെയാണ് പ്രസ്തുത നിവേദനങ്ങൾ നൽകിയതെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം ലഭിച്ച നിവേദനം/പരാതി നടപടി സ്വീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിനു അയച്ചു കൊടുത്തിരുന്നുവോ;വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഏത് പരാതിയാണ് അയച്ചു കൊടുത്തതെന്നും അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പിന്റെ ഹെൽത്ത് എഫ്.ഡബ്ള്യു.3/280/2022/ഹെൽത്ത് 23.01.2023 തീയതിയിലെ കത്ത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**അവയവമാറ്റ ശസ്ത്രക്രിയക്കുള്ള സഹായം**

2282 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയകൾക്കായി നിലവിൽ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

**ജനറിക് മരുന്നുകളുടെ ഉപയോഗം**

2283 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്രാൻഡഡ് മരുന്നുകളുടെ ഉപയോഗം വർദ്ധിച്ചു വരുന്നത് മൂലമുണ്ടാകുന്ന ഭീമമായ ചികിത്സ ചെലവുകൾ കുറയ്ക്കുന്നതിന് ജനറിക് മരുന്നുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

**മരുന്ന് വിതരണം ചെയ്ത ഏജൻസികൾക്ക് നൽകാനുള്ള കുടിശിക**

2284 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾക്കും, ജനറൽ ആശുപത്രികൾക്കും, താലൂക്ക് ആശുപത്രികൾക്കും മരുന്ന് വിതരണം ചെയ്ത വകയിൽ വിവിധ ഏജൻസികൾക്ക് എത്ര രൂപ വീതം നൽകാനുണ്ട് എന്ന് അറിയിക്കുമോ?

**എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ**

2285 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ എംഎൽഎ.-യുടെയും ആസ്തി വികസന ഫണ്ടിൽ നിന്നും നീക്കി വച്ചിരുന്ന നാല് കോടി രൂപ ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നാളിതുവരെ എത്രയെണ്ണമാണ് പൂർത്തിയാക്കിയത്; വിശദമാക്കാമോ;

(ബി) മറ്റേതെല്ലാം പ്രവർത്തനങ്ങൾക്കായാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളതെന്നും എം.എൽ.എ. ഫണ്ടിൽ നിന്നും നാല് കോടി രൂപ നീക്കി വച്ചിട്ടും പദ്ധതിക്കായി കിഫ്ബി ഫണ്ട് വകയിരുത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഐസൊലേഷൻ വാർഡ് നിർമ്മാണം പൊതുമരാമത്തു വകുപ്പിന്റെ നിർമ്മാണ മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോ; ഇതു സംബന്ധിച്ച പരിശോധനകൾ നടത്തുന്നത് ആരാണ്; ഐസൊലേഷൻ വാർഡ് നിർമ്മാണത്തിൽ പലയിടത്തും അപാകതകളുണ്ടെന്നും നിർമ്മാണത്തിന്റെ നിലവാരം കുറവാണെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണച്ചുമതല ആർക്കാണ്; ഇതിനായുള്ള കരാർ ഏറ്റെടുത്തത് ഏതു സ്ഥാപനമാണ്; കരാർ പ്രകാരം എന്നാണ് പദ്ധതി പൂർത്തിയാക്കേണ്ടത്;

(ഇ) പ്രവൃത്തി പൂർത്തിയായ ശേഷം സ്ഥാപിക്കുന്ന ബോർഡുകളിൽ എം.എൽ.എ. ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആസ്തി എന്ന നിലയിൽ ഐസൊലേഷൻ വാർഡുകൾക്ക് മുന്നിൽ സ്ഥാപിക്കുന്ന ബോർഡിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ സംബന്ധിച്ച് ഒരു മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനും നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായുള്ള പരിശോധന ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**തൃശ്ശൂർ മെഡിക്കൽ കോളേജിൽ അസോസിയേറ്റ് പ്രൊഫസർ തസ്തിക അനുവദിക്കുന്നതിന് നടപടി**

2286 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളിൽ അസോസിയേറ്റ് പ്രൊഫസർ തസ്തിക അനുവദിച്ച് യുറോളജി, നെഫ്റോളജി, ഗ്യാസ്ട്രോയെന്ററോളജി തുടങ്ങിയ ഡിപ്പാർട്ട്മെന്റിൽ ഡി.എം. തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ?

**മെഡിക്കൽ കോളജുകളിൽ സർജറികളുടെ കാലതാമസം**

2287 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സർജറി ഉപകരണങ്ങളുടെ അപര്യാപ്തത മൂലം കാർഡിയോ തൊറാസിക് ഓപ്പറേഷൻ, വാസ്കുലാർ സർജറി, ഹാർട്ട് ഓപ്പറേഷൻ, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി എന്നിവ നടത്തുന്നതിന് കാലതാമസം നേരിടുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2024 ജനുവരി മാസം വരെ പ്രസ്തുത ഓപ്പറേഷനുകൾക്കായി ഓരോ മെഡിക്കൽ കോളേജുകളിലും മുൻഗണനാടിസ്ഥാനത്തിൽ എത്ര പേരാണ് കാത്തിരിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ സ്റ്റെന്റ്, കത്തീറ്റർ, ഗൈഡ് വയർ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ സപ്ലൈ ചെയ്തയിനത്തിൽ സർജിക്കൽ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് കൊടുക്കുവാനുള്ളത്?

**മഞ്ചേരി ഗവൺമെൻറ് മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നടപടി**

2288 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഗവൺമെൻറ് മെഡിക്കൽ കോളേജിൽ മോർച്ചറിയും അനുബന്ധ സൗകര്യങ്ങളും വിപുലപ്പെടുത്തിയ സാഹചര്യത്തിൽ രാത്രി സമയങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) മഞ്ചേരി ഗവൺമെൻറ് നഴ്സിംഗ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മഞ്ചേരി നഴ്സിംഗ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## മെഡിക്കൽ കോളേജുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള എം.ബി.ബി.എസ് സീറ്റുകൾ

2289 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം, അനുവദിക്കപ്പെട്ടിട്ടുള്ള വിവിധ ഡിപ്പാർട്ട്മെന്റുകളും ഡോക്ടർ തസ്തികകളും, പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകൾ എന്നിവയുടെ വിശദാംശവും ഇവയിൽ നിന്നും ലീൻ ഉൾപ്പെടെ ഏതെങ്കിലും തസ്തികകൾ മാറ്റിയിട്ടുണ്ടെങ്കിൽ പ്രസ്തുത തസ്തികയും അവ എവിടേക്കാണ് മാറ്റിയതെന്നും, ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയിലും അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം എന്നിവയും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഒരേ എണ്ണം എം.ബി.ബി.എസ്. സീറ്റുകൾ ഉള്ള മെഡിക്കൽ കോളേജുകളിൽ വിന്യസിച്ചിട്ടുള്ള ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എണ്ണത്തിൽ വന്ന വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇത് നീതിപൂർവ്വം പുന:ക്രമീകരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

## കരാർ/ദിവസവേതന ഫാർമസിസ്റ്റുകളുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും വേതനം പുതുക്കൽ

2290 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും നിയമിക്കുന്ന കരാർ/ദിവസ വേതനക്കാരായ ഫാർമസിസ്റ്റുകൾ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ വേതനം പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## അർബൻ പോളി ഡെന്റൽ ഹൈജീനിസ്റ്റ്

2291 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എൻ.എച്ച്.എം. പദ്ധതി പ്രകാരം ഡെന്റൽ പോളി ക്ലിനിക്കുകൾ ആരംഭിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക

അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികയാണെന്ന് അറിയിക്കാമോ;

(ബി) എൻ.ഒ.എച്ച്.പി. പദ്ധതി പ്രകാരം ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക വേണമെന്നിരിക്കെ തികച്ചും വിഭിന്നമായ ഡെന്റൽ അസിസ്റ്റന്റ് തസ്തിക മാത്രം സൃഷ്ടിക്കുന്നത് പുനഃപരിശോധിക്കുമോ;

(സി) ഡെന്റൽ പോളി ക്ലിനിക്കിൽ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തി ജോലി ഉത്തരവാദിത്തങ്ങൾ നിർവചിക്കുവാൻ നടപടി സ്വീകരിക്കാമോ;

(ഡി) ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ നിയമ പ്രകാരം അസിസ്റ്റന്റും ഡെന്റൽ ഹൈജീനിസ്റ്റും തികച്ചും വ്യത്യസ്തങ്ങളായ തസ്തികകളാണെന്ന വസ്തുത ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് പകരം ഡെന്റൽ അസിസ്റ്റന്റ് ആയി ഡെന്റൽ ഹൈജീനിസ്റ്റുകളെ നിയമിക്കാനുള്ള തീരുമാനം പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവ്.</u>

2292 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിൽ മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കഴിഞ്ഞ 13 വർഷമായി ശമ്പള വർദ്ധനവ് നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ആശ പ്രവർത്തകരെ നിയോഗിക്കുന്നത് സംബന്ധിച്ച്</u>

2293 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ആശ പ്രവർത്തകരെ നിയോഗിച്ചത് ഏത് വർഷം മുതലാണ്; അന്ന് ഇവരുടെ ഓണറേറിയം എത്ര രൂപയായിരുന്നു; ഇപ്പോൾ സംസ്ഥാനത്ത് ഒട്ടാകെ എത്ര ആശ പ്രവർത്തകരാണുള്ളത്;

(ബി) മുൻ സർക്കാർ അധികാരമേൽക്കുമ്പോൾ ഇവരുടെ ഓണറേറിയം എത്രയായിരുന്നു ; ഇത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഇപ്പോഴത്തെ ഓണറേറിയം എത്രയാണ്;വ്യക്തമാക്കാമോ ?

## <u>ഒക്ക്യുപേഷണൽ തെറാപ്പിസ്റ്റുകളുടെ തസ്തികകൾ</u>

2294 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രത്തിൽ ഒക്ക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ നിയമനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ.) പോലെയുള്ള സ്ഥാപനങ്ങളിൽ ബാച്ചലർ ഓഫ് ഒക്കുപേഷണൽ തെറാപ്പി കോഴ്സിലെ നിശ്ചിത വിഷയങ്ങൾ പഠിപ്പിക്കുവാൻ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയങ്ങൾ പഠിപ്പിക്കാൻ ഡോക്ടർമാരുടെ പാർട്ട് ടൈം സേവനം ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ദിവസവേതന ജീവനക്കാർ അവരുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ച് ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ നിവേദനത്തിന്മേൽ (6243712/2022 & ഇ 2136776 (ഇ എക്സ് പി-സി 3/91/2022-ഫിൻ) ഭരണവകുപ്പിൽ നിന്നും ശിപാർശ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിയമത്തിന്റെ പരിധിയിൽ സെക്ഷൻ 22 പ്രകാരം രൂപീകൃതമായ കേരള സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിലിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കൗൺസിലിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റുകളെ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ കേസ് ടേക്കിംഗ് & റെപ്പർട്ടറൈസേഷൻ അധ്യാപകരുടെ സ്ഥാനക്കയറ്റം

2295 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ കേസ് ടേക്കിംഗ് &റെപ്പർട്ടറൈസേഷൻ വിഭാഗത്തിൽ നാളിതുവരെ പി.എസ്.സി മുഖേന നിയമനം ലഭിച്ച അധ്യാപകരുടെ എൻട്രി കേഡർ തസ്തിക ഏതെല്ലാമാണെന്നും; പ്രസ്തുത അധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത അധ്യാപകരുടെ നിലവിലെ തസ്തിക ഏതാണെന്നും; ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ നാളിതുവരെ പി.എസ്.സി മുഖേന നിയമനം ലഭിച്ച അധ്യാപകരുടെ പേര്, നിയമന തീയതി, പ്രസ്തുത തസ്തികയിൽ പ്രവേശിച്ച തീയതി, വിരമിച്ച തീയതി എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽ നാളിതുവരെ പി.എസ്.സി മുഖേന നിയമിക്കപ്പെട്ട മുഴുവൻ അധ്യാപകർക്കും ലഭിച്ച അഡ്വൈസ് മെമ്മോയുടെ പകർപ്പ്/നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിഭാഗത്തിൽ നാളിതുവരെയുള്ള പി.എസ്.സി.മുഖേനയുള്ള അധ്യാപക നിയമനങ്ങളിൽ പട്ടികജാതി/മറ്റ് പിന്നാക്ക വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് സംവരണ ഊഴം അനുസരിച്ച് നിയമനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത നിയമനങ്ങളിൽ പട്ടികജാതി/മറ്റ് പിന്നാക്ക വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്കുള്ള സംവരണ ഊഴം മറികടന്ന് മറ്റ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്കുള്ള സംവരണ ഊഴം മറികടന്ന് മറ്റ് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ടിയിരുന്ന സംവരണ ഊഴം ബാക്ക് ലോഗ് ആയിട്ടുണ്ടെന്ന് നിയമനാധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

## മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഒഴിവുകൾ

2296 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ മാസങ്ങളായി ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ക്ലാർക്ക് എന്നീ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## ഡെന്റൽ ഹൈജിനിസ്റ്റ് തസ്തിക

2297 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ ഡെന്റൽ ഹൈജിനിസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഡെന്റൽ യൂണിറ്റുകൾ ഉണ്ടായിട്ടും ഡെന്റൽ ഹൈജിനിസ്റ്റുകൾ ഇല്ലാത്ത ആശുപത്രികളിൽ ഡെന്റൽ ഹൈജിനിസ്റ്റുകളെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) തിരൂരങ്ങാടി സർക്കാർ താലൂക്ക് ആശുപത്രിയിൽ ഡെന്റിസ്റ്റ് ഉണ്ടായിട്ടും ഡെന്റൽ ഹൈജിനിസ്റ്റ് തസ്തികയില്ല എന്നത് പരിഗണിച്ച് പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;വിശദമാക്കാമോ?

## സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള നഴ്സുമാർ ഇല്ലാതെ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രികൾ

2298 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അപ്ഗ്രേഡ് ചെയ്ത ആയുർവ്വേദ ആശുപത്രികൾ വർഷങ്ങളായി

സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള നഴ്സുമാർ ഇല്ലാതെ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകളിലേക്ക് കാറ്റഗറി നമ്പർ 016/2021 റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് നഴ്സ് നിയമനം

2299 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) 2024 നവംബർ 30 വരെ പ്രസ്തുത തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം മാസങ്ങളിൽ എത്ര ഒഴിവുകൾ വീതം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(സി) ജീവനക്കാർ ദീർഘകാലത്തേക്ക് അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; 2024 നവംബർ 30 വരെ വിരമിക്കൽ, പ്രൊമോഷൻ എന്നിവ മുഖേന എത്ര ഒഴിവുകളുണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 കാറ്റഗറിയിൽ എത്ര അനുവദനീയ തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്രപേർ ജോലിചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) മറ്റ് ജില്ലകളെ അപേക്ഷിച്ച് പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് നികത്തുന്നതിന് നടപടിയുണ്ടാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമനം ത്വരിത ഗതിയിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നിയമനം ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി

2300 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായി പ്രവർത്തിക്കവേ 12.08.2018 ൽ മരണപ്പെട്ട ഡോ. അൻവർ എം. കെ. യുടെ ഭാര്യ ശ്രീമതി അനീസ എം. ബഷീറിന് ആശ്രിത നിയമനപ്രകാരം ആരോഗ്യ വകുപ്പിൽ എൽ.ഡി. ക്ലർക്ക് ആയി നിയമനം ലഭിക്കുന്നതിന് 24.09.2021 ന് 2067/2021 നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭ്യമായിട്ടും നിയമനം ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ടിയാൾക്ക് എന്നത്തേക്ക് നിയമനം നൽകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യക്തിയുടെ അപേക്ഷ പരിഗണിച്ച മറ്റ് ഏതെങ്കിലും വകുപ്പിൽ നിയമനം

നൽകുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

**കുറ്റ്യാടി താലൂക്ക് ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ**

2301 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ഒഴിവുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

**കോവളം മണ്ഡലത്തിൽ ഡയാലിസിസ് യൂണിറ്റ്**

2302 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിൽ ഏതെങ്കിലും സർക്കാർ ആശുപത്രിയോട് ചേർന്ന് ഒരു ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ച് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിനുള്ള നടപടി**

2303 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളെയാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിന് ആരോഗ്യ വകുപ്പ് ശിപാർശ ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥപനങ്ങൾക്ക് വേണ്ടി വകുപ്പ് ആവശ്യപ്പെട്ട തുകയും വർഷവും സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചെന്ന് വ്യക്തമാക്കാമോ?

**ഹോമിയോപ്പതി സ്ഥാപനങ്ങൾ**

2304 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിൽ മാതൃക, എൻ.എ.ബി.എച്ച്., ഐ.എസ്.ഒ., ആയുഷ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ എന്നീ നാലു ബഹുമതികളും അലങ്കരിക്കുന്ന ഏതെങ്കിലും ഹോമിയോപ്പതി സ്ഥാപനമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ സ്ഥാപനത്തിൽ ദിവസേന എത്ര രോഗികൾ ചികിത്സ തേടുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കിടത്തി ചികിത്സ, ലബോറട്ടറി, ഫിസിയോതെറാപ്പി യൂണിറ്റ് എന്നീ സംവിധാനങ്ങൾ ഇവിടെയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ?

<u>**ആരോഗ്യമേഖലയിലെ നേട്ടങ്ങൾ**</u>

2305 **ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യചികിത്സാരംഗത്തെ ദേശീയ നിലവാരത്തിൽ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന ഇന്ത്യൻ സംസ്ഥാനമായി തുടർച്ചയായി മൂന്നാം തവണയും കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) 2016 മുതൽ 2023 വരെ സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; 2016 മുതൽ 2023 വരെ ആരോഗ്യമേഖലയുടെ വികസനത്തിനായി നീക്കി വച്ച തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) 2016 മുതൽ 2023 വരെ ആരോഗ്യമേഖലയുടെ വികസനത്തിനായി നീക്കി വച്ച തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയെന്ന് വ്യക്തമാക്കാമോ?

<u>**ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനങ്ങൾ**</u>

2306 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളെ കൂടുതൽ പൊതുജനോപകാര പ്രദമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സീനിയർ ഡെന്റൽ ഹൈജീനിസ്റ്റുകളെ ഡന്റൽ ഹൈജീൻ ഓഫീസർ എന്ന് പുനർനാമകരണം നടത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലെ ഡെന്റൽ ഹൈജീനിസ്റ്റുകൾക്ക് ബോധവത്കരണ പ്രവർത്തനങ്ങൾക്കുള്ള കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>**ജനിതക വൈകല്യങ്ങളും ഗുരുതര രോഗങ്ങളും വിശദമായി പഠിക്കുന്നതിന് ധനസഹായ പാക്കേജ്**</u>

2307 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ നൊട്ടാമല പ്രദേശത്ത്

അമ്പതോളം പേർക്ക് ജനിതക വൈകല്യങ്ങളും മറ്റ് ഗുരുതര രോഗങ്ങളും ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ ആയത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് പ്രത്യേക ധനസഹായ പാക്കേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ബാലുശ്ശേരി മണ്ഡലത്തിലെ ആരോഗ്യ ഉപകേന്ദ്രങ്ങൾ**

2308 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ ആരോഗ്യ ഉപകേന്ദ്രങ്ങളാണ് പുതുക്കിപണിയുന്നത്; വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളത്; പ്രവൃത്തി ആരംഭിക്കാത്ത ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ എത്ര ആരോഗ്യ ഉപകേന്ദ്രങ്ങളാണ് പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**അടിയന്തര ഘട്ടങ്ങളിലുള്ള രോഗികൾക്ക് ഡയാലിസിസ് ചെയ്യാനുള്ള സംവിധാനം**

2309 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് താലൂക്ക് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്ന ഡയാലിസിസ് രോഗികൾക്ക് പ്രസ്തുത ആശുപത്രികളിൽ ഡയാലിസിസിന് രജിസ്റ്റർ ചെയ്യുമ്പോൾ രണ്ടോ മൂന്നോ മാസം കഴിഞ്ഞാണ് ഡയാലിസിസിനുള്ള തീയതികൾ ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അടിയന്തര ഘട്ടങ്ങളിൽ രോഗികൾക്ക് ജില്ലാ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ; വിശദമാക്കാമോ;

(സി) കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**കാഴ്ച പരിമിതർക്കായി നൽകിവരുന്ന സേവനങ്ങൾ**

2310 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ച പരിമിതർക്കായി എന്തെല്ലാം സേവനങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ; ഈ പ്രവർത്തനങ്ങൾക്ക് പുരസ്കാരമോ പ്രത്യേക പരാമർശമോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**ഡയാലിസിസ് യൂണിറ്റ്**

2311 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിൽ ഏതെങ്കിലും സർക്കാർ ആശുപത്രിയോട് ചേർന്ന് ഒരു ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ച് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>കെ.എം.എസ്.സി.എൽ.</u>

2312 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എസ്.സി.എൽ. കോഴിക്കോട് ജില്ല മരുന്ന് സംഭരണ ശാല പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന്റെ ഉടമകളായ കൊയിലാണ്ടി താലൂക്ക് അഗ്രിക്കൾച്ചറൽ സൊസൈറ്റിക്ക് പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകുവാൻ ബന്ധപ്പെട്ട വകുപ്പിൽ നിന്നും (സഹകരണ വകുപ്പ് ) അനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കെ.എം.എസ്.സി.എൽ.-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരേ ജീവനക്കാർ തന്നെ വർഷങ്ങളായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 5 വർഷത്തിൽ കൂടുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുവർക്ക് തുടർന്നും ഡെപ്യൂട്ടേഷൻ പുതുക്കി നൽകുന്നത് നിക്ഷിപ്ത താല്പര്യം മുൻനിർത്തി ആണെന്നും ആയതിനാൽ ടി ജീവനക്കാരുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിർത്തലാക്കാൻ നടപടി കൈക്കൊള്ളുമോ;

(ഡി) കെ.എം.എസ്.സി.എൽ. പർച്ചേസ് മാനേജരാകാൻ അടിസ്ഥാന യോഗ്യതയില്ലാത്ത വ്യക്തിയെ പ്രവൃത്തി പരിചയം മാത്രം അടിസ്ഥാനമാക്കി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണം</u>

2313 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബ്ലഡ് ബാങ്ക് തുടങ്ങുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## <u>അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി</u>

2314 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മസ്തിഷ്ക മരണം ഉൾപ്പെടെ മരണശേഷം അവയവദാനത്തിന് തയ്യാറായ ആളിൽ

നിന്നും അവയവം ശസ്ത്രക്രിയ ചെയ്തെടുക്കുന്നതിന്റെ ആശുപത്രി ചെലവുകൾ ദാതാവ് വഹിക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആയത് സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) മൃതസഞ്ജീവനി പദ്ധതി നടപ്പിൽ വന്നതിനുശേഷം സംസ്ഥാനത്ത് പ്രസ്തുത പദ്ധതി പ്രകാരവും അല്ലാതെയും എത്ര പേർക്ക് അവയവങ്ങൾ ദാനം ലഭിച്ചുവെന്നും മൃതസഞ്ജീവനി പദ്ധതി പ്രകാരം അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണവും ഇനം തിരിച്ച് വ്യക്തമാക്കുമോ?

**മെഡിക്കൽ കോളേജ് ഹോസ്റ്റലിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി**

2315 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റലിലേക്കുള്ള ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആകെ എത്ര രൂപയുടെ ഫർണിച്ചറുകൾ ആണ് ഹോസ്റ്റലിലേക്ക് വാങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഏതു ഫണ്ട്/അക്കൗണ്ടിൽ നിന്നുള്ള തുക ചെലവഴിച്ചാണ് ഇവ വാങ്ങുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഫർണിച്ചർ വിതരണം ചെയ്യാൻ ഏൽപ്പിച്ച ഏജൻസിക്ക എത്ര തുക മുൻകൂറായി നൽകിയിട്ടുണ്ട്;ഏജൻസി ഫർണിച്ചറുകൾ പൂർണ്ണമായും ഹോസ്റ്റലിൽ വിതരണം ചെയ്തിട്ടുണ്ടോ; ചെയ്തിട്ടില്ലെങ്കിൽ വിതരണത്തിലെ കാലതാമസത്തിന്റെ കാരണം സംബന്ധിച്ച് പ്രസ്തുത ഏജൻസിയോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഫർണീച്ചറിന്റെ വർക്ക് ഓർഡർ ഏജൻസിക്ക നൽകിയ ശേഷം എത്ര ദിവസത്തിനുള്ളിൽ ഫർണിച്ചറുകൾ കോളേജ് ഹോസ്റ്റലിൽ വിതരണം ചെയ്യണമെന്നാണ് എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് ; എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഫർണിച്ചറുകൾ പൂർണ്ണമായും വിതരണം ചെയ്യാത്തത് മൂലം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റലിൽ താമസ സൗകര്യം ഒരുക്കുവാൻ സാധിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കേരള അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ**

2316 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകൃതമായോ; ഇതുമായി ബന്ധപ്പെട്ട കേന്ദ്ര നിയമത്തിന്റെ ചുവടുപിടിച്ച് തന്നെയാണോ സംസ്ഥാനതലത്തിൽ കൗൺസിൽ രൂപീകരിച്ചത്; വ്യക്തമാക്കാമോ; കേന്ദ്ര നിയമം അനുസരിച്ചാണ് കൗൺസിൽ രൂപീകരിച്ചതെങ്കിൽ പ്രസ്തുത നിയമം നടപ്പിലാക്കാൻ എന്തൊക്കെ അധികാരങ്ങളാണ് സംസ്ഥാനത്തിനുള്ളതെന്ന് വ്യക്തമാക്കാമോ; ടി അധികാരങ്ങൾ ഉപയോഗിച്ച് സംസ്ഥാനം സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്ര നിയമത്തിന്റെ ഭാഗമായി സംസ്ഥാനം ഇറക്കിയിരിക്കുന്ന വിജ്ഞാപനങ്ങൾ/ഓർഡറുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ; പകർപ്പ് ലഭ്യമാക്കുമോ;സംസ്ഥാന കൗൺസിലിലേക്ക് സർക്കാർ നോമിനേറ്റ് ചെയ്ത വ്യക്തികളെ ഏത് മാനദണ്ഡ പ്രകാരമാണ് തീരുമാനിച്ചതെന്ന് അറിയിക്കുമോ; അവരുടെ യോഗ്യത നിശ്ചയിക്കുന്ന ഏതെങ്കിലും വിജ്ഞാപനം/ഓർഡർ ഉണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇപ്പോൾ കൗൺസിലിൽ അംഗങ്ങളായിട്ടുള്ള വ്യക്തികൾ ആരൊക്കെയെന്ന് അറിയിക്കുമോ; അവരുടെ യോഗ്യത (വിദ്യാഭ്യാസവും അഡീഷണൽ യോഗ്യതയും ഉൾപ്പെടെ) ഏന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; യോഗ്യത സംബന്ധിച്ച വിശദാംശങ്ങളുടെ കോപ്പി ഉൾപ്പെടെ ലഭ്യമാക്കുമോ;

(ഡി) കൗൺസിൽ പ്രായോഗികമായ പ്രവർത്തനം തുടങ്ങിയോയെന്നും രജിസ്ട്രേഷൻ ആരംഭിച്ചോയെന്നും അറിയിക്കുമോ; അക്കാദമിക് മേഖലയെ നവീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) കൗൺസിലിൽ സർക്കാർ സർവീസിൽ നിന്നുള്ള അംഗങ്ങളുണ്ടോ; ഇല്ലെങ്കിൽ അവർ എന്തുകൊണ്ട് അയോഗ്യരായി എന്നറിയിക്കുമോ; അവർ അപേക്ഷകരായി ഉണ്ടായിരുന്നോ; അവരെ ഒഴിവാക്കാൻ കാരണമുണ്ടോ;

(എഫ്) കൗൺസിലിൽ സർക്കാർ സർവീസിന് പുറമെയുള്ള അംഗങ്ങളെ എടുക്കാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ;ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അവർ എന്തുകൊണ്ട് അയോഗ്യരായി എന്നറിയിക്കുമോ; അവർ അപേക്ഷകരായി ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ?

## മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ

2317 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ സർക്കാർ ഉദ്യോഗസ്ഥരുടെയും അവരുടെ ആശ്രിതരുടെയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എത്ര അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നു; വിശദമാക്കാമോ;

(ബി) നിലവിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ സീനിയോറിറ്റി പ്രകാരമാണോ പരിഗണിക്കുന്നത്; അല്ലെങ്കിൽ ടി അപേക്ഷകൾ സീനിയോറിറ്റി പ്രകാരം പരിഗണിച്ച് സമയബന്ധിതമായി തീർപ്പാക്കി വർഷങ്ങളുടെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിലെ പാരാമെഡിക്കൽ കോഴ്സുകളുടെ അംഗീകാരം

2318 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് കേരളത്തിൽ പാരാമെഡിക്കൽ കൗൺസിൽ

രജിസ്ട്രേഷൻ നൽകുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് കൗൺസിൽ രജിസ്ട്രേഷൻ എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ചവറ മണ്ഡലത്തിലെ ആരോഗ്യ മേഖലയിലെ വിവിധ പദ്ധതികളുടെ അവലോകന യോഗം

2319 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളുടെയും ആരോഗ്യ മേഖലയിൽ നടന്ന് വരുന്ന വിവിധ പദ്ധതികളുടെയും അവലോകന യോഗം എം.എൽ.എ. യുടെ നേതൃത്വത്തിൽ എല്ലാ മാസവും ചേരുന്നതിന് ജില്ല മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ചവറയിൽ ഇത്തരത്തിൽ യോഗം വിളിച്ച് ചേർക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥന് ചുമതല നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

2320 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എത്ര കുടുംബങ്ങളാണ് നിലവിൽ ഉള്ളതെന്നും ഇതിൽ എത്ര കുടുംബങ്ങൾക്കാണ് കേന്ദ്ര ഗവൺമെന്റ് വിഹിതം ലഭ്യമാകുന്നതെന്നും വിശദമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് പ്രീമിയം തുക കണക്കാക്കി ഒരു കുടുംബത്തിന് എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസ്പ് -ൽ ഓരോ സാമ്പത്തിക വർഷവും എത്രകോടി രൂപയാണ് ചെലവഴിച്ചതെന്നും അതിൽ കേന്ദ്ര വിഹിതമായി എത്ര കോടി രൂപ ലഭിച്ചുവെന്നും അറിയിക്കാമോ;

(ഡി) നിലവിൽ കാസ്പ്-ൽ അംഗമല്ലാത്ത കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ?

## കീഴ്പ്പള്ളി സി.എച്ച്.സി. യിലെ ഡയാലിസിസ് സെന്റർ

2321 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള കീഴ്പ്പള്ളി സി.എച്ച്.സി. യിലെ ഡയാലിസിസ് സെന്റർ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ഡയാലിസിസ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡയാലിസിസ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

## മെഡിക്കൽ കോഴ്സുകളിലേക്ക് പ്രവേശനം നേടിയവരുടെ എണ്ണം

2322 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളജുകളിൽ 2023-ൽ എം.ബി.ബി.എസ്. കോഴ്സിലേക്ക് പ്രവേശന പരീക്ഷ കമ്മീഷണറുടെ അലോട്ട്മെൻറിലൂടെ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം ജനറൽ, വിവിധ സംവരണ വിഭാഗങ്ങൾ എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളജുകളിൽ 2023-ൽ സ്റ്റേറ്റ് മെറിറ്റിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം സംവരണ വിഭാഗം/ സംവരണേതര വിഭാഗം എന്നിവ വേർതിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 മുതൽ 2022 വരെ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളജുകളിൽ പ്രവേശന പരീക്ഷ കമ്മീഷണറുടെ അലോട്ട്മെൻറ് വഴി പ്രവേശനം നേടിയവരുടെ എണ്ണം ജനറൽ, വിവിധ സംവരണ വിഭാഗങ്ങൾ എന്നിവ തിരിച്ച് അറിയിക്കാമോ?

**<u>വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് പെർമനന്റ് രജിസ്ട്രേഷൻ</u>**

2323 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് പെർമനന്റ് രജിസ്ട്രേഷൻ ലഭിക്കുന്നതിന് രണ്ട് വർഷം ഇന്റേൺഷിപ്പ് ആവശ്യമാണന്നത് പരിഷ്കരിച്ചിട്ടുണ്ടോ; 22.11.2023-ൽ നാഷണൽ മെഡിക്കൽ കമ്മീഷൻ സർക്കുലർ പ്രകാരം രണ്ട് വർഷം ഇന്റേൺഷിപ്പ് എന്നുള്ളത് ഒരുവർഷം ക്ലർക്ക്ഷിപ്പ്, ഒരുവർഷം ഇന്റേൺഷിപ്പ് എന്നാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓർഡറിന്റെ കോപ്പി അനുബന്ധമായി ചേർക്കാമോ;

(ബി) ക്ലർക്ക്ഷിപ്പ് ചെയ്യുന്നതിന് ഫീ ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ക്ലർക്ക്ഷിപ്പ്, ഇന്റേൺഷിപ്പ് എന്നിവയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികളുടെ അപേക്ഷ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവയിന്മേൽ അടിയന്തരമായി നടപടി പൂർത്തിയാക്കുന്നതിന് തീരുമാനമെടുക്കുമോ?

**<u>ദന്തൽ കോളേജുകളിൽ ചെയർസൈഡ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നത്</u>**

2324 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനു കീഴിലുള്ള ഗവ. ദന്തൽ കോളേജുകളിൽ ചെയർസൈഡ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ബി.ഡി.എസ്. കോഴ്സ് റെഗുലേഷൻസ് 2007 പ്രകാരം ചെയർസൈഡ് അസിസ്റ്റന്റ് തസ്തിക ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

## പാരാമെഡിക്കൽ കൗൺസിൽ

2325 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്ത് പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ കൗൺസിൽ മുഖേന രജിസ്ട്രേഷൻ നടത്തുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ടിന്റെ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാനത്ത് സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് പുറത്തെ യു.ജി.സി. അംഗീകൃത ആരോഗ്യ സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും വിവിധ ബിരുദ പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച് കേരളത്തിൽ തിരിച്ചെത്തുന്ന ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ നൽകാത്തതിനാൽ തൊഴിലവസരങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## നഴ്സിംഗ് കോളേജുകൾ

2326 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജുകൾക്കായി പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവയിൽ എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## നേഴ്സിങ് സീറ്റുകൾ

2327 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നേഴ്സിങ് പഠനത്തിനായി 2011-16 കാലയളവിൽ എത്ര സീറ്റുകളാണുണ്ടായിരുന്നതെന്നും നിലവിൽ ഉള്ള സീറ്റുകൾ എത്രയാണെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര നേഴ്സിങ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്നും അതു വഴി എത്ര സീറ്റുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ ഡെന്റൽ, ഫാർമസി അദ്ധ്യാപക തസ്തികകൾ

2328 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ ഡെന്റൽ അദ്ധ്യാപകരെയും ഫാർമസി അദ്ധ്യാപകരെയും സർക്കാർ സർവീസിലേക്ക് ആഗിരണം ചെയ്യുന്നതിനായി എത്ര

തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്; എത്ര അദ്ധ്യാപകർ ഈ വകുപ്പുകളിൽ ജോലി ചെയ്യുന്നുണ്ട്;

(ബി) നിലവിൽ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ പോസ്റ്റുകൾ ഉണ്ടായിട്ടും സൂപ്പർ ന്യൂമററി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**കോഴിക്കോട് നഴ്സിംഗ് കോളേജ് പി.ജി. ബ്ലോക്ക് നിർമ്മാണം**

2329 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഴ്സിംഗ് കോളേജിൽ പി.ജി. ബ്ലോക്ക് നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി അടങ്കൽ, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ?

**കണ്ണൂർ മെഡിക്കൽ കോളേജിൽ പുതിയ ഫാമർമസി കോഴ്സുകൾ**

2330 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഫാർമസി ബിരുദാനന്തര കോഴ്സുകളായ എം.ഫാം. ഫാർമസി പ്രാക്ടീസ്, എം.ഫാം. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിലെ സാഹചര്യത്തിൽ അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ തന്നെ പ്രസ്തുത കോഴ്സുകൾ ആരംഭിക്കാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കാമോ?

**ആരോഗ്യ സർവകലാശാല നടത്തുന്ന കോഴ്സുകൾ**

2331 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ സർവകലാശാലക്ക് കീഴിൽ നടത്തപ്പെടുന്ന മുഴുവൻ കോഴ്സുകളുടെയും വിശദാംശങ്ങളും ഓരോ കോഴ്സിലും കഴിഞ്ഞ രണ്ടുവർഷത്തെ വിദ്യാർത്ഥികളുടെ എണ്ണവും കോളേജ്,കോഴ്സ്(ഗവ:/ ഗവ:എയ്ഡഡ്/സഹകരണ/ സ്വാശ്രയ കോഴ്സുകൾ) അടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ നടത്തപ്പെടുന്ന മുഴുവൻ കോഴ്സുകളുടെയും വിശദാംശങ്ങളും ഓരോ കോഴ്സിലും കഴിഞ്ഞ രണ്ടുവർഷത്തെ വിദ്യാർത്ഥികളുടെ എണ്ണവും കോളേജ്,കോഴ്സ്(ഗവ:/ ഗവ:എയ്ഡഡ്/സഹകരണ/സ്വാശ്രയ കോഴ്സുകൾ) അടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ നിലവിൽ ജോലിചെയ്യുന്ന സ്ഥിരം അദ്ധ്യാപകരുടെ എണ്ണം, സ്ഥാപനം, വിഷയം,തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

**വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി**

2332 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് സജ്ജമാക്കിയിട്ടുള്ള കെട്ടിടത്തിൽ പുതുതായി ഒരു ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിലെ താൽക്കാലിക ജീവനക്കാർ**

2333 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവ. ഹോമിയോ മെഡിക്കൽ കോളേജിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്നും ഇവരുടെ നിയമന രീതി എപ്രകാരമാണെന്നും അറിയിക്കുമോ;

(ബി) നിലവിലുള്ള താൽക്കാലിക ജീവനക്കാരെ എന്ന് മുതലാണ് നിയമിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

**കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി**

2334 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലെന്ന് വ്യക്തമാക്കുമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ ആയുഷ് പദ്ധതി**

2335 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലാണ് ആയുഷ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും അതിലേക്കായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പൂഞ്ഞാർ മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കാമോ?

**മരുന്നുകളുടെ ഗുണനിലവാരം**

2336 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രതിവർഷം എത്ര തുകയുടെ ആയുർവേദ /ഹോമിയോ /മറ്റ് മരുന്നുകൾ വിപണനം ചെയ്യുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നല്കി പല കമ്പനികളും സംസ്ഥാനത്ത് വിവിധ മരുന്നുകൾ വിറ്റഴിക്കുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ കണ്ടെത്തുന്നതിനും നിരോധിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) 2022 ജനുവരി മുതൽ നാളിതുവരെ മരുന്നുകളുടെ ഗുണനിലവാര പരിശോധനയിൽ ഗുണനിലവാരമില്ല എന്നു കണ്ടെത്തിയ മരുന്നുകളിൽ, അലോപ്പതി/ആയുർവേദ / ഹോമിയോ /മറ്റ് മരുന്നുകൾ എത്രയെണ്ണമാണെന്നും ഏതെല്ലാം കമ്പനികളുടെ മരുന്നാണെന്നും അവയുടെ വിൽപ്പന സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ ?

## വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട പദ്ധതികൾ

2337 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട് വനിതാ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് നിലവിൽ നടത്തിവരുന്നതും പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

## നേർവഴി പദ്ധതി

2338 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി ആരംഭിച്ചിട്ടുള്ള നേർവഴി പദ്ധതി സംസ്ഥാനത്താകെ എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കൂടുതൽ വിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## അംഗൻവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ

2339 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികളിലെ ടീച്ചർ, ഹെൽപ്പർ എന്നിവർക്ക് ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അംഗൻവാടികളിൽ വിതരണം ചെയ്യുന്ന അമൃതം (പൂരക പോഷകാഹാരം) ഉണ്ടാക്കുന്ന എത്ര യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിൽ ഉണ്ട്; എല്ലാ

യൂണിറ്റുകൾക്കും എല്ലാ മാസവും വിതരണാവകാശം ഒരുപോലെ ആണോ നൽകുന്നത്; അമൃതം യൂണിറ്റിന് വേണ്ടി രൂപീകരിച്ച കൺസോർഷ്യം എല്ലാ ജില്ലകളിലും നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>**ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള ഭിന്നശേഷിക്കാരുടെ എണ്ണം**</u>

2340 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ലെ ഏറ്റവും പുതിയ കണക്കനുസരിച്ച് പുനലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ, ഏരൂർ, അഞ്ചൽ, ഇടമുളക്കൽ, കരവാളൂർ എന്നീ പഞ്ചായത്തുകളിലും പുനലൂർ മുനിസിപ്പാലിറ്റിയിലുമായി പ്രവർത്തിക്കുന്ന വിവിധ അംഗൻവാടികളുടെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഭിന്നശേഷിക്കാരിൽ ഇനിയും ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ഉള്ളവരുണ്ടോ; ഉണ്ടെങ്കിൽ അത്തരം ആളുകളുടെ പേര്, മേൽവിലാസം, വയസ്സ്, ഫോൺ നമ്പർ എന്നിവ ശേഖരിച്ച് ലഭ്യമാക്കാമോ;

(ബി) 2021 ഏപ്രിൽ മുതൽ നാളിതുവരെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനായി മണ്ഡലത്തിൽ എത്ര ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും എവിടെയൊക്കെയാണെന്നും ആകെ എത്ര ഭിന്നശേഷിക്കാർക്ക് സർട്ടിഫിക്കറ്റ് നല്കിയിട്ടുണ്ടെന്നും അറിയിക്കുമോ?

<u>**ചാത്തന്നൂർ മണ്ഡലത്തിലെ അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ.**</u>

2341 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള എത്ര അംഗൻവാടികൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾ ഏതെല്ലാമെന്നും പ്രസ്തുത അംഗൻവാടികൾ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും വ്യക്തമാക്കാമോ;

(സി) സ്വന്തമായി വസ്തു ഉണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും അറിയിക്കാമോ;

(ഡി) ചാത്തന്നൂർ മണ്ഡലത്തിൽ ഉടൻ പുനർനിർമ്മാണം നടത്തേണ്ട അംഗൻവാടി കെട്ടിടങ്ങൾ ഏതെല്ലാമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അംഗൻവാടികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും വിശദമാക്കാമോ?

<u>**സാമൂഹ്യ പരിചരണം എന്ന ആശയം വികസിപ്പിക്കുന്നതിന് നടപടി**</u>

2342 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബപരിചരണം സ്ത്രീകൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന ഒരു വ്യവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ "സാമൂഹ്യ പരിചരണം" എന്ന ഒരു ആശയം

വികസിപ്പിച്ചെടുത്ത് അംഗൻവാടികളെ ഡേ കെയർ സെന്ററുകളായി ഉയർത്തുകയും കമ്മ്യൂണിറ്റി കിച്ചൻ സംവിധാനം വിപുലപ്പെടുത്തുകയും ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## അംഗൻവാടി കുട്ടികൾക്ക് പോഷകാഹാരം

2343 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി കുട്ടികൾക്ക് പോഷകാഹാരം ഉറപ്പാക്കാൻ ആഴ്ചയിൽ 2 ദിവസം പാലും മുട്ടയും നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടേയും വിശദാംശം ലഭ്യമാക്കാമോ?

## ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതി

2344 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചിട്ടുള്ളത്; നിലവിൽ സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

## ഭക്ഷ്യസുരക്ഷാ പരിശോധന

2345 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പരിശോധനകൾ വേണ്ടത്ര കാര്യക്ഷമമാകുന്നില്ല എന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിയമവും ചട്ടവും നിലവിൽ വന്നിട്ടും നാളിതുവരെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓപ്പറേഷൻ ഫോസ്കോസ് ലൈസൻസ് ഡ്രൈവ് എത്രയെണ്ണം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) അനധികൃതമായി പ്രവർത്തിച്ച എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ?

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ

2346 **ശ്രീ എം നൗഷാദ്**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി നേടുവാൻ കഴിഞ്ഞിട്ടുള്ള അംഗീകാരങ്ങൾ സംബന്ധിച്ച വിശദാംശം

അറിയിക്കാമോ;

(ബി) രാജ്യത്തെ സംസ്ഥാനങ്ങളിൽ ഭക്ഷ്യസുരക്ഷാ സൂചികയിൽ കേരളം ഒന്നാമതെത്തുന്നതിനായി പരിഗണിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും വകുപ്പിനെ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ</u>

2347 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വിശദമാക്കാമോ;

(ബി) കേന്ദ്രം സംസ്ഥാനത്തിന് അർഹതപ്പെട്ട മണ്ണെണ്ണ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

## <u>ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

2348 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## <u>ഒപ്പം പദ്ധതി</u>

2349 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഒപ്പം പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ചു നൽകുന്നുണ്ടെന്ന് വിശദമാക്കാമോ?

## <u>പൊതുവിതരണരംഗത്തെ നവീകരണ പ്രവർത്തനങ്ങൾ</u>

2350 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ ജി സ്റ്റീഫൻ**

**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുവിതരണരംഗത്ത് നടത്തിവരുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിലവിലുള്ള റേഷൻകാർഡ് ഉടമകളിൽ എത്ര ശതമാനം പേർ എല്ലാ മാസവും റേഷൻ കടകളിൽ നിന്നും റേഷൻവിഹിതം കൈപ്പറ്റുന്നവരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൊതുവിതരണ കേന്ദ്രങ്ങളെ ആധുനികീകരിച്ച് കൂടുതൽ ഉല്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി ആരംഭിച്ച കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) കെ-സ്റ്റോർ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണ പദ്ധതി

2351 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## സഞ്ചരിക്കുന്ന റേഷൻകട പദ്ധതി

2352 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന റേഷൻകട പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ എവിടെയൊക്കെയാണ് ഇതിന്റെ പ്രയോജനം ലഭ്യമാകുന്നത്; എത്ര വാഹനങ്ങളിലാണ് റേഷൻ വിതരണം നടത്തുന്നത്;

(സി) കൂടുതൽ സ്ഥലങ്ങളിലേക്ക് പ്രസ്തുത പദ്ധതി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ഓപ്പറേഷൻ യെല്ലോ പദ്ധതി

2353 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ യെല്ലോ പദ്ധതി പ്രകാരം എത്ര മുൻഗണനാ റേഷൻ കാർഡുകളാണ് അനർഹരിൽ നിന്നും പിടിച്ചെടുത്ത് അർഹരായവർക്ക് വിതരണം ചെയ്തതെന്ന് വിശദമാക്കുമോ?

## ഒപ്പം പദ്ധതി

2354 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കുന്ന ഒപ്പം പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി വഴി എത്രപേർക്ക് റേഷൻ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**കോഴിക്കോട് ജില്ലയിലെ മുൻഗണനാ കാർഡുവിതരണം**

2355 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഇതുവരെ വിതരണം ചെയ്ത മുൻഗണനാ കാർഡുകളുടെ എണ്ണവും കാർഡ് വിതരണം ചെയ്യാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണവും അറിയിക്കാമോ?

**റേഷൻ കാർഡുകളുടെ വിതരണം**

2356 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്ത റേഷൻ കാർഡുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ?

**മുൻഗണന കാർഡുകളുടെ വിതരണം**

2357 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ അർഹരായ നിരവധി കുടുംബങ്ങൾക്ക് പല കാരണങ്ങളാൽ മുൻഗണന റേഷൻ കാർഡുകൾ ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് മുൻഗണന കാർഡുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) സാമ്പത്തിക ബുദ്ധിമുട്ട് മൂലം വീട് നഷ്ടപ്പെട്ട് വാടകവീട്ടിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭിക്കാത്തതുമൂലം ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻപ് നടപ്പാക്കിയിരുന്ന സീറോ നമ്പറിട്ട് കാർഡ് കൊടുക്കുന്ന പദ്ധതി ഒരിക്കൽ കൂടി നടപ്പാക്കി കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ അർഹരായ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

**അരുവിക്കര മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡിന്റെ വിതരണം**

2358 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ മുൻഗണനാ റേഷൻ കാർഡുകൾക്കായി

ലഭിച്ച അപേക്ഷകളുടെ എണ്ണം, അനുവദിച്ചവയുടെ എണ്ണം എന്നീ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**റേഷൻ കാർഡുകൾ ഡിജിറ്റലാക്കുന്നതിന് നടപടി**

2359 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ആറു മാസത്തിനിടെ എത്ര കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡ് നൽകിയിട്ടുണ്ടെന്നതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് റേഷൻ കാർഡുകൾ ഡിജിറ്റലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റേഷൻ കാർഡുകൾ ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**നവകേരള സദസ്സിൽ മുൻഗണനാ റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകൾ**

2360 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിലും എ.എ.വൈ വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായി കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) നവകേരള സദസ്സിന്റെ ഭാഗമായി റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിലും എ.എ.വൈ വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായി കൊട്ടാരക്കര താലൂക്ക് സപ്ലൈ ആഫീസിന്റെ പരിധിയിൽ ഉൾപ്പെട്ടതും ചാത്തന്നൂർ മണ്ഡലത്തിന്റെ ഭാഗവുമായ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

**ബാലുശ്ശേരി മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

2361 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) പുതിയ കെ-സ്റ്റോർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ ഇതുവരെ എത്ര കെ-സ്റ്റോറുകളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

**പുതിയ റേഷൻ കടകൾ**

2362 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഒരു പ്രദേശത്ത് പുതിയ റേഷൻ കട അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ</u>**

2363 **ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) റേഷൻകടകളിലെ ഇ-പോസ് മെഷീനുകളുടെ സെർവർ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**<u>ഇരിക്കൂർ മണ്ഡലത്തിലെ റേഷൻ കടകൾ</u>**

2364 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇരിക്കൂർ നിയോജക മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് എത്ര പ്രോപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; ഏതൊക്കെ; അവയിൽ ഏതൊക്കെ അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഉളിക്കൽ പഞ്ചായത്തിൽ മുണ്ടാനൂർ എന്ന സ്ഥലത്ത് നിലവിൽ റേഷൻ കടയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നാന്നൂറോളം റേഷൻ കാർഡ് ഉടമകളും രണ്ട് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലായി തൊണ്ണൂറോളം കുടുംബങ്ങളുമുള്ള മുണ്ടാനൂർ എന്ന സ്ഥലത്തെ നിവാസികൾ മൂന്ന് കിലോമീറ്ററോളം യാത്ര ചെയ്ത് നുച്യാട് എന്ന സ്ഥലത്തുള്ള റേഷൻ കടയെയാണ് ആശ്രയിക്കുന്നത് എന്നതിനാൽ മുണ്ടാനൂരിൽ പുതിയ റേഷൻ കട തുടങ്ങുന്നത് പരിഗണിക്കുമോ?

**<u>റേഷൻ കടകളുടെ പ്രവർത്തന സമയം</u>**

2365 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തന സമയം ഏകീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്താകെ നിലവിൽ എത്ര കെ-സ്റ്റോറുകളാണ് സജ്ജമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>റേഷൻ കടകളിലെ ഇ-പോസ് മെഷീൻ</u>**

2366 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം നടത്തുന്നതിനുള്ള ഇ-പോസ് സംവിധാനത്തിന്റെ പരിപാലനക്കരാറിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ; കരാർ പുതുക്കി നൽകാൻ വീണ്ടും ടെൻഡറുകൾ ക്ഷണിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ആർക്ക് അനുവദിച്ചു എന്നതും അറിയിക്കാമോ;

(ബി) ഇ-പോസ് ടെൻഡർ രണ്ടു തവണയായി ഒരു കമ്പനിക്ക് നീട്ടി നൽകി എന്നത് ശരിയാണോ; ഏതു സാഹചര്യത്തിലാണ് ഇതു നീട്ടി നൽകിയത്; ടെൻഡർ വ്യവസ്ഥകൾ സ്വീകാര്യമല്ലെന്ന് പ്രീ ബിഡ് ചർച്ചകളിൽ പങ്കെടുത്ത കമ്പനികൾ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതെല്ലാം വ്യവസ്ഥകളാണ് ടെൻഡറിൽ പുതുക്കിയോ ഭേദഗതി ചെയ്തോ ഉൾപ്പെടുത്തിയത്; ഇതിലെ ഏതൊക്കെ വ്യവസ്ഥകൾ സംബന്ധിച്ചാണ് കമ്പനികൾ എതിർപ്പ് അറിയിച്ചത്; വിശദമാക്കാമോ;

(ഡി) ഇ-പോസ് സംവിധാനത്തിലെ തകരാർ സംബന്ധിച്ച് മുൻപ് ഉയർന്ന പരാതികൾ പരിഹരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഇരിട്ടി എൻ.എഫ്.എസ്.എ. ഡിപ്പോ

2367 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി എൻ.എഫ്.എസ്.എ. ഡിപ്പോയുടെ ഭക്ഷ്യധാന്യ സംഭരണ വിതരണത്തിന് ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സ്ഥലം ലഭ്യമാണോ; എങ്കിൽ എന്ത് കാരണത്താലാണ് എൻ.എഫ്.എസ്.എ. ഡിപ്പോയുടെ ഭക്ഷ്യധാന്യങ്ങൾ ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സംഭരിക്കാത്തത്; ഭക്ഷ്യധാന്യങ്ങൾ ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സംഭരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കോന്നി എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ നിർമ്മാണം

2368 **ശ്രീ കെ യു ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തികരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## റേഷൻ കടകളിലെ ഫോർട്ടിഫൈഡ് അരി വിതരണം

2369 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകടകൾ വഴി ഇപ്പോൾ വിതരണം ചെയ്യുന്ന പച്ചരി, പുഴുക്കലരി, സി.എം.ആർ (മട്ട) എന്നിവയെല്ലാം ഫോർട്ടിഫൈഡ് റൈസ് ആണോ;

എന്നു മുതലാണ് ഫോർട്ടിഫൈഡ് റൈസ് വിതരണം ആരംഭിച്ചത്; എന്നു മുതലാണ് പൂർണതോതിലായത്;

(ബി) എത്ര കിലോ ഫോർട്ടിഫൈഡ് റൈസ് ആണ് ഇതുവരെ സംസ്ഥാനത്ത് റേഷൻ കാർഡ് ഉടമകൾക്കു വിതരണം ചെയ്തത്; ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം താലൂക്കുകളിലാണ് ഫോർട്ടിഫൈഡ് റൈസിന്റെ വിതരണത്തിന് ഇപ്പോഴും ഇളവുകൾ നൽകിയിട്ടുള്ളത്; ഫോർട്ടിഫൈഡ് അല്ലാത്ത റൈസ് വിതരണം ഇപ്പോൾ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം താലൂക്കുകളിലാണ് ഉള്ളത്;

(സി) വയനാട് ജില്ലയിൽ അരിവാൾ രോഗം ഉൾപ്പെടെയുള്ള കാരണങ്ങൾ മുൻനിർത്തി പട്ടികവർഗ വിഭാഗങ്ങൾക്ക് ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യുന്നത് ഒഴിവാക്കണമെന്ന് ഏതെങ്കിലും ജനപ്രതിനിധി ആവശ്യപ്പെട്ടിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ജില്ലയിൽ ഫോർട്ടിഫൈഡ് അല്ലാത്ത അരി വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിലായി എത്ര റേഷൻ കാർഡ് ഉടമകൾക്കാണ് 2023 ഏപ്രിൽ മുതൽ 2023 ഡിസംബർ വരെ ഇത്തരം അരി വിതരണം ചെയ്തത്;

(ഡി) സംസ്ഥാനത്ത് എത്ര റേഷൻ കടകളിലായി ഫോർട്ടിഫൈഡ് അല്ലാത്ത എത്ര കിലോ അരി ഇനിയും വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നുണ്ട്; ഇതിൽ പച്ചരി, പുഴുക്കലരി, സി.എം.ആർ (മട്ട) എന്നിവ എത്ര കിലോഗ്രാം വീതമാണ് ഉള്ളത്; ഇത്തരം സ്റ്റോക്കെടുപ്പും കണക്കെടുപ്പും ഭക്ഷ്യപൊതുവിതരണ വകുപ്പ് നടത്തുന്നുണ്ടോ;

(ഇ) ഫോർട്ടിഫൈഡ് അല്ലാത്ത റൈസ് റേഷൻ കടകളിലൂടെ തുടർന്നും വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നിർദേശം ഭക്ഷ്യപൊതുവിതരണ വകുപ്പ് നൽകിയിട്ടുണ്ടോ; നിലവിൽ സംസ്ഥാനത്ത് പച്ചരി, പുഴുക്കലരി, സി.എം.ആർ (മട്ട) എന്നിവ ഫോർട്ടിഫൈഡ് ആയും അല്ലാതെയും വിതരണം ചെയ്യുന്ന റേഷൻ കടകൾ ഉണ്ടോ; ഇങ്ങനെ ആറു തരം അരി റേഷൻ കടകളിലൂടെ പ്രത്യേക ബിൽ ആയി നൽകാൻ നിർദേശമുണ്ടോ?

## സബ്സിഡി ഉല്പന്നങ്ങൾക്ക് ചെലവഴിച്ച തുക

2370 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് റേഷൻ വിഹിതം, വിപണി ഇടപെടൽ, നെല്ലുസംഭരണത്തിനുള്ള സംസ്ഥാന പ്രോത്സാഹന ബോണസ് എന്നിവയ്ക്കായി ഓരോ വർഷവും എന്തു തുക വീതമാണ് സംസ്ഥാന സർക്കാർ നൽകി വരുന്നത്; 2021–22, 2022–23, 2023–24 സാമ്പത്തിക വർഷങ്ങളിലായി എത്ര രൂപയാണ് ഇതിനായി അനുവദിച്ചത്; എത്ര തുക കുടിശ്ശികയായി ലഭിക്കാനുണ്ട്; വിശദമാക്കാമോ;

(ബി) സപ്ലൈകോയിലൂടെ സബ്സിഡി നിരക്കിൽ വിൽക്കുന്ന 13 ഉല്പന്നങ്ങൾക്ക് മാത്രമായി എത്ര തുകയാണ് ഒരു വർഷം സർക്കാർ ചെലവഴിക്കുന്നത്; ഈ തുക പൂർണ്ണമായി സർക്കാർ തന്നെയാണോ നൽകുന്നത്; സപ്ലൈകോയുടെ ലാഭത്തിൽ നിന്നുള്ള വിഹിതവും ഇതിന് ചെലവഴിക്കുന്നുണ്ടോ; 2021–22, 2022–23 സാമ്പത്തിക വർഷങ്ങളിലും 2023–24 സാമ്പത്തിക വർഷത്തിൽ 2023

ഡിസംബർ 31 വരെയും എത്ര തുകയാണ് ഇതിനായി സംസ്ഥാന സർക്കാരും സപ്ലൈകോയും വെവ്വേറെ ചെലവാക്കിയത്; വിശദമാക്കാമോ;

(സി) സപ്ലൈകോയിലൂടെ വിൽക്കുന്ന 13 ഇനം സബ്സിഡി ഉല്പന്നങ്ങളുടെ വില വർധിപ്പിക്കുന്നത് ഉൾപ്പെടെ വിവിധ കാര്യങ്ങളിൽ ശിപാർശ നൽകാൻ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നോ; ഈ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ് പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിരുന്നോ; രണ്ടു റിപ്പോർട്ടുകളും പൂർണ രൂപത്തിൽ ലഭ്യമാക്കാമോ;

(ഡി) സപ്ലൈകോയിലൂടെ റേഷൻ കാർഡ് ഉടമകൾക്ക് 13 ഇന സബ്സിഡി ഉല്പന്നങ്ങൾ നൽകുന്നതിന് ആധാർ അധിഷ്ഠിത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഏതു യോഗത്തിലാണ് ഈ തീരുമാനമെടുത്തത്? യോഗങ്ങളുടെ മിനിട്ട്സ് ലഭ്യമാക്കാമോ; സപ്ലൈകോയിൽ റേഷൻ കടകളിലേതിനു സമാനമായി ഇ-പോസ് മെഷീൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ടെൻഡർ നടപടികൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സപ്ലൈകോയിൽ സബ്സിഡി സാധനങ്ങൾ നൽകുമ്പോൾ റേഷൻ കാർഡ് ഉടമകളുടെ നമ്പർ ദുരുപയോഗം ചെയ്ത് ജീവനക്കാർ ഉൾപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് 2021 മുതൽ ഇതു വരെ എത്ര അന്വേഷണങ്ങളാണ് നടത്തിയത്; എത്ര ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(എഫ്) സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വിൽപ്പനയിൽ റേഷൻ കാർഡ് ഉടമകളുടെ നമ്പർ ദുരുപയോഗം ചെയ്ത് നടത്തിയ തട്ടിപ്പുകൾ സംബന്ധിച്ച് സപ്ലൈകോ വിജിലൻസ് വിഭാഗമോ സംസ്ഥാന പൊലീസിന്റെ വിജിലൻസ് വിഭാഗമോ ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ മറ്റ് ഏതെങ്കിലും വിഭാഗമോ റിപ്പോർട്ടുകളും ശിപാർശകളും നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## <u>സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ്</u>

2371 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച പഠന സമിതിയുടെ റിപ്പോർട്ടിൽ വിപണി വിലയുടെ 25 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറവിൽ സാധനങ്ങൾ വിൽക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില ആറുമാസത്തിലൊരിക്കൽ പുനർ നിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സപ്ലൈകോയുടെ നഷ്ടം നികത്തുന്നതിനായി മദ്യവിൽപനയ്ക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

## സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം

2372 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം ഏതൊക്കെ സ്ഥലങ്ങളിൽ ഉണ്ടെന്നതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിലെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ നിലവിൽ ഏത് വാഹനമാണ് ഉപയോഗിക്കുന്നതെന്നും ആയതിന്റെ ചെലവുകൾ ആരാണ് വഹിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) സഞ്ചരിക്കുന്ന റേഷൻകട പദ്ധതിക്കായി എം.എൽ.എ.മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിൽ വാങ്ങുന്ന വാഹനങ്ങളുടെ ഇന്ധനം, ഡ്രൈവറുടെ ശമ്പളം, മെയിന്റനൻസ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ എന്നിവ എത് രീതിയിൽ നിർവ്വഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## കെ-സ്റ്റോറുകൾ മുഖേന മിൽമ ഉല്പന്നങ്ങളുടെ വിതരണം

2373 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്റ്റോറുകൾ മുഖേന മിൽമയുടെ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വിശദമാക്കാമോ?

## സബ്സിഡി സാധനങ്ങൾ സ്റ്റോറുകളിൽ ലഭ്യമാക്കാൻ നടപടികൾ

2374 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു സപ്ലൈകോ സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ കരാറുകാർക്ക് നല്കാനുള്ള ഭീമമായ കുടിശ്ശിക യുദ്ധകാല അടിസ്ഥാനത്തിൽ തീർപ്പാക്കി സബ്സിഡി സാധനങ്ങൾ സ്റ്റോറുകളിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കോന്നി സി.എഫ്.ആർ.ഡി. യിലെ ദിവസ വേതനക്കാർ

2375 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി സി.എഫ്.ആർ.ഡി. യിൽ നിലവിൽ എത്ര ജീവനക്കാർ താൽക്കാലിക/ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു എന്നറിയിക്കുമോ; അതിൽ എത്ര പേർ ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്നുണ്ട്; പേര് വിവരം ലഭ്യമാക്കുമോ;

(ബി) ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിതരാകുന്നവരെ 179 ദിവസം ജോലി ചെയ്ത ശേഷം പിരിച്ചുവിടണമെന്ന 26/2/2016 ലെ സ. ഉ. (പി) 28/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ ഇവിടെ പാലിച്ചിട്ടുണ്ടോ;

(സി) ഡ്രൈവർ തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്നു മുതൽക്കാണ് ഈ സ്ഥാപനത്തിൽ ജോലിക്ക് ചേർന്നതെന്നും അവർ എത്ര വർഷമായി ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്നുണ്ടെന്നും വിശദമാക്കുമോ; ഇവരുടെ നിയമന രീതി എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്ന എത്ര പേർക്ക് പുനർ നിയമനം നൽകിയിട്ടുണ്ട്; പേര് വിവരം ലഭ്യമാക്കുമോ;

(ഇ) സി.എഫ്.ആർ.ഡി. യിൽ കൃത്യ വിലോപം നടത്തിയതിന് എത്ര ദിവസ വേതന ഡ്രൈവർമാരെ പിരിച്ചുവിട്ടിട്ടുണ്ട്; പേര് വിവരവും പിരിച്ചു വിടാനുള്ള കാരണവും വ്യക്തമാക്കുമോ; ഇപ്രകാരം ഒരിക്കൽ പിരിച്ചു വിട്ട ആർക്കെങ്കിലും പുനർ നിയമനം നൽകിയിട്ടുണ്ടോ?

## സംസ്ഥാനത്തെ രണ്ടാംവിള നെല്ല് സംഭരണം

2376 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രണ്ടാംവിള നെല്ല് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും വിശദമാക്കാമോ;

(ബി) നെല്ല് സംഭരണത്തിന് മില്ലുകളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) നെല്ലിന്റെ സംഭരണവില നൽകുന്നതിന് ബാങ്കുകളുമായി ധാരണയിലെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ?

## കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല്

2377 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് എന്തു വിലയാണ് ഇപ്പോൾ നൽകി വരുന്നത്; ഈ വില യഥാസമയം കർഷകർക്ക് ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) നെല്ല് സംഭരണ സമയത്ത് മില്ലുടമകൾ പല കാരണങ്ങളും പറഞ്ഞ് നെൽ കർഷകർക്ക് യഥാർത്ഥ വില നൽകാതെ ചൂഷണം ചെയ്യുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃത്യമായും സർക്കാർ പ്രഖ്യാപിച്ച വില തന്നെ കർഷകർക്ക് ലഭിക്കുന്നു എന്നുറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് യഥാർത്ഥവില നൽകാതെ കബളിപ്പിക്കുന്നു എന്ന കർഷകരുടെ പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## നെല്ല് സംഭരിച്ചതിൽ കർഷകർക്ക് ലഭിക്കാനുള്ള തുക

2378 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നാംവിള നെല്ല് സംഭരിച്ചതിൽ ഇനി എന്തു തുകയാണ് കർഷകർക്ക് നൽകാനുള്ളത്; ആകെ എത്ര കർഷകർക്കാണ് സംഭരണ തുക ലഭിക്കാനുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇനിയും സംഭരണ വില ലഭിക്കാത്ത കർഷകർക്ക് എന്നത്തേയ്ക്കു തുക നൽകുവാൻ സാധിക്കും എന്ന് അറിയിക്കാമോ?

## നെൽകർഷകരുടെ സംഭരണ വില നൽകുന്നതിന് പ്രത്യേക സംവിധാനം

2379 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെൽകർഷകരുടെ സംഭരണ വില നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) നെൽവില ഉൾപ്പെടെ കർഷകർക്കുള്ള വിവിധ സഹായങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി

2380 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിനും നെല്ലിന്റെ താങ്ങുവില കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്ത് എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്ന് വിശദമാക്കുമോ?

## പി.ആർ.എസ്. വായ്പ

2381 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**

**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ആർ.എസ്. വായ്പ സംവിധാനത്തെ കർഷകർ ഭയത്തോടെയാണ് നോക്കിക്കാണുന്നതെന്നും നിരവധി കർഷകർ പി.ആർ.എസ്. വായ്പ സ്വീകരിക്കാൻ തയ്യാറാകുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകന് ലോൺ ഉള്ള ബാങ്കുകൾ ആണെങ്കിൽ ബാധ്യത തുക കുറച്ചുകൊണ്ട് മാത്രമേ ബാങ്കുകൾ പി.ആർ.എസ്. വായ്പ നൽകുകയുള്ളൂ എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) കർഷകനെ ദോഷകരമായി ബാധിക്കുന്ന ഈ പാഡി റെസീപ്റ്റ് സ്ലിപ് സമ്പ്രദായം നിർത്തലാക്കി സംഭരിച്ച നെല്ലിന് മറ്റു മാർഗ്ഗങ്ങളിലൂടെ അടിയന്തിരമായി തുക നൽകാൻ തയ്യാറാകുമോ?

## <u>പി.ആർ.എസ്. വായ്പാ സംവിധാനം</u>

2382 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ച തുക യഥാസമയം കർഷകന് ലഭ്യമാകാത്ത സാഹചര്യം നിലനില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാഡി റസീപ്റ്റ് സ്ലിപ്പ് അഥവാ പിആർഎസ് സംവിധാനം കർഷകന് ബാദ്ധ്യതയാകുന്നു എന്നതിനാൽ ഈ രീതിയിൽ മാറ്റം വരുത്താൻ തയ്യാറാകുമോ; വിശദമാക്കുമോ?

## <u>കർഷകർക്ക് ലഭിക്കുന്ന നെല്ലിന്റെ വില</u>

2383 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നുള്ള നെല്ല സംഭരണത്തിന് ഒരു കിലോഗ്രാം നെല്ലിന് 2015 -16 മുതൽ 2023-24 വരെ നൽകി വരുന്ന കേന്ദ്ര-സംസ്ഥാന വിഹിതവും കർഷകർക്ക് കിട്ടുന്ന തുകയും എത്ര വീതമാണെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ?

## <u>ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് വിവിധ വില ഈടാക്കുന്നത് സംബന്ധിച്ച്</u>

2384 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യവകുപ്പിന് കീഴിൽ എന്തെങ്കിലും പരിശോധനാ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ചില ഹോട്ടലുകളിൽ ചായ ഉൾപ്പെടെയുള്ള വിവിധ ഭക്ഷണങ്ങൾക്ക് വലിയ

വ്യത്യാസത്തോടെയുള്ള അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭക്ഷണങ്ങൾക്കും പാനീയങ്ങൾക്കും കൂടുതൽ വില ഈടാക്കുന്ന ഹോട്ടലുകൾക്ക് ഉണ്ടായിരിക്കേണ്ട അധിക സൗകര്യങ്ങളെക്കുറിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഹോട്ടലുകളിൽ ലഭിക്കുന്ന ഭക്ഷണങ്ങൾക്കും പാനീയങ്ങൾക്കും അധിക വില ഈടാക്കുന്നത് തടയാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

## പുതുവൈപ്പ് വില്ലേജിൽ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടി

2385 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പ് വില്ലേജിൽ സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറിയിട്ടുള്ള 20.24 ആർ. ഭൂമിയിൽ ഗോഡൗൺ നിർമ്മിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഗോഡൗൺ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## പെരുമ്പിലാവിൽ പുതിയ സൂപ്പർമാർക്കറ്റ്

2386 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ പെരുമ്പിലാവ് കേന്ദ്രമായി പുതിയ സൂപ്പർമാർക്കറ്റ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും ഇല്ലെങ്കിൽ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

## കണ്ണൂർ ജില്ലയിലെ ഭക്ഷ്യപൊതുവിതരണ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ

2387 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഭക്ഷ്യപൊതുവിതരണ വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ വിവരം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം വിശദമാക്കാമോ?

## ഉപഭോക്തൃ തർക്ക പരിഹാര ഫോറം

2388 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; നിലവിൽ എത്ര പരാതികൾ പരിഹാരം കാത്ത് കിടക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ഫോറത്തിനും ജില്ലാ ഫോറങ്ങൾക്കും വിധിക്കാവുന്ന പരമാവധി നഷ്ടപരിഹാര തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) തർക്ക പരിഹാര ഫോറം എന്ന സങ്കൽപ്പത്തിൽ നിന്നും കോടതി നടപടികളുടെ രൂപത്തിലേക്ക് ഈ സംവിധാനം മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള മാറ്റത്തിന് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോയെന്നും ഈ മാറ്റം സാധാരണ ഉപഭോക്താക്കളെ പരാതി നൽകുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

## <u>ഉപഭോക്തൃ പരാതികൾ</u>

2389 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സംസ്ഥാന, ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ തീർപ്പാക്കാനവശേഷിക്കുന്ന ഉപഭോക്തൃ പരാതികളുടേയും അപ്പീലുകളുടേയും എണ്ണത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഉപഭോക്തൃ സംരക്ഷണ നിയമം 2019 നിലവിൽ വന്നതിനു ശേഷം ഉപഭോക്താക്കൾ സമർപ്പിക്കുന്ന പരാതികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഉപഭോക്തൃ സംരക്ഷണ നിയമം 2019 അനുശാസിക്കുന്ന മീഡിയേഷൻ ഉൾപ്പെടെയുള്ള ഇതര തർക്ക പരിഹാര സംവിധാനങ്ങൾ സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പ്രത്യേക അദാലത്തുകൾ നടത്തി ഉപഭോക്തൃ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

## <u>ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ</u>

2390 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിയമപരമായി ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ ഏതൊക്കെ; പേരുവിവരം അറിയിക്കാമോ;

(ബി) നിയമപരമല്ലാതെ ഏതെങ്കിലും സ്ഥാപനങ്ങൾ കേരളത്തിൽ ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(സി) നിയമപരമായി ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾക്ക് എന്തൊക്കെ നിയമ പരിരക്ഷകളാണ് നൽകി വരുന്നത്; വിശദമാക്കാമോ;

(ഡി) നിയമപരമായി ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന കമ്പനിയിൽ അംഗമായ കൺസൾട്ടന്റുകൾക്ക് ഏതൊക്കെ തരത്തിൽ പ്രോൽസാഹനങ്ങളും സംരക്ഷണവും നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം

2391 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് ഒ.എം.ആർ. പരീക്ഷയും പ്രാക്ടിക്കൽ പരീക്ഷയും എഴുതി പാസായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തും ശുദ്ധീകരണ പത്രത്തിന്റെ അടിസ്ഥാനത്തിലും നിയമനം നടത്തി ലിസ്റ്റിലുള്ള ജീവനക്കാർക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കാമോ;

(സി) സ്പെഷ്യൽ റൂളിലെ അപാകത കാരണം നിലവിൽ പ്രമോഷൻ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ എത്രയും വേഗം റൂൾ ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

## ഭക്ഷ്യവസ്തുക്കളിലെ അളവ് തൂക്കങ്ങളിലെ കൃത്രിമം

2392 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിലെ അളവിലും തൂക്കത്തിലും പാക്കിംഗിലും കൃത്രിമം കാണിച്ചതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ സി. എം. എൽ. ആർ. ആർ. പി. പദ്ധതി

2393 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ സി. എം. എൽ. ആർ. ആർ. പി. പദ്ധതി വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ

2394 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ/ ജനറൽ വിഭാഗത്തിൽ നാളിതുവരെ അനുവദിച്ച വീടുകളുടെ എണ്ണം എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതി മുഖേന ഫ്ലാറ്റ് നിർമ്മാണം നടക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(സി) പുതുതായി തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ നിന്നുള്ള വീടുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ഓരോ തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ എത്ര പേരുടെ പട്ടികയുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## ക്ലർക്ക് തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് നടപടി

2395 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സമയബന്ധിത ഹയർ ഗ്രേഡ് നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികയിൽ സംസ്ഥാനത്ത് ഹയർ ഗ്രേഡിന് അർഹരായവരുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ അവസാനമായി ഹയർഗ്രേഡ് അനുവദിച്ചത് എന്നാണെന്നുള്ളതിന്റെ വിശദാംശങ്ങൾ നൽകുമോ?

## ജി.സി.ഡി.എ. ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ

2396 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് 2016 ആണോ ജി.സി.ഡി.എ. ഉൾപ്പെടുന്ന വികസന അതോറിറ്റികൾക്ക് ബാധകമായിട്ടുള്ള ചട്ടം എന്ന് വ്യക്തമാക്കാമോ; ജി.സി.ഡി.എ. ഉൾപ്പെടെയുള്ള വികസന അതോറിറ്റികൾക്ക് ബാധകമായിട്ടുള്ള വിശേഷാൽ ചട്ടങ്ങൾ ഏതാണ് എന്ന് വിശദമാക്കാമോ;

(ബി) സർക്കാർ ജീവനക്കാരുടെ ഏഴാം ശമ്പള പരിഷ്കരണ ഉത്തരവിലെ എല്ലാ ആനുകൂല്യങ്ങളും ജി.സി.ഡി.എ. ജീവനക്കാർക്കും 30.03.1999-ലെ ജി.ഒ (ആർ.ടി.) 1209/99/എൽ.എ.ഡി നമ്പർ ഉത്തരവ് അനുസരിച്ച് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ജീവനക്കാരുടെ ഒമ്പതാം ശമ്പള പരിഷ്കരണ ഉത്തരവിലുള്ള ആനുപാതിക ഹയർ ഗ്രേഡ്, സമയബന്ധിത ഹയർ ഗ്രേഡ്, നിലവിലുള്ള മറ്റ് ആനുകൂല്യങ്ങൾ എന്നിവ ജി.സി.ഡി.എ. ജീവനക്കാർക്ക് 07.12.2011-ലെ ജി.ഒ (എം.എസ്.) 305/2011/എൽ.എസ്.ജി.ഡി എന്ന ഉത്തരവിലെ ഖണ്ഡിക നമ്പർ 3(i) പ്രകാരം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ ആനുകൂല്യങ്ങൾ ജി.സി.ഡി.എ. ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതാണെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ പിന്നീട് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവോ ചട്ടങ്ങളോ ഉണ്ടെങ്കിൽ അവ ഏതാണെന്ന് വ്യക്തമാക്കാമോ;

(ഡി) ജി.സി.ഡി.എ. ക്ക് അനുവദിച്ച പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ [സ.ഉ(കൈ) നം.27/2016/തസ്വഭവ തീയതി.25.02.2018] ആറാം നമ്പർ ഖണ്ഡികയിൽ ശമ്പളം, റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് പ്രമോഷൻ, ലീവ്, പ്രമോഷൻ, അലവൻസുകൾ തുടങ്ങിയവയിൽ ഭേദഗതികൾ വരുത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടണം എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഭേദഗതികൾ വരുത്താതെ വിശേഷാൽ ചട്ടങ്ങൾ പ്രകാരം സാധാരണഗതിയിലുള്ള സ്ഥാനക്കയറ്റങ്ങൾ, ആനുപാതിക ഹയർ ഗ്രേഡ്, ലീവുകൾ എന്നിവ അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ആക്ട് 2016 അധ്യായം നാല് ചട്ടം 22 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ

അധികാരങ്ങൾ അതോറിറ്റിയുടെ നിർവാഹക സമിതിക്കും വകുപ്പ് മേധാവിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ അതോറിറ്റി സെക്രട്ടറിക്കും ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ 25.02.2018 -ലെ സ.ഉ(കൈ) നം.27/2016/ തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ ആറിൽ പറഞ്ഞിട്ടുള്ള ഭേദഗതികൾ വരുത്തുന്നതിന് അനുമതി തേടേണ്ട ആവശ്യകതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവുകൾ, വിശേഷാൽ ചട്ടങ്ങൾ എന്നിവയ്ക്ക് അനുസൃതമായി ആനുപാതിക ഹയർ ഗ്രേഡ് സ്ഥാനക്കയറ്റങ്ങൾ, ശമ്പളം, ലീവ്, സ്കെയിൽ ഓഫ് പേ, സ്ഥാനക്കയറ്റം എന്നിവ ഭേദഗതികൾ കൂടാതെ അനുവദിക്കുന്നതിന് പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അതോറിറ്റിക്ക് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) ജി.സി.ഡി.എ.യിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ ഒഴിവ് വന്നതുമൂലം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ശ്രീമതി ജെബി ജോണിന് സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സൂപ്രണ്ടിംഗ് എഞ്ചിനീയറായി സ്ഥാനക്കയറ്റം നൽകിയ നടപടി ജി.സി.ഡി.എ.യുടെ 19.04.2022-ലെ സ. ഉ. (സാധാ ) നം.971/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സാധൂകരിച്ച് ഉത്തരവായിട്ടുള്ളത് ജി.സി.ഡി.എ.ക്ക് അനുവദിച്ച പത്താം ശമ്പളപരിഷ്കരണ ഉത്തരവിലെ ആറാമത് വ്യവസ്ഥയ്ക്ക് വിരുദ്ധമാണോ എന്ന് വ്യക്തമാക്കാമോ?

## ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ്

2397 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നിട്ടുള്ളതെന്നും ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ നാളിതുവരെ ലഭിച്ച ഏതെങ്കിലും പരാതികളിന്മേൽ പരാതി പരിഹാര സെൽ സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ?

## പാറശാല മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രവൃത്തികൾ

2398 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) തുക അനുവദിച്ച പ്രവൃത്തികളിൽ ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

## തദ്ദേശസ്വയംഭരണ വകുപ്പിലെ പൊതു സ്ഥലം മാറ്റം

2399 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം,

എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ 2024-ലെ പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) 2021 മുതൽ ഒരേ ഓഫീസിൽ തന്നെ പ്രൊമോഷൻ നൽകി നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ നൽകുമോ;

(സി) 2023-ലെ പൊതു സ്ഥലം മാറ്റത്തിൽ മറ്റ് ഓഫീസിലെ സീനിയർ ജീവനക്കാർ ഓപ്ഷൻ ചോദിച്ചിട്ടും സ്ഥലം മാറ്റം അനുവദിക്കാതെ ജൂനിയർ ജീവനക്കാരെ അതെ ഓഫീസിൽ തുടരാൻ അനുവദിച്ചിട്ടുണ്ടോ; വിവരങ്ങൾ നൽകുമോ;

(ഡി) ഒരു ഓഫീസിലെ മൂന്ന് വർഷത്തെ സേവനം എന്നത് ഒരു തസ്തികയിലെ സേവനം മാത്രമാണോ; വ്യക്തമാക്കുമോ;

(ഇ) ഒരു ഓഫീസിൽ മൂന്ന് വർഷം പൂർത്തിയായ മുഴുവൻ ജീവനക്കാർക്കും സ്ഥലം മാറ്റം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തീർപ്പാക്കാനുള്ള അപേക്ഷകൾ</u>**

2400 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സേവനങ്ങൾക്കായി ജനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നൽകിയ അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപേക്ഷകൾ സീനിയോരിറ്റി പ്രകാരം സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) വിവിധ സേവനങ്ങൾക്കായി നൽകുന്ന അപേക്ഷകൾ നിലവിൽ സീനിയോരിറ്റി പ്രകാരമാണോ പരിഗണിക്കുന്നത്; നിലവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്ന് വിശദമാക്കാമോ;

(സി) തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിവിധ സേവനങ്ങൾക്ക് സമയ പരിധി നിശ്ചയിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കൊല്ലം ജില്ലയിലെ ലൈഫ് ഭവന പദ്ധതി</u>**

2401 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള ലൈഫ് ഭവന പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ ലൈഫ് പദ്ധതിയിൻ കീഴിൽ നാളിതുവരെ എത്ര വീടുകളാണ് നിർമ്മിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

**<u>ഖരമാലിന്യ ശേഖരണ വാതിൽപ്പടി സേവനത്തിന്റെ വരവും ചെലവും</u>**

2402 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ൽ സംസ്ഥാനത്തെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള ഖരമാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട വാതിൽപ്പടി സേവനത്തിന് യൂസർ ഫീ ആയി എത്ര കോടി രൂപ ഈടാക്കിയിട്ടുണ്ട്; ഓരോ പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഹരിതകർമ്മസേനാ പ്രവർത്തകർ വിവിധ പഞ്ചായത്തുകളിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ഏറ്റെടുക്കുന്നതിന് സംസ്ഥാനത്ത് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അവയുടെ പേരും അഡ്രസ്സും ഉൾപ്പെടെയുള്ള വിവരങ്ങളും ലഭ്യമാക്കുമോ; ഈ ഏജൻസികളെ എങ്ങനെയാണ് കണ്ടെത്തിയിട്ടുള്ളതെന്നും അതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ഹരിതകർമ്മസേന പ്രവർത്തകർ ശേഖരിക്കുന്ന ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ഏറ്റെടുത്ത് സംസ്കരിക്കുന്ന ഏജൻസികൾ ഈ മാലിന്യങ്ങൾ ശേഖരിച്ച വകയിൽ 2023 ൽ സർക്കാരിന് എത്ര കോടി രൂപ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ഡി) ഹരിതകർമ്മസേന പ്രവർത്തകർക്ക് പ്രതിഫലമായി ഓരോ മാസവും എത്ര രൂപ വീതം നൽകി വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; ഇത് സംസ്ഥാനത്താകമാനം ഏകീകൃതമാണോ; തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിഫല തുകയിൽ വ്യത്യാസമുണ്ടോ എന്ന് വ്യക്തമാക്കാമോ; ഹരിത കർമ്മ സേനാ പ്രവർത്തകക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) വാതിൽപ്പടി സേവനത്തിനായി 2023 ൽ സർക്കാർ തനത് ഫണ്ടിൽ നിന്നും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം ചെലവുകൾക്കെന്ന് ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട ഗ്രാന്റ്</u>

2403 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇനത്തിൽ 2023 ഓഗസ്റ്റ് മാസത്തിൽ നൽകേണ്ടിയിരുന്ന രണ്ടാം ഗഡു പൂർണ്ണമായും നൽകാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023 ഓഗസ്റ്റ് മാസത്തിൽ നൽകേണ്ടിയിരുന്ന രണ്ടാം ഗഡുവിലെ മെയിന്റനൻസ് ഗ്രാന്റ് നൽകിയിട്ടുണ്ടോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള വിഹിതം സമയബന്ധിതമായി

നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ**

2404 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ, ആരംഭം മുതൽ 2023 ഡിസംബർ വരെയുള്ള കാലയളവിലെ എത്ര ഹർജികൾ തീർപ്പാക്കുവാനുണ്ടെന്ന് വർഷം തിരിച്ച് വിശദീകരിക്കുമോ;

(ബി) ഒരു അപ്പീലോ മറ്റോ ഫയൽ ചെയ്താൽ അതിൽ അന്തിമ തീരുമാനമാകുവാൻ വർഷങ്ങൾ വേണ്ടി വരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ചെറിയ കാര്യങ്ങൾക്ക് പോലും അഭിഭാഷകരെ നിയോഗിച്ച് വളരെ നാളുകൾ കേസ് നടത്തേണ്ട അവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) നിയമ സങ്കീർണ്ണതകളില്ലാത്ത വിഷയങ്ങളിലെ അപ്പീലുകളും മറ്റും പരിഗണിക്കുന്ന ചുമതല അതാത് ജില്ലകളിലെ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ**

2405 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ ശാക്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ജാഗ്രതാസമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കുഴൂർ - പനമ്പിള്ളി ഗോവിന്ദ മേനോൻ റോഡ്**

2406 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ കുഴൂർ - പനമ്പിള്ളി ഗോവിന്ദ മേനോൻ റോഡിന് കെ. എസ്. ആർ. ആർ. ഡി. എ., പി. എം. ജി. എസ്. വൈ. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ തുകയും തീയതിയും അറിയിക്കാമോ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തി പൂർത്തിയാകാത്തതിന് കാരണം എന്താണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തതിന് കാരണക്കാരായ കരാറുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്റ്റാന്റിംഗ് എംപവേർഡ് കമ്മിറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണവും കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയും വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**<u>തദ്ദേശ പൊതു സർവീസ് സംബന്ധിച്ച ആശങ്കകൾ</u>**

2407 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതു സർവീസ് സംബന്ധിച്ച് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) തദ്ദേശ പൊതു സർവീസ് നടപ്പിലാക്കിയപ്പോൾ പ്രമോഷൻ, ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് ഉൾപ്പെടെയുള്ള വ്യവസ്ഥകളിലായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

**<u>തൃശ്ശൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ</u>**

2408 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ 2016-17 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റിൽ 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ പ്ലാൻ ഫണ്ട് പ്രവൃത്തികളും ടെൻഡർ സേവിംഗ്സ് തുകയും</u>**

2409 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുൻവർഷങ്ങളിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളിൽ നിലവിൽ ബാക്കിയുള്ള ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങളും നിബന്ധനകളും</u>**

2410 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സേവനങ്ങൾക്ക് ഏകീകൃതമായ നിബന്ധനകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഒരേ സേവനത്തിന് വിവിധ ഓഫീസുകൾ വിവിധ രേഖകൾ ആവശ്യപ്പെടുന്നതും സേവനം നിഷേധിക്കുന്ന രീതിയിൽ നിബന്ധനകൾ ഏർപ്പെടുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം പദ്ധതി

2411 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം എന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം അറിയിക്കാമോ; ഇതിനായി കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് എന്ന കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആശയ സമാഹരണം, രൂപീകരണം എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ നിർവ്വഹണ രീതികളും മൂലധന സമാഹരണ മാർഗങ്ങളും വ്യക്തമാക്കാമോ?

## 2023 ലെ അദാലത്തിൽ ലഭിച്ച പരാതികൾ

2412 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ 2023 ൽ നടപ്പിലാക്കിയ അദാലത്തുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നാളിതുവരെ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ട്; എത്ര പരാതികൾ പരിഹരിക്കുന്നതിനു ബാക്കിയുണ്ട്; ജില്ലതിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) സങ്കീർണ്ണമായ പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക ഉത്തരവ് നൽകുമോയെന്ന് വ്യക്തമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ ടേക് എ ബ്രേക്ക് പദ്ധതി

2413 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ എവിടെയെല്ലാമാണ് ടേക് എ ബ്രേക്ക് പദ്ധതി പ്രവർത്തിക്കുന്നതെന്നും ഓരോ ടേക് എ ബ്രേക്ക് പദ്ധതിക്കും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് ടേക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

**കുണ്ടറ മണ്ഡലത്തിലെ ആർ.കെ.ഐ. പദ്ധതി**

2414 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ ആർ.കെ.ഐ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന റോഡ് പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെ; ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച തീയതിയും അനുവദിച്ച തുകയും എതൊക്കെ പഞ്ചായത്തുകളിലാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

**കുടുംബശ്രീ മിഷന്റെ ഓഡിറ്റ്**

2415 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിന് കുടുംബശ്രീ മിഷൻ ഓഡിറ്റ് നാളിതുവരെ ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സിഡിഎസ് തലത്തിലുമുള്ള ക്രമക്കേടുകൾ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരാനും ധന വിനിയോഗത്തിന്റെ ആധികാരികത ഫലപ്രാപ്തി എന്നിവ ഉറപ്പുവരുത്താനും കുടുംബശ്രീ സംവിധാനം കുറ്റമറ്റതാക്കുവാനും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വിശദമായ ഓഡിറ്റ് അനിവാര്യമായതിനാൽ ആയതു നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡിനായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം**

2416 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് പുനരധിവാസ ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട IA3/18/2022/എൽ.എസ്.ജി.ഡി. എന്ന ഫയലിന്മേലുള്ള നടപടികളിൽ കാലതാസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്മേലുള്ള നടപടികൾ പൂർത്തിയാക്കി തീരുമാനം എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

## കെ-സ്മാർട്ട് മൊബൈൽ ആപ്പ്

2417 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ വകുപ്പിന്റെ കെ-സ്മാർട്ട് മൊബൈൽ ആപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ വിശദമാക്കാമോ;

(ബി) കെ-സ്മാർട്ട് മൊബൈൽ ആപ്പ് വഴിയുള്ള സേവനങ്ങൾ പരിചയപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് പ്രത്യേകം സൗകര്യം ഒരുക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## മുനിസിപ്പൽ കോമൺ സർവീസ് - മുൻകാല സർവീസ് ആനുകൂല്യം

2418 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവീസിലേക്ക് മറ്റു സർക്കാർ സർവീസിൽ നിന്നും വരുന്ന ജീവനക്കാരെയും, തിരിച്ച് മറ്റ് സർക്കാർ സർവീസിലേക്ക് പോകുന്ന ജീവനക്കാരെയും മുൻകാല സർവീസ് ആനുകൂല്യത്തിനു പരിഗണിക്കുന്നത് 2006 വരെ നിജപ്പെടുത്തി ഉത്തരവുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനെതിരായി ജീവനക്കാർ കേസിനു പോകുന്നതും ആനുകൂല്യം നൽകാൻ ഓരോ ഘട്ടത്തിലും പ്രത്യേക ഉത്തരവുകൾ ഇറക്കേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതു സർവീസ് രൂപീകൃതമായ സാഹചര്യത്തിൽ ഈ വിഷയത്തിൽ പൊതുവായ തീരുമാനമെടുത്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഇരവിപുരം മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

2419 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ കൊല്ലം കോർപ്പറേഷനിലെ മൂന്നും മയ്യനാട് പഞ്ചായത്തിലെ നാലും ഉൾപ്പെടെ ഏഴ് സുനാമി പുനരധിവാസ ഫ്ലാറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്താനും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനും റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി 2020-ൽ ;04/11/2020 തീയതിയിലെ ജി.ഒ(എം.എസ്) നം.170/2020 എൽ.എസ്.ജി.ഡി. (ഇ &എസ്)] 15 കോടി രൂപ അനുവദിച്ചിരുന്നോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ**

2420 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട മുൻസിപ്പാലിറ്റി/പഞ്ചായത്തുകളിൽ ജീവനക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണ്; വിശദാംശം നൽകാമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സംബന്ധിച്ച് പലതവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

**കുന്നത്തുനാട് മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പദ്ധതികൾ**

2421 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**മാലിന്യസംസ്കരണ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ**

2422 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻതോതിൽ മാലിന്യം പുറന്തള്ളുന്ന സ്ഥാപനങ്ങളിൽ സംസ്കരണത്തിലെ വീഴ്ച കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) 2023 ജനുവരി മുതൽ നാളിതുവരെ പ്രസ്തുത എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എത്ര സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ**

2423 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ; അവസാനമായി ഏത് വർഷത്തിലാണ് വർക്ക് സ്റ്റഡി നടത്തിയിട്ടുള്ളത് എന്നും അതിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫുകളുടെ എണ്ണം ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ;

(ബി) ഇരുപത്തിമൂന്ന് വാർഡുകൾ വരെയുള്ള ഗ്രാമപഞ്ചായത്തുകളിലും 16 ഉം 18 ഉം വാർഡുകൾ മാത്രമുള്ള ഗ്രാമപഞ്ചായത്തുകളിലും ഒരേ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**മുനിസിപ്പൽ കോമൺ സർവ്വീസിൽ കേഡർ സ്ട്രെങ്ത്തായി ഉൾപ്പെടുത്തൽ**

2424 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന അതോറിറ്റികൾ 2017-ൽ നിർത്തലാക്കിയതിനാൽ നിലവിലെ ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവ്വീസ്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, പ്ലാനിംഗ് വിഭാഗം എന്നിവയിലേയ്ക്ക് ലയിപ്പിക്കുകയും തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, പ്ലാനിംഗ് വിഭാഗം എന്നിവയിൽ കേഡർ സ്ട്രെങ്ത്തായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ കേഡർ സ്ട്രെങ്ത്തായി ഉൾപ്പെടുത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**നവകേരള സദസിലെ ലൈഫ് ഭവന പദ്ധതി പരാതികൾ**

2425 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പരാതികൾ പരിശോധിച്ച് അർഹരായവരെ പഞ്ചായത്തുകൾ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടുത്താനാകുമോ എന്ന് അറിയിക്കുമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

2426 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ യഥാസമയം വീട് നിർമ്മാണം പൂർത്തീകരിച്ചവർക്ക് ഘട്ടം ഘട്ടമായി നൽകുന്ന തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**അമൃത് പദ്ധതി**

2427 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിൽ വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ ഒന്നാം ഘട്ട പ്രവൃത്തികളുടെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുകയാണ് കേന്ദ്രവിഹിതമായി ലഭിച്ചതെന്നും സംസ്ഥാന വിഹിതം എത്രയാണെന്നും ആയതിൽ എത്രതുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വിശദമാക്കാമോ;

(സി) രണ്ടാംഘട്ട പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് മുൻഗണന നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

2428 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തെ സ്മാർട്ട് സിറ്റി ആക്കാനായി അനർട്ട് മുഖേന എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും എത്ര തുക ഇതിനായി നീക്കിവെച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) അനെർട്ടുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഭാഗമായി ഇതുവരെ നടത്തിയ മീറ്റിങ്ങുകളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സോളാർ പദ്ധതികൾക്ക് വേണ്ടി അനെർട്ടിൽ നിന്നും ലഭിച്ച പേയ്മെന്റ് റിലീസ് ഓർഡറുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) സോളാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ

2429 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച പി.എം.ജി.എസ്.വൈ.പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റബ്ബർ പാർക്ക്- ആലിൻ ചുവട്- ടാങ്ക് സിറ്റി- മേപ്രത്തുംപടി- മങ്കുഴി റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) 2023-24 വർഷത്തിൽ പി.എം. ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത മണ്ഡലത്തിൽ നിന്നുള്ള റോഡുകളുടെ പദ്ധതി നിർദ്ദേശങ്ങൾക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## പ്രമോഷൻ വഴി അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക

2430 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലും നഗരസഭകളിലും പ്രമോഷൻ വഴി അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചതിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ ഇയു2-78/2023/ എൽ.എസ്.ഡി ഫയൽ പ്രകാരം സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികയിൽ പ്രമോഷൻ വഴി നിയമിക്കുന്നതിനുള്ള കാലതാമസ്സം എന്തുകൊണ്ടെന്ന് വിശദമാക്കാമോ; എപ്പോൾ നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>ഇന്റർ ട്രാൻസ്ഫർ പോളിസിയും സർവ്വീസ് ആനുകൂല്യങ്ങളും</u>

2431 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെട്ട മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്നുള്ള ജീവനക്കാർ ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി പഞ്ചായത്ത്/ ഗ്രാമവികസന / നഗരകാര്യ വകുപ്പിൽ നിന്നും വിരമിക്കുമ്പോൾ പെൻഷൻ, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി പഞ്ചായത്ത്/ ഗ്രാമവികസന വകുപ്പിൽ/ ഡയറക്ടറേറ്റുകളിൽ ജോലി ചെയ്യുന്ന മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ട് അഡ്വാൻസ് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളും മേൽപ്രകാരം അപേക്ഷ നൽകിയ ജീവനക്കാരുടെ വിവരങ്ങളും ലഭ്യമാക്കാമോ?

## <u>സ്മാർട്ട് അംഗൻവാടി പദ്ധതി</u>

2432 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസന വകുപ്പുമായി സഹകരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സ്മാർട്ട് അംഗൻവാടി പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് അംഗൻവാടികളുടെ നിർമ്മാണത്തിനാവശ്യമായ തുക ഏതെല്ലാം പദ്ധതികളിൽ നിന്നുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെ എത്ര സ്മാർട്ട് അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റുള്ളവയുടെ പ്രവർത്തന പുരോഗതിയെന്തെന്നും വിശദമാക്കാമോ;

(ഡി) ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>വ്യാപാരികളെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങൾ</u>

2433 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരികൾക്കുള്ള ട്രേഡ് ലൈസൻസ് ഫീസും പിഴയും, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, കെട്ടിട നികുതിയിൽ വർഷം തോറും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വർദ്ധനവ് ഇവ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ; ഈ വർദ്ധനവ് വ്യാപാരികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും ഇതിനെതിരെ അവർ സമരമുഖത്താണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപഭോക്താക്കൾ അല്ലാത്തവർക്കു കൂടി ഉപയോഗിക്കുവാൻ പാകത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ ശൗചാലയങ്ങളും വേസ്റ്റ് ബിന്നുകളും സ്ഥാപിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഉപഭോക്താക്കളല്ലാത്തവരും ഈ സംവിധാനം ഉപയോഗിക്കുന്ന അവസ്ഥ ഉണ്ടാക്കാവുന്ന പ്രയാസം ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) ദേശീയ പാതയോരത്ത് നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകാൻ പഞ്ചായത്തുകൾ അക്സസ് പെർമിറ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇതുമൂലം ജനങ്ങൾക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമ?

## <u>മസ്റ്ററിംഗിനുള്ള അവസരം</u>

2434 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുന്നവർക്ക് അസുഖം ഉൾപ്പെടെയുള്ള കാരണങ്ങളാൽ മസ്റ്ററിംഗ് നടത്താനാവാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആളുകൾക്ക് മസ്റ്ററിംഗ് നടത്തുന്നതിന് അവസരം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

## <u>മൂന്നിയൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം</u>

2435 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന് നഷ്ടപ്പെട്ട കെട്ടിടത്തിനും ഭൂമിക്കും പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള RE3/226/2023-LSGD നമ്പർ ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ വിഷയം സംബന്ധിച്ച് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ 6 മാസം മുൻപ് സമർപ്പിച്ച ശിപാർശയിൻമേൽ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ വിഷയം സംബന്ധിച്ച് വകുപ്പിലും പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലും മലപ്പുറം ജോയിന്റ് ഡയറക്ടറുടെ ഓഫീസിലും ലഭ്യമായ ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**തദ്ദേശസ്വയംഭരണ ആരോഗ്യ വിഭാഗത്തിലെ ഒഴിവുകളും പ്രമോഷനും**

2436 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആരോഗ്യ വിഭാഗത്തിൽ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ എത്ര കാലമായി നിലവിലുള്ളവയാണെന്നും ലോക്കൽ ബോഡി തലത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ബി) തദ്ദേശ സ്വയം ഭരണ പൊതു സർവ്വീസ് നിലവിൽ വന്നതിന് ശേഷം നഗരസഭകളിൽ ജോലി ചെയ്യുന്നവരുടെ പ്രമോഷനുകൾ മനപൂർവ്വമായി വൈകിപ്പിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഗരസഭകളിലെ റവന്യൂ / ആരോഗ്യ വിഭാഗം ജീവനക്കാരുടെ പ്രമോഷൻ അവസാനമായി നടന്ന തീയതിയുടെ വിവരങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) നഗരസഭാ ആരോഗ്യ വിഭാഗത്തിലെ ക്ലീൻ സിറ്റി മാനേജർ തസ്തിക നിലവിൽ ഗസറ്റഡ് തസ്തികയാണോ; പ്രസ്തുത വിഭാഗം ജീവനക്കാരുടെ പ്രമോഷൻ ഒരു വർഷത്തോളമായി നടത്താതിരിക്കുന്നതും അക്കാരണത്താൽ മറ്റു തസ്തികകളിലേക്കും പ്രമോഷൻ നടത്താൻ സാധിച്ചിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രമോഷൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രമോഷൻ നടത്താനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

**നഗരകാര്യവകുപ്പിലെ ഹെൽത്ത് ജീവനക്കാരുടെ പ്രമോഷൻ**

2437 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകാര്യവകുപ്പിൽ 2023 ഫെബ്രുവരി മാസം മുതലുള്ള ഹെൽത്ത് ജീവനക്കാരുടെ പ്രമോഷൻ ഒഴിവുകൾ എന്നത്തേയ്ക്ക് നികത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ നഗരസഭകളിലും കോർപ്പറേഷനുകളിലും ക്ലീൻ സിറ്റി മാനേജർ തസ്തിക (പഴയ ഹെൽത്ത് സൂപ്പർവൈസർ) ഒഴിഞ്ഞുകിടക്കുന്നതിനാൽ മാലിന്യമുക്ത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് സംബന്ധിച്ച ബഹു ഹൈക്കോടതിയുടെ 21.03.2023 ലെ ഡബ്ല്യൂ.പി. (സി).നം 7844/2023 വിധി നഗരസഭകളിൽ നടപ്പിലാക്കാനാകാത്ത അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കഴിഞ്ഞ ആറുമാസമായി പ്രസ്തുത തസ്തികയിലേക്കുള്ള പ്രമോഷന് ഡി.പി.സി കൂടാത്തതിനാൽ ഈ ഒഴിവ് നികത്താൻ കഴിയാത്ത സാഹചര്യത്തിൽ ഡി.പി.സി ഒഴിവാക്കി പ്രമോഷൻ നൽകി കോടതി നിർദേശിച്ച പ്രകാരം മാലിന്യമുക്ത പ്രവർത്തനങ്ങൾ മൂന്നാം ഘട്ടം മാർച്ച് 31ന് മുമ്പ് പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) 2023ലെ ട്രാൻസ്ഫറിൽ നഗരസഭകളിലെ ആരോഗ്യ വിഭാഗം ജീവനക്കാരുടെ അനോമലി പരിഹരിക്കുന്നതിനായി അപേക്ഷ സ്വീകരിച്ച് അപ്പീൽ കമ്മിറ്റിയും ഗവൺമെന്റും ഉത്തരവ് നൽകി മൂന്ന് മാസം കഴിഞ്ഞിട്ടും ഡയറക്ടറേറ്റിൽ നിന്നും ഉത്തരവ് ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വരയ്ക്കുന്നതിനുള്ള അംഗീകൃത സോഫ്റ്റ്‌വെയർ

2438 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വരയ്ക്കുന്നതിനുള്ള അംഗീകൃത സോഫ്റ്റ്‌വെയർ നിലവിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈകൊണ്ട് വരയ്ക്കുന്നതിന് ധാരാളം സമയം എടുക്കുന്നതിനാൽ പകരം സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## ഭവനനിർമ്മാണത്തിൽ കേന്ദ്രസർക്കാർ നൽകുന്ന ധനസഹായം

2439 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവരുടെ ഭവനനിർമ്മാണത്തിൽ കേന്ദ്രസർക്കാർ എത്ര രൂപയാണ് ധനസഹായമായി നൽകുന്നത് ; ഏതൊക്കെ സ്കീമുകൾ പ്രകാരമാണ് ഈ തുക നൽകുന്നത്; കേരളത്തിൽ 2016 മുതൽ ഇത് വരെ ഈ സ്കീമുകളിലായി എത്ര വീടുകൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്; ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ എത്ര രൂപ വീതമാണ് ഇതിന്റെ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്; 2016 മുതൽ കേരളം ഈയിനത്തിൽ എത്ര പേർക്കായി എത്ര രൂപ ചെലവഴിച്ചു;

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ സംസ്ഥാനത്ത് ഇതിനോടകം പൂർത്തീകരിച്ചു; നിർമ്മാണം നടക്കുന്നത് എത്ര വീടുകളുടെയാണ്; ഭൂരഹിതർക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതിയിൽ ഇതിനോടകം എത്ര പേർക്ക് ആനുകൂല്യം നൽകി എന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പറവൂരിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയം എത്ര പേർക്ക് നൽകുന്നതിനാണ് വിഭാവനം ചെയ്തത്; നിർമ്മാണത്തിൽ ഉണ്ടായ തടസ്സം എന്താണ്; നിർമ്മാണം പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## കുടുബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെ നിയമനം

2440 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഒന്നാം സ്ഥാനത്ത് ഉള്ളവരെ ജില്ലാ മിഷൻ കോർഡിനേറ്റർ ആയി നിയമിക്കാൻ സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ;

(സി) കുടുംബശ്രീ പശ്ചാത്തലമുള്ള ആളുകളെ ആണോ ജില്ലാ പ്രോഗ്രാം മാനേജർമാരായി നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ കൂടുതൽ സ്ത്രീകളെ പരിഗണിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഇ) സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കുടുംബശ്രീയിൽ ഡി.പി.എം. / എ.ഡി.എം.സി. തസ്തികകളിൽ വനിതകൾക്ക് മുൻഗണന നൽകിക്കൊണ്ടാണോ നിയമനം നൽകിയിരിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(എഫ്) ഡി.പി.എം. തസ്തികയിൽ ഉള്ളവരുടെ പേര്, യോഗ്യത, ആൺ/പെൺ എന്നിങ്ങനെ തരം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിശദ വിവരം ലഭ്യമാക്കാമോ;

(ജി) ദിവസവേതന/ കോൺട്രാക്ട് വ്യവസ്ഥയിൽ ഒരേ ഘടകത്തിൽ ജോലി ചെയ്യുന്ന ഡി.പി.എം. തസ്തികയിലുള്ളവരെ മൂന്നുവർഷം തികയുമ്പോൾ മറ്റ് ഘടകങ്ങളിലേക്ക് സ്ഥലം മാറ്റുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

2441 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) മലമ്പുഴ മണ്ഡലത്തിലെ നെയ്തല-പോക്കൻതോട് റോഡ് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകേണ്ട പദ്ധതി വിഹിതം

2442 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട ഈ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം യഥാസമയം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിവിഹിതം ഈ സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാതെ വന്നാൽ ആയത് അടുത്ത സാമ്പത്തിക വർഷം ചെലവഴിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുമോയെന്ന് അറിയിക്കുമോ;

(സി) തദ്ദേശ സ്ഥാപനങ്ങൾക്ക് യഥാസമയം പദ്ധതി വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഖരമാലിന്യ സംസ്കരണം

2443 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണത്തിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഖരമാലിന്യ പരിപാലന (എസ്.ഡബ്ല്യൂ.എം.) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രിബ്യൂണൽ കൊച്ചിൻ

കോർപറേഷന് പിഴ ചുമത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് സംസ്ഥാനം നടപ്പിൽ വരുത്തിയത്; വിശദമാക്കാമോ;

(ഡി) ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനതല നയരൂപീകരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ഹരിതകർമ്മ സേനക്കെതിരെയുള്ള നവമാധ്യമ പ്രചരണം**

2444 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകർമ്മസേനക്കെതിരെ നവമാധ്യമങ്ങളിലൂടെ നടക്കുന്ന വിദ്വേഷ പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരത്തിൽ പ്രചാരണം നടത്തുന്നവർക്കെതിരെ എന്തെങ്കിലും നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കോഴിക്കോട് ജില്ലയിലെ ലൈഫ് മിഷൻ, കെ-സ്മാർട്ട് പദ്ധതികൾ**

2445 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ കോഴിക്കോട് ജില്ലയിൽ അനുമതി നൽകിയ ലൈഫ് മിഷൻ വീടുകളുടെ എണ്ണവും ചിലവാക്കിയ തുകയുടെ കണക്കും വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ കെ-സ്മാർട്ട് നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണവും പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികൾ**

2446 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ളവയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് നിർവ്വഹണ ചുമതലയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**1999 കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് ചട്ടം**

2447 **ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ലെ കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് ചട്ട പ്രകാരം നിർമ്മിച്ച ബിൽഡിംഗുകളിൽ അഡീഷൻ ആൻഡ് ആൾട്ടറേഷൻ ചെയ്യുമ്പോൾ 2019 ലെ പുതിയ കേരള മുൻസിപ്പൽ ബിൽഡിംഗ് ചട്ടം വകുപ്പ് 3 പ്രകാരമാണോ കാർ പാർക്കിംഗ് നിർമ്മിക്കേണ്ടത്; പുതിയ ചട്ടപ്രകാരമാണ് നിർമ്മിക്കേണ്ടതെങ്കിൽ പഴയ ഒക്യുപൈഡ് ഏരിയക്ക് പഴയ ചട്ടപ്രകാരവും പുതിയ ഏരിയയ്ക്ക് പുതിയ ചട്ടപ്രകാരവും പാർക്കിംഗ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ നടപടി

2448 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവ മാലിന്യങ്ങളും റോഡരികിലേക്കും തുറസ്സായ സ്ഥലങ്ങളിലേക്കും വലിച്ചെറിയുന്നത് തടയാനും ഒപ്പം ഇവ വലിച്ചെറിയുന്നവർക്കെതിരെയും എന്തൊക്കെ നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

## കുറ്റിപ്പുറം ചെല്ലൂർ ഖരമാലിന്യ സംസ്കരണ പ്ലാന്റ്

2449 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ ചെല്ലൂർ പ്രദേശത്ത് സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ്, പ്രദേശത്തെ ജനജീവിതം ദുസ്സഹമാക്കുമെന്നും സമീപ പ്രദേശത്തെ കിണറുകളിലെയും ജലജീവൻ മിഷൻ പദ്ധതിയുടെ ജല സ്രോതസ്സായ ഭാരതപുഴയിലെയും ജലം മലിനമാക്കുമെന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾ തിങ്ങി പാർക്കുന്ന ചെല്ലൂർ പ്രദേശത്ത് ഈ പ്ലാന്റ് വരുന്നത് പ്രദേശത്തെ ജനങ്ങൾക്ക് സങ്കീർണ്ണമായ ആരോഗ്യ പ്രശ്നങ്ങളും മാറാരോഗങ്ങളും പകർച്ച വ്യാധികളും ഉണ്ടാക്കുമെന്ന ആശങ്ക കണക്കിലെടുത്ത് പ്രസ്തുത പ്ലാന്റ് പ്രദേശത്ത് നിന്നും മാറ്റണമെന്നുള്ള പ്രദേശവാസികളുടെയും കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെയും ആക്ഷൻ കമ്മിറ്റി ഭാരവാഹികളുടെയും ആവശ്യത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ?

## കടവന്ത്ര കെ.പി. വള്ളോൻ റോഡിന്റെ വികസനം

2450 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കൊച്ചിൻ നഗരസഭയുടെ കീഴിലുള്ള കടവന്ത്ര കെ.പി. വള്ളോൻ റോഡിന്റെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ വികസനത്തിനായി എത്ര കോടി രൂപയാണ് നീക്കി വെച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് റോഡിന്റെ ഇരുവശവും ഉള്ള ഭൂമിയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ക്രയവിക്രയങ്ങളും കഴിഞ്ഞ 30 വർഷത്തോളമായി മരവിപ്പിച്ചിരിക്കുകയാണ് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇങ്ങനെ മരവിപ്പിച്ചത് മൂലം പ്രസ്തുത പ്രദേശത്ത് ജനങ്ങൾക്ക് വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെയും വിവാഹമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് വസ്തുവകകൾ ക്രയവിക്രയം ചെയ്യാൻ സാധിക്കാതെയും ബുദ്ധിമുട്ടുന്നതിനാൽ വികസനത്തിന് ആവശ്യമായ സ്ഥലം

ഏറ്റെടുത്ത് വസ്തു ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

**<u>മാലിന്യസംസ്കരണ പദ്ധതിക്കായി തനത് ഫണ്ട് വിനിയോഗം</u>**

2451 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്കരണത്തിനുള്ള കേന്ദ്രഫണ്ട് നടപ്പു വർഷം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; പ്രസ്തുത കേന്ദ്രഫണ്ട് ലഭിക്കുന്നതിനായി മുൻവർഷത്തെ പ്രവർത്തന പുരോഗതിയും ഫണ്ട് ചെലവിടലും സംബന്ധിച്ച റിപ്പോർട്ട് യഥാസമയം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്രഫണ്ടിന്റെ അഭാവത്തിൽ സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്ത നവകേരള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവിന്റെ ബാധ്യത കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ച് മാലിന്യസംസ്കരണ പദ്ധതികൾ പൂർത്തിയാക്കണമെന്ന നിർദ്ദേശം അവയെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയ ശേഷമാണോ നിർദ്ദേശം നൽകിയതെന്ന് വിശദീകരിക്കുമോ;

(സി) നടപ്പ് വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണ വേളയിൽ മാലിന്യസംസ്കരണ പദ്ധതികൾ കൂടുതൽ ഉൾക്കൊള്ളിക്കണമെന്ന നിർദ്ദേശം നിലവിലിരിക്കെ തനത് ഫണ്ട് ഉപയോഗിച്ച് മാലിന്യസംസ്കരണ പദ്ധതികൾ പൂർത്തിയാക്കണമെന്ന നിർദ്ദേശം തനത് വരുമാനം കുറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം എപ്രകാരം പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ മാലിന്യമുക്തം നവകേരളം പദ്ധതി</u>**

2452 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ആദ്യഘട്ടം പൂർത്തീകരിക്കുന്നതിനായി മണ്ഡലത്തിലെ ഓരോ തദ്ദേശസ്ഥാപനങ്ങളും ഇതിനകം നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ?

**<u>തദ്ദേശ പൊതുസർവ്വീസ് -ഉദ്യോഗസ്ഥരുടെ പുനഃക്രമീകരണം</u>**

2453 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവ്വീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണം പുനഃക്രമീകരിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ സ്ഥാപനങ്ങളിലെ ഫയലുകളിൽ അതിവേഗം തീർപ്പുകൽപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>**

2454 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതൊക്കെയാണെന്നും അവ ഓരോന്നും വാങ്ങുന്നവരുടെ എണ്ണം എത്രയാണെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ പൊതു വകുപ്പ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്</u>**

2455 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണത്തെ തുടർന്ന് നഗരസഭകളിൽ നിന്ന് ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വകുപ്പിന് കീഴിലെ മറ്റ് ഓഫീസുകളിലേക്കും സ്ഥലംമാറ്റപ്പെട്ട ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ, എൻ.ആർ.എ./താൽകാലിക വായ്പ എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ പൊതു വകുപ്പിൽ നിന്നും ഇതര വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ അന്യത്ര സേവനമനുഷ്ഠിക്കുന്ന നഗരസഭ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ, എൻ.ആർ.എ./താൽക്കാലിക വായ്പ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

**<u>സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടത്തിന് ഒക്കുപ്പൻസിയും നമ്പരും</u>**

2456 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയപുരം രൂപതാ മെത്രാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിയിൽ, ഇടുക്കി ജില്ലയിൽ ഏലപ്പാറ വില്ലേജിൽ പീരുമേട് ഗ്രാമ പഞ്ചായത്തിൽ സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കാൻ അനുമതി നേടി നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ഒക്കുപ്പൻസിയും നമ്പരും ലഭിക്കുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബിഷപ്പ് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ്</u>**

2457 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് കാരണം വികസന പ്രവർത്തനങ്ങൾക്കും കെട്ടിട നിർമ്മാണ അനുമതി ഉൾപ്പെടെയുള്ള സേവനങ്ങൾക്കും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ നഗരസഭയിലും പാട്യം, കുന്നോത്തുപറമ്പ്, തൃപ്രങ്ങോട്ടൂർ പഞ്ചായത്തുകളിലും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് നികത്തുന്നതിന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സമയബന്ധിതമായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

## ഹരിതകർമ്മ സേന

2458 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകർമ്മ സേനയിൽ നിലവിൽ ഒരു വാർഡിൽ എത്ര അംഗങ്ങൾ എന്ന നിലയിലാണ് എണ്ണം നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) നിലവിലെ ജോലികൾ നിർവ്വഹിക്കുന്നതിന് ഇപ്പോഴുള്ള അംഗസംഖ്യ പര്യാപ്തമാണോ;

(സി) ഹരിതകർമ്മ സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ സംവിധാനങ്ങളുടെ ഏകോപനം

2459 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയായോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇന്റഗ്രേഷൻ നടപടികൾ മൂലം ജീവനക്കാർക്ക് എന്തെങ്കിലും പ്രയാസങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരെ സ്പാർക്ക് സംവിധാനത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## തെരുവുനായശല്യം

2460 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നിലവിലെ നിയമ വ്യവസ്ഥകൾ ഫലപ്രദമല്ല

എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പൊതുസ്ഥലങ്ങളിൽ അറവ് മാലിന്യങ്ങളും ഭക്ഷണപദാർത്ഥങ്ങളും ഉപേക്ഷിക്കുന്നത് തെരുവു നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതിനും അവ അക്രമകാരികളായി മാറുന്നതിനും ഇടയാക്കുന്നതിനാൽ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നതു തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ആലപ്പുഴ മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ സേവിംഗ്സ് തുക**

2461 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുൻ വർഷങ്ങളിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന വിവരം തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**ആലപ്പുഴ മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

2462 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, ജനറൽ വിഭാഗത്തിൽ നാളിതുവരെ അനുവദിച്ച വീടുകളുടെ എണ്ണം എത്രയാണെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതി മുഖേന ഫ്ലാറ്റ് നിർമ്മാണം നടക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ നിന്നുള്ള വീടുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലെന്നും ഓരോ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ എത്ര പേരുടെ പട്ടിക ഉണ്ടെന്നും വ്യക്തമാക്കാമോ?

**കോഴിക്കോട് ജില്ലയിലെ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ**

2463 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ചിക്കന്റെ എത്ര ഔട്ട്ലെറ്റുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്; ജില്ലകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ കേരള ചിക്കൻ ഔട്ട്ലെറ്റുകളിൽ ആവശ്യത്തിനനുസരിച്ച് ഇറച്ചിക്കോഴികളെ യഥാസമയം വിതരണം ചെയ്യാൻ കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോഴിക്കോട് ജില്ലയിൽ എത്ര ഫാമുകളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്; വിശദമാക്കാമോ;

(സി) കേരള ചിക്കൻ ഔട്ട്ലെറ്റുകൾക്ക് ആവശ്യാനുസരണം ഇറച്ചിക്കോഴികൾ

ലഭ്യമാക്കുന്നതിനായി കൂടുതൽ ഫാമുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

**<u>തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾ പരാതി പരിഹാര സംവിധാനം</u>**

2464 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട് പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) നാളിതുവരെ ലഭിച്ച പരാതികളിന്മേൽ പരാതി പരിഹാര സെൽ സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകുമോ?

**<u>തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾക്കുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതി</u>**

2465 **ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾക്കായി ഏർപ്പെടുത്താൻ നിശ്ചയിച്ചിരുന്ന മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ വിശദമാക്കാമോ; നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത ഇൻഷുറൻസ് പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

**<u>തദ്ദേശ സ്വയംഭരണ വകുപ്പിലെ സ്ഥലം മാറ്റം</u>**

2466 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ മൂന്നു വർഷമോ അതിൽ കൂടുതലോ ഒരേ ഓഫീസിൽ ജോലി നോക്കിയിരുന്ന ജീവനക്കാരെ സ്ഥലം മാറ്റിയിരുന്നോ; നഗരകാര്യ വകുപ്പിൽ ഒരേ ഓഫീസിൽ മൂന്നോ അതിൽ കൂടുതലോ വർഷങ്ങളായി ജോലി നോക്കുന്നവർ ഉണ്ടെങ്കിൽ ആയവരുടെ പേര്, തസ്തിക, എത്ര വർഷമായി ഒരേ ഓഫീസിൽ തുടരുന്നു എന്നീ വിവരങ്ങൾ നൽകാമോ; ഇതിൽ മൂന്ന് വർഷത്തിൽ കൂടുതലായി ഒരേ ഓഫീസിൽ തുടരുന്നവരെ ഉടൻ സ്ഥലം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ് ട്രാൻസ്ഫർ അപേക്ഷകളിൽ തിരുവനന്തപുരം ജില്ലയിലേയ്ക്ക് എക്സ്സർവീസ് സീനിയോറിറ്റിയിൽ(ഹെഡ് ക്ളാർക്ക്/റവന്യൂ ഇൻസ്പെക്ടർ) എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; അവർ ആരെല്ലാം; അതിൽ ആർക്കൊക്കെ ട്രാൻസ്ഫർ അനുവദിച്ചു; ഇനി എത്ര എണ്ണം അനുവദിക്കാനുണ്ട്; വിശദമാക്കാമോ;

(സി) അനുവദിക്കപ്പെടാൻ ബാക്കി ഉള്ള അപേക്ഷകളിൽ ശാരീരിക അവശതകൾ കാരണം സേവനത്തിനിടയിൽ പെൻഷൻ പറ്റി പിരിഞ്ഞ വിമുക്ത ഭടൻമാരായവർ പ്രസ്തുത വിവരം കാണിച്ച് അപ്പീൽ അപേക്ഷ നല്കിയിട്ടും പരിഗണിയ്ക്കപ്പെടാതെയുള്ള എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം

2467 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരിൽ നിലവിൽ സ്ട്രക്ചറൽ, ട്രാൻസ്പോർട്ടേഷണൽ, എൻവയോൺമെന്റൽ, ജിയോടെക് എന്നീ വിഷയങ്ങളിൽ എം.ടെക്. യോഗ്യത ഉള്ള ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) എഞ്ചിനീയറിംഗ് വിഭാഗത്തിൽ മിനിസ്റ്റീരിയൽ സ്റ്റാഫ് ഒഴികെ ഉള്ള ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(സി) ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗ് ഒഴികെ ഉള്ള സാങ്കേതിക വിഷയങ്ങളായ സ്ട്രക്ചറൽ, ട്രാൻസ്പോർട്ടേഷണൽ, എൻവയോൺമെന്റൽ, ജിയോടെക് എന്നീ വിഷയങ്ങളിൽ ഡെപ്യൂട്ടേഷനിൽ എം.ടെക്. ചെയ്യുന്നതിനുള്ള അവസരം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് ഉണ്ടോ;

(ഡി) എം.ടെക് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് സ്പോൺസേഡ് ബൈ പി.ഡബ്ള്യു.ഡി. എന്ന് തിരഞ്ഞെടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുമോ?

## തദ്ദേശ പൊതുസർവ്വീസ്-തസ്തികകളുടെ പുനർനാമകരണം

2468 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവ്വീസ് നടപ്പിലാക്കുന്നതിന് മുമ്പുണ്ടായിരുന്ന ഏതൊക്കെ തസ്തികകളെയാണ് പുനർനാമകരണം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ പുനർനാമകരണം ചെയ്തതിനൊപ്പം അവയ്ക്ക് ശമ്പളവർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികൾ

2469 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെയുള്ള ബജറ്റുകളിൽ 20% ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ ആലത്തൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

2470 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ചാത്തന്നൂർ മണ്ഡലത്തിലെ 6 ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗരസഭയിലുമായി പട്ടികജാതി, പട്ടികവർഗ ,

ജനറൽ വിഭാഗങ്ങൾക്ക് നാളിതുവരെ അനുവദിച്ച വീടുകളുടെ എണ്ണം എത്രയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പഞ്ചായത്തിലും നഗരസഭയിലും പൂർത്തിയായിട്ടുള്ളതും പൂർത്തിയാക്കാനുള്ളതുമായ വീടുകൾ എത്രയെന്ന വിവരം പട്ടികജാതി, പട്ടികവർഗ, ജനറൽ വിഭാഗങ്ങൾ തിരിച്ച് നൽകാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ വീടും സ്ഥലവും ഇല്ലാത്ത പട്ടികജാതി, പട്ടികവർഗ, ജനറൽ വിഭാഗങ്ങളിൽപ്പെട്ട എത്രപേർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം നിലവിൽ സ്ഥലവും വീടും അനുവദിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകളും നഗരസഭയും തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

## കലഞ്ഞൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

2471 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംസ്ഥാന ബജറ്റിൽ മൂന്നു കോടി രൂപ വകയിരുത്തി അനുവദിച്ച കലഞ്ഞൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ ജനകീയഹോട്ടലുകൾക്കുള്ള സബ്സിഡി കുടിശ്ശിക

2472 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ സബ്സിഡി സമയബന്ധിതമായി ലഭിക്കാത്തതു മൂലം എത്ര ജനകീയ ഹോട്ടലുകൾ പൂട്ടിപ്പോയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) മലപ്പുറം മണ്ഡലത്തിൽ നിലവിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് നഗരസഭ/പഞ്ചായത്ത് തലത്തിൽ വ്യക്തമാക്കാമോ;

(സി) ഓരോ ജനകീയ ഹോട്ടലിനും സബ്സിഡി ഇനത്തിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്നും തുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## ഭവന നിർമ്മാണത്തിലെ ആഡംബരങ്ങൾ

2473 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണത്തിലെ ആഡംബരങ്ങൾ നിയന്ത്രിക്കുന്നതിനായി നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

2474 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം നിലവിൽ എത്ര

അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ;

(ബി) അതിൽ എത്ര അപേക്ഷകരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) അതിൽ എഗ്രിമെന്റ് വെച്ചത് എത്ര അപേക്ഷകരാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ബാക്കിയുള്ളവർ എഗ്രിമെന്റ് വെയ്ക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഇ) എഗ്രിമെന്റ് വയ്ക്കാൻ ബാക്കിയുള്ളവരുടെ നടപടികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ;

(എഫ്) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ലൈഫ് പദ്ധതി

2475 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെയായി എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്തവ എത്രയെന്നും അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കുമോ?

## കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ

2476 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ 01/01/2020 മുതൽ നാളിതുവരെ സേവനമനുഷ്ഠിച്ചിട്ടുള്ള പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നിവർ ആരെല്ലാമെന്നും അവർ പ്രസ്തുത പഞ്ചായത്തിൽ ജോലിചെയ്ത കാലയളവും വ്യക്തമാക്കാമോ?

## വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണത്തിന് പ്രത്യേക അനുമതി

2477 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമം രൂക്ഷമായ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലയോര ഗ്രാമങ്ങളിൽ ഉൾപ്പെടെ 2023-ൽ അനുവദനീയമായതിൽ കൂടുതൽ തുക കുടിവെള്ള വിതരണത്തിന് ചെലവഴിക്കേണ്ടിവന്ന സാഹചര്യത്തിൽ, 2023 മെയ് 31 വരെ കൂടുതൽ തുക ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുമതിക്കായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രത്യേക അനുമതി നൽകുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## പള്ളിക്കത്തോട് ട്രഷറി കെട്ടിടത്തിനുള്ള സ്ഥലം

2478 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് കോട്ടയം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ 2022 നവംബർ 2 ലെ ഡി12-3796-2018 നമ്പർ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ?

## തൃശ്ശൂർ ജില്ലയിലെ മേച്ചിൽപ്പുറ നിവാസികൾക്ക് പട്ടയം

2479 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ മേച്ചിൽപ്പുറ നിവാസികളായ പന്ത്രണ്ട് കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) മരാശ്ശാരി വീട്ടിൽ സത്യൻ ഭാര്യ രമണി, ആലപ്പാട്ട് തോട്ട്യാൻ മാണി മകൻ ജോർജ്ജ് എന്നിവരുൾപ്പെടെയുള്ള 12 അപേക്ഷകർക്ക് പട്ടയം അനുവദിച്ചുനൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## മലപ്പുറം ജില്ലാ പഞ്ചായത്ത് പദ്ധതികൾ

2480 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ പഞ്ചായത്ത് സുവർണ ജൂബിലിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി 2019-20 പ്രകാരം നിലമ്പൂർ മണ്ഡലത്തിലെ മൂത്തേടം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഉച്ചക്കുളം പുനരുദ്ധാരണ പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും നിർവ്വഹണ ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് കൈമാറിയ തുക എത്രയെന്നും അറിയിക്കാമോ;

(ബി) മേൽ പദ്ധതിയുടെ പ്ലാൻ, എസ്റ്റിമേറ്റ്, ഫണ്ട് കൈമാറും മുമ്പ് പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സംഘടനയ്ക്ക് സർക്കാർ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവുകളുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) മലപ്പുറം ജില്ലാ പഞ്ചായത്ത് ഓഫീസിനു കീഴിൽ 2020 ജനുവരി 1 മുതൽ 2024 ജനുവരി 31 വരെ നിയമനം നൽകിയ താത്കാലിക ജീവനക്കാരുടെ പേര്, വിലാസം, തസ്തിക, ഓരോരുത്തരുടെയും ദിവസ/പ്രതിമാസ വേതനം,

ഓരോരുത്തരും എന്ന് മുതൽ ജോലിയിൽ പ്രവേശിച്ചു എന്നീ വിവരങ്ങൾ അറിയിക്കുമോ;

(ഇ) മലപ്പുറം ജില്ലാ പഞ്ചായത്ത് 2019-20 മുതൽ ഓരോ സാമ്പത്തിക വർഷത്തിലും തങ്ങളുടെ പബ്ലിക് റിലേഷൻ വർക്കുകളുടെ പ്രവർത്തനച്ചുമതല ഏതെങ്കിലും ഏജൻസികൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഏജൻസികളുടെ പേര്, ഉടമകളുടെ പേരും വിലാസവും ഏജൻസികളുമായി ഓരോ വർഷവും ജില്ലാ പഞ്ചായത്ത് ഒപ്പുവെച്ച കരാറുകളുടെ പകർപ്പുകൾ, ഓരോ വർഷവും കൈമാറിയ തുകകൾ, നടപ്പാക്കിയ പ്രധാന പബ്ലിക് റിലേഷൻ വർക്കുകൾ എന്നീ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

## കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷി സൗഹൃദ പാർക്ക്

2481 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സൗഹൃദ പാർക്കിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ സ്ഥലം സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി സാമൂഹ്യനീതി ഡയറക്ടേറ്റിൽ നിന്നും കാട്ടാക്കട ഗ്രാമപഞ്ചായത്തിനോട് 2023 സെപ്തംബർ 10ന് റിപ്പോർട്ട് ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങളും തുടർനടപടികളും വ്യക്തമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ഒഴിവുകൾ

2482 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ റവന്യൂ റിക്കവറി

2483 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ പാറ്റുരേത്ത് കോളനി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ബെനിഫിഷ്യറി കമ്മിറ്റിയിൽ ഉൾപ്പെട്ട 9 പേരുടെ പേരിലുള്ള വസ്തുക്കളിന്മേൽ റവന്യൂ റിക്കവറി നടപടികൾ തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും ഇരുപത് വർഷത്തിന് മുമ്പ് നടന്ന പ്രവൃത്തിയുടെ ബെനിഫിഷ്യറി കമ്മിറ്റിയിൽ ഉൾപ്പെട്ടവരുടെ ഭൂമി ക്രയം

ചെയ്യുന്നതിനോ വീട് വയ്ക്കുന്നതിനോ കഴിയാനാകാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് നവകേരള സദസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് തീരുമാനമെടുത്തുവെന്ന് വിശദമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിൽ കാട്ടുപന്നികളുടെ ആക്രമണം

2484 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ, താമരക്കുളം, വള്ളികുന്നം, നൂറനാട് ഗ്രാമപഞ്ചായത്തുകളിൽ കാട്ടുപന്നികളുടെ ആക്രമണം അതീവ രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിൽ കാട്ടുപന്നികളുടെ ആക്രമണം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) കാട്ടുപന്നികളുടെ ആക്രമണത്തിൽ നിന്നും പ്രദേശവാസികളെയും കൃഷിയെയും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

## പുനലൂർ നഗരസഭയുടെ ഭൂമി വിട്ടുനൽകുന്നതിനുള്ള അനുമതി

2485 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭ തനത് ഫണ്ട് ഉപയോഗിച്ച് സ്വന്തം നിലയിൽ ആർജ്ജിച്ച ഭൂമി വിവിധ സർക്കാർ പദ്ധതികൾക്ക് വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പിന്തുടരുന്ന നടപടിക്രമങ്ങൾ/ചട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പുനലൂരിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനത് കാർഷിക, മലഞ്ചരക്ക് വിഭവങ്ങളും എൻ.എഫ്.എസ്.എ.യുടെ ഭക്ഷ്യധാന്യങ്ങളും കാർഷിക വ്യാവസായിക ഉൽപ്പന്നങ്ങളും സംഭരിയ്ക്കുന്നതിനായി സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഒരു ഗോഡൗൺ പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി 2021 ജൂൺ മാസത്തിൽ നല്കിയ അപേക്ഷയിൽ രണ്ട് വർഷത്തിലധികമായിട്ടും തീരുമാനം എടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷ സർക്കാരിനു ലഭിച്ച തീയതിയും ആയതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ഡി) കർഷകർക്ക് ഗുണകരമാകുന്ന നിലയിൽ പ്രാദേശിക വിഭവങ്ങളുടെ സംഭരണകേന്ദ്രവും നഗരസഭയ്ക്ക് വരുമാനവും ലഭിക്കുന്ന പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനമെടുക്കാത്തതുമൂലം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഈ ആവശ്യത്തിലേക്കായി ഭൂമി വിട്ടുനൽകുന്നതിനുള്ള അനുവാദം എപ്പോൾ നൽകാനാകുമെന്ന് വിശദമാക്കാമോ?

## ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ അമൃത് കുടിവെള്ള പദ്ധതി

2486 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## മുക്കം നഗരസഭ ഓഫീസ് നിർമ്മാണത്തിന് ധനസഹായം

2487 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച മുക്കം നഗരസഭയ്ക്ക് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## നെയ്യാറ്റിൻകര ആറാലുംമൂട് മാർക്കറ്റിലെ നിർമ്മാണ പ്രവർത്തനങ്ങൾ

2488 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ബി) മാർക്കറ്റിലെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## ബ്രഹ്മപുരം ബയോ മൈനിംഗ് പദ്ധതി

2489 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ മുനിസിപ്പൽ കോർപറേഷൻ ബ്രഹ്മപുരം ബയോ മൈനിംഗ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നഗരസഭ കമ്പനിയുമായി എഗ്രിമെന്റ് വച്ച ദിവസവും കമ്പനിക്ക് വർക്ക് ഓർഡർ നൽകിയ ദിവസവും ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പനി ബയോമൈനിംഗിന്റെ ഇംപ്ലിമെന്റേഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എഗ്രിമെന്റ് വ്യവസ്ഥയിൽ നിന്നും ഇംപ്ലിമെന്റേഷൻ പ്ലാനിൽ എന്തെങ്കിലും വ്യത്യാസങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) നഗരസഭ കൗൺസിലിന്റെ അംഗീകാരം വാങ്ങാതെ എന്തെങ്കിലും പ്രവർത്തനങ്ങൾ ബ്രഹ്മപുരത്ത് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## തൃശ്ശൂർ കിഴക്കേക്കോട്ട ഫ്ലൈ ഓവറിന്റെ നിർമ്മാണ പുരോഗതി

2490 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം,

എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ തുക അനുവദിച്ച തൃശ്ശൂർ കിഴക്കേക്കോട്ട ഫ്ലൈ ഓവറിന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**കണ്ടിൻജന്റ് ജീവനക്കാരെ പൊതു സർവീസിൽ ഉൾപ്പെടുത്താൻ നടപടി**

2491 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിലെ ശുചീകരണ വിഭാഗമായ കണ്ടിൻജന്റ് ജീവനക്കാരെ തദ്ദേശ സ്വയംഭരണ പൊതു സർവീസിൽ ഉൾപ്പെടുത്തി ആരംഭഘട്ടത്തിൽ കരട് ലിസ്റ്റ് ഇറക്കുകയും എന്നാൽ അന്തിമ വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കപ്പെട്ടതുമായ സ്ഥിതി ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ പൊതു സർവീസിൽ നിന്നും ഒഴിവാക്കി ഇവർക്ക് മാത്രമായി ഒരു സർവീസ് റൂൾ നടപ്പിലാക്കിയാൽ ഒരേ സ്ഥാപനത്തിൽ രണ്ട് തരം ജീവനക്കാരെ സൃഷ്ടിക്കുമെന്നതും ഇവർക്ക് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ കഴിയാതെ വരുമെന്നതും ഗൗരവമായി കാണുന്നുണ്ടോ;

(സി) എങ്കിൽ കണ്ടിൻജന്റ് ജീവനക്കാരെ തദ്ദേശ സ്വയംഭരണ പൊതു സർവീസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കെ-സ്മാർട്ട് മുഖേന കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സേവനങ്ങൾ**

2492 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സേവനങ്ങൾ കെ-സ്മാർട്ട് മുഖേന നൽകുന്നതിന് എത്ര മൊഡ്യൂളുകൾ ആവശ്യമുണ്ട്; നിലവിൽ എത്ര മൊഡ്യൂളുകൾ പ്രവർത്തിക്കുന്നുണ്ട്; കൗൺസിൽ അംഗങ്ങൾക്ക് ആശയവിനിമയം നടത്തുന്നതിന് കെ-സ്മാർട്ടിൽ പ്രത്യേക സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ കെ-സ്മാർട്ട് മുഖേന ബിൽഡിംഗ് പെർമിറ്റ്, ഒക്യുപെൻസി സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ എന്നിവ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അവ ഓരോന്നും എത്രവീതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) നഗരസഭയുടെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള എല്ലാം കെട്ടിടങ്ങളുടെയും ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുള്ളതാണോ; ഇല്ലെങ്കിൽ ഇനി എത്ര എണ്ണം പൂർത്തീകരിക്കാൻ ഉണ്ട്; കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിക്കാതെ ഇ-ഗവേണൻസ് പൂർണ്ണതോതിൽ നടപ്പിലാക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഭാഗികമായി ഓഫ്‌ലൈൻ സംവിധാനം നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) 2011 വരെയുള്ള ജനന മരണ രേഖകൾ കെ-സ്മാർട്ട് വഴി കൃത്യമായി നൽകാൻ കഴിയുന്നുണ്ടോ; ടി.സി.എസ്സ്.-ൽ നിന്നുള്ള ഡാറ്റ പൂർണ്ണമായും കെ-സ്മാർട്ട്-ൽ അപ്‌ലോഡ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് എത്ര കാലതാമസം ഉണ്ടാകുമെന്ന് അറിയിക്കാമോ;

(ഇ) നഗരസഭയിലെ ജീവനക്കാർക്ക് കെ-സ്മാർട്ട്-ൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ജീവനക്കാർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## വേങ്ങേരി സ്റ്റേഡിയം നിർമ്മാണം

2493 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 വർഷത്തെ ബഡ്ജറ്റിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വേങ്ങേരി സ്റ്റേഡിയം നിർമ്മാണത്തിന് 75 ലക്ഷം രൂപ വകയിരുത്തിയത് പ്രകാരം തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ചക്കുംപുറം-മണിമല-അത്താണിമൊക്ക് റോഡ്

2494 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെടുത്തിയ ചക്കുംപുറം-മണിമല-അത്താണിമൊക്ക് റോഡ് (ഒരു കോടി രൂപ) നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## തരൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റ വാതക ശ്മശാനം

2495 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ 1 കോടി രൂപ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റ വാതക ശ്മശാനത്തിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## രാസലഹരികളുടെ കടത്തു തടയുന്നതിന് നടപടി

2496 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് എം.ഡി.എം.എ ഉൾപ്പെടെയുള്ള രാസ ലഹരികൾ നിർബാധം കടത്തിക്കൊണ്ടുവരുന്നത് തടയുവാൻ എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സർക്കാർ കൂടുതൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടും രാസ ലഹരിയുടെ ഉപഭോഗം വർദ്ധിച്ചു വരുന്നതിന്റെ കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## മദ്യവർജ്ജന നയം

2497 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. പി. ജെ. ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച മദ്യവർജ്ജന നയത്തിന് തികച്ചും വിരുദ്ധമായ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിമുക്തി പദ്ധതിക്കായി നീക്കിവച്ച തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കൂടുതൽ മദ്യശാലകൾ ആരംഭിക്കുന്ന സാഹചര്യത്തിൽ വിമുക്തി, മദ്യവർജ്ജനം തുടങ്ങിയ പ്രഖ്യാപിത ലക്ഷ്യങ്ങൾ എപ്രകാരം കൈവരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>വെള്ളരിക്കുണ്ട് എക്സൈസ് റയിഞ്ച് ഓഫീസ്</u>

2498 **ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് എക്സൈസ് റയിഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

## <u>വിമുക്തിമിഷൻ ബോധവത്കരണ ക്ലാസ്സുകൾ</u>

2499 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ലഹരിവർജ്ജന മിഷനായ വിമുക്തിയിൽ ബോധവത്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്തു വരുന്ന എക്സൈസ് ഉദ്യോഗസ്ഥർ ആരുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് എന്നറിയിക്കാമോ;

(ബി) വിമുക്തിമിഷൻ ജില്ലാ ഓഫീസറുടെ ഓഫീസിൽ നിന്നും ആണോ ബോധവത്കരണ ക്ലാസ്സുകൾ എടുക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് എന്നറിയിക്കാമോ;

(സി) ഓരോ ജില്ലയിലും ബോധവത്കരണ ക്ലാസ്സുകൾ എടുക്കുന്ന ഉദ്യോഗസ്ഥരുടെ പാനൽ രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ബോധവത്കരണ ക്ലാസ്സുകൾ എടുക്കുന്ന ഉദ്യോഗസ്ഥർ വിമുക്തി മിഷൻ ജില്ലാ ഓഫീസിന്റെ അനുമതിയില്ലാതെ ബോധവത്കരണ ക്ലാസ്സ് എടുക്കുകയും, ക്ലാസ്സിന്റെ വീഡിയോകളും ചിത്രങ്ങളും വകുപ്പിന്റെ ഔദ്യോഗിക പേജിൽ അല്ലാതെ സോഷ്യൽ മീഡിയയിലും മറ്റും പ്രചരിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) വിമുക്തി മിഷനിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിച്ച ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ടോ എന്നറിയിക്കാമോ;

(എഫ്) വിമുക്തി മിഷനിൽ ബോധവത്ക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വിമുക്തി മിഷൻ ജില്ലാ ഓഫീസ് മുഖാന്തിരം പ്രസ്തുത വിഷയത്തിൽ അറിവും പ്രാഗത്ഭ്യവും ഉള്ള വ്യക്തികളെ നിയോഗിക്കുവാൻ പദ്ധതി തയ്യാറാക്കാമോ; വ്യക്തമാക്കുമോ?

**ചങ്ങനാശേരി എക്സൈസ് റേഞ്ച് വിഭജിക്കൽ**

2500 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തനപരിധി ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിലാണെന്നും അവയുടെ പട്ടികയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റേഞ്ച് ഓഫീസിന്റെ പരിധിയിൽ എത്ര ബാർ ഹോട്ടലുകൾ, ബീയർ പാർലറുകൾ, കള്ള് ഷാപ്പുകൾ, ബെവ്കോ ഔട്ട്ലെറ്റുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ജോലിഭാരം കണക്കിലെടുത്ത് വാഴൂർ കേന്ദ്രീകരിച്ച് കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ, വെള്ളാവൂർ, വാഴൂർ ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി പുതിയ റേഞ്ച് ഓഫീസ് വാഴൂർ സിവിൽ സ്റ്റേഷനിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**വ്യാജമദ്യ നിർമ്മാണം തടയാൻ നടപടി**

2501 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിനായി സ്വീകരിച്ച പൊതുവായ നടപടികൾ വ്യക്തമാക്കാമോ;

(ബി) ഉത്സവങ്ങൾ അടുത്തുവരുന്ന സാഹചര്യത്തിൽ വ്യാജമദ്യ നിർമ്മാണവും വിതരണവും വർദ്ധിക്കാൻ സാധ്യതയുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ഇത് തടയുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിശദീകരിക്കാമോ?

**വിദേശമദ്യ ലൈസൻസ് കൈമാറ്റം**

2502 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമൂലം സർക്കാരിന് ഉണ്ടായ വരുമാനനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കേരള എക്സൈസ് മാന്വൽ വാല്യം II അദ്ധ്യായം 19-ലെ ഖണ്ഡിക 18 പ്രകാരം ലൈസൻസുകൾ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന ചട്ടം ലംഘിക്കുന്നവർക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഇത്തരം പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനായി എന്തെല്ലാം

നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## എക്സൈസ് ഇൻസ്പെക്ടർമാരുടെ നിയമനം

2503 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുവാനുള്ള നടപടികൾ സ്വീകരിക്കാനാവശ്യമായ അംഗബലം നിലവിൽ എക്സൈസ് സേനയ്ക്കുണ്ടോ;

(ബി) നേരിട്ടുള്ള നിയമനത്തിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെങ്ത് എത്രയാണ് എന്ന് വ്യക്തമാക്കാമോ; അതിൽ നിലവിൽ എത്ര എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ട്; വിശദമാക്കാമോ;

(സി) നേരിട്ടുള്ള നിയമനത്തിലൂടെ നികത്തേണ്ട എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്ത് കൂടുതൽ യുവതി യുവാക്കളെ എക്സൈസ് സേനയിലേക്ക് നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 14.08.2023 ലെ നികുതി (എഫ്) വകുപ്പിന്റെ, നികുതി-എഫ് 1/47/2023-നികുതി നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിൽ പരാമർശിച്ചിരിക്കുന്ന തരത്തിൽ താത്കാലിക സ്ഥാനക്കയറ്റം ക്രമീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നിടത്തോളം കാലം പി.എസ്.സി വഴി എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനം അനിശ്ചിത കാലത്തേക്ക് നീളുന്ന സ്ഥിതി ഉണ്ടോ; വ്യക്തമാക്കാമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ സ്വരക്ഷ ക്ലബ്ബുകൾ

2504 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിലെ സ്വരക്ഷ ക്ലബ്ബുകളിൽ എക്സൈസ് വകുപ്പിന്റെ സജീവ സാന്നിധ്യം ഉറപ്പു വരുത്തുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക വേണ്ടി വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവർത്തന പദ്ധതികൾ നിരന്തരം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 04-02-2024
ഷാജി സി. ബേബി,
സെക്രട്ടറി ഇൻ ചാർജ്

---

__പ്രത്യേക ശ്രദ്ധയ്ക്ക്:__ നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].